ദീപനാളം
സത്യപ്രകാശമേ നയിച്ചാലും
ESTD-1968
കലാസാംസ്കാരിക ദേശീയവാരിക
2021 ജൂൺ 24 | ദീപം 54 | നാളം 12 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

## ജി 7 ഉച്ചകോടി

# ഭീകരവിരുദ്ധപോരാട്ടം ഒരു തുടർക്കഥയോ?





ലോകരാജ്യങ്ങളെയെല്ലാം പിടിച്ചുകുലുക്കിയ കൊവിഡ് മഹാമാരി പുതിയ വെല്ലുവിളികളും വ്യതിയാനങ്ങളും പ്രതിസന്ധികളും അവസരങ്ങളും സൃഷ്ടിച്ചിരിക്കുകയാണ്. കൊവിഡ് വ്യാപനത്തിൽ ചൈനയെ സംശയത്തോടെ കാണുന്നതിലെ കൂടുതൽ വസ്തുതകൾ പുറത്തുവരാനിരിക്കുന്നതേയുള്ളൂ.

അമേരിക്കയും യുഎസ്എസ്ആറും ഇരുചേരികളിലായി ലോകരാജ്യങ്ങളെ നിയന്ത്രിച്ചിരുന്ന കാലം പഴങ്കഥയായി. അമേരിക്കയും ചൈനയുമാണ് ഇപ്പോൾ ലോകപോലീസ് കളിക്കുന്നത്. റഷ്യ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങൾ തങ്ങളുടെ പ്രസക്തി ബോധ്യപ്പെടുത്താനുള്ള മത്സരത്തിലുമാണ്. സമ്പന്നരാജ്യങ്ങളുടെ ഗ്രൂപ്പ് ഓഫ് സെവൻ (ജി-7) ഉച്ചകോടി അടക്കമുള്ള പ്രധാന ഗ്രൂപ്പുകളും ലോകഗതി തീരുമാനിക്കുന്നതിനെ വളരെയേറെ സ്വാധീനിക്കും.

### ചൈനയെ നേരിടാനും റഷ്യ വേണ്ട

അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ജപ്പാൻ, കാനഡ, ഇറ്റലി എന്നീ രാജ്യങ്ങളുടെ കൂട്ടായ്മയാണ് ജി-7. ചൈനയുടെ മേധാവിത്വം നേരിടുന്നതിൽ ഏഴംഗ ഗ്രൂപ്പിനു കാര്യമായ പ്രസക്തിയുണ്ട്. റഷ്യയെക്കൂടി ഉൾപ്പെടുത്തി ജി-8 ആക്കണമെന്ന നിർദേശം 2014 മുതൽ ചർച്ച ചെയ്തെങ്കിലും ബ്രിട്ടൻ, കാനഡ തുടങ്ങിയവരുടെ എതിർപ്പിനെത്തുടർന്ന് യാഥാർത്ഥ്യമായിട്ടില്ല. റഷ്യയെ ക്ഷണിക്കുന്നതിനെ വീറ്റോ ചെയ്യുമെന്നുവരെ ഇരുരാജ്യങ്ങളും ഭീഷണി മുഴക്കിയിരുന്നു.

പ്രത്യേക ക്ഷണിതാക്കളായ ഇന്ത്യയും ഓസ്ട്രേലിയയുംപോലെയുള്ള രാജ്യങ്ങൾക്കു ചൈനയാണു മുഖ്യഭീഷണി. ബ്രിട്ടണിലെ കോൺവാളിലുള്ള കാർബിസ് ബേയിൽ കഴിഞ്ഞ ദിവസം സമാപിച്ച 47-ാമത് ജി-7 ഉച്ചകോടി ലോകത്തിനു വലിയ പ്രതീക്ഷകളും വെല്ലുവിളികളും നൽകുന്നു. കൊവിഡിനെത്തുടർന്ന് 2020 ലെ ജി-7 ഉച്ചകോടി റദ്ദാക്കിയിരുന്നു. കൊവിഡ് ഭീഷണി തുടരുന്നതിനിടെ ജൂൺ 11 വെള്ളിയാഴ്ച തുടങ്ങിയ ത്രിദിന ഉച്ചകോടിസമ്മേളനത്തിന്റെ പ്രസക്തി കൂടിയതും സ്വാഭാവികം.

ജി-7 ഉച്ചകോടിയിൽ ക്ഷണിതാവായിട്ടും ഇത്തവണ നേരിട്ടു പങ്കെടുക്കാൻ കഴിയാതെപോയ ഏക രാഷ്ട്രത്തലവനാണ് നരേന്ദ്ര മോദി. ഇന്ത്യയിലെ കൊവിഡ് സ്ഥിതി വഷളായതാണു കാര്യം. വീഡിയോ കോൺഫറൻസിലൂടെ പക്ഷേ, മോദി പങ്കെടുത്തു. ഔട്ട്റീച്ച് രാഷ്ട്രങ്ങളായി ക്ഷണിക്കപ്പെട്ട ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ, ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ രാമഫോസ, ദക്ഷിണ കൊറിയൻ പ്രസിഡന്റ് മൂൺ ജേയിൻ എന്നിവർ ഉച്ചകോടിക്കായി ബ്രിട്ടണിലെത്തി.

ജി-7 നേതാക്കളായ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ, ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മക്രോൺ, ജർമൻ ചാൻസലർ ഏഞ്ചല മെർക്കൽ, ഇറ്റാലിയൻ പ്രധാനമന്ത്രി മാരിയോ ദ്രഖി, കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ എന്നിവരും ജി-ഏഴിന്റെ ഭാഗമായ യൂറോപ്യൻ യൂണിയൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൻ ദേർ ലെയേണും ഇ.യു. കൗൺസിൽ പ്രസിഡന്റ് ചാൾസ് മൈക്കിളും ഉച്ചകോടിയിൽ സജീവമായി പങ്കെടുത്തു.

### ദരിദ്രർക്ക് വൈകി ചില്ലറ സഹായം

ദരിദ്രരാജ്യങ്ങൾക്ക് ഒരു ബില്യൺ (നൂറു കോടി) കൊവിഡ്-19 വാക്സിൻ ഡോസുകൾ നല്കുമെന്നും കാലാവസ്ഥാവ്യതിയാനത്തിനെതിരേ പോരാടുമെന്നും വികസ്വരരാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥ വളർത്താൻ സഹായിക്കുമെന്നുമാണ് 2021 ലെ ജി-7 ഉച്ചകോടിയുടെ പ്രധാന പ്രഖ്യാപനങ്ങൾ. കൊവിഡ് മഹാവിപത്തിനെതിരേ ലോകം ഒന്നിച്ചു പോരാടി ജയിക്കണമെന്ന ആഹ്വാനവും ഉച്ചകോടി നടത്തി. കൊവിഡ് വാക്സിനുകളുടെ പേറ്റന്റ് ഉപേക്ഷിക്കണമെന്ന പ്രധാനമന്ത്രി മോദിയുടെ ആവശ്യത്തിനും ലോകമുതലാളിമാർ വഴങ്ങിയിട്ടില്ല.

ചൈനയുടെ വിപണനേതര സാമ്പത്തികരീതികളെ വെല്ലുവിളിക്കാനും സിൻജിയാങ്ങിലെയും ഹോങ്കോങ്ങിലെയും മനുഷ്യാവകാശലംഘനങ്ങൾക്കു ബെയ്ജിങ്ങിനെ പ്രതിഷേധം അറിയിക്കാനും നേതാക്കൾ തീരുമാനിച്ചു. എന്നാൽ, ചെറുഗ്രൂപ്പുകളുടെ കാലം കഴിഞ്ഞെന്ന തിരിച്ചടിയിലൂടെയാണ് ചൈന ഇതിനോടു പ്രതികരിച്ചത്.

നികുതിവെട്ടിപ്പിനായി കോർപ്പറേറ്റ് കുത്തകകൾ നികുതിതാവളങ്ങളായി ചില രാജ്യങ്ങളെ ഉപയോഗിക്കുന്നതു തടയുന്നതിനായി വൻകിട ബഹുരാഷ്ട്രക്കമ്പനികൾക്കു കുറഞ്ഞത് 15 ശതമാനമെങ്കിലും നികുതി നിശ്ചയിക്കണമെന്ന അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ ആവശ്യത്തിനും ഉച്ചകോടി പിന്തുണ നൽകി.

സ്വേച്ഛാധിപത്യത്തിനും തീവ്രവാദത്തിനുമെതിരേ ലോകത്തിന്റെ യോജിച്ചുള്ള പോരാട്ടത്തിന് ആഹ്വാനം ചെയ്ത പ്രധാനമന്ത്രി മോദി ജനാധിപത്യവും സ്വാതന്ത്ര്യവും ഇന്ത്യൻ ധാർമികതയുടെ ഭാഗമാണെന്ന് ഉച്ചകോടിയിലെ സമ്മേളനത്തിൽ പ്രസംഗിക്കവേ ഓർമിപ്പിച്ചു. ചൈനയെപ്പോലുള്ള സ്വേച്ഛാധിപത്യ എതിരാളികളെക്കാൾ ദരിദ്രരാജ്യങ്ങൾക്ക് ജി 7 രാജ്യങ്ങൾ സുഹൃത്തുക്കളാണെന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ പറഞ്ഞു.

### വാക്കും പ്രവൃത്തിയും ചേരാതെ മോദി

ഏകാധിപത്യത്തിനെതിരേ മാത്രമല്ല, ജനാധിപത്യം, പൗരസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, മാധ്യമസ്വാതന്ത്ര്യം എന്നിവയ്ക്കായി പ്രധാനമന്ത്രി മോദി വാദിച്ചതാണു ശ്രദ്ധേയമായത്. ജനാധിപത്യമൂല്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഒരു വേദിയാണ് സൈബർസ്പേസ് എന്നും ഇത് അട്ടിമറിക്കരുതെന്നും മോദി പറഞ്ഞു. ജനാധിപത്യത്തെ ബഹുമാനിക്കുന്ന നയം സ്വീകരിക്കണം സൈബർ ഇടങ്ങൾ. സാമൂഹികമാധ്യമങ്ങളുടെ പരിധി ലംഘിക്കൽ നിയന്ത്രിക്കണമെന്നു പറയാനും മോദി മറന്നില്ല. ജനാധിപത്യമര്യാദകളാണ് ഇന്ത്യയുടെ അടിസ്ഥാനം. ജനാധിപത്യവിരുദ്ധമായ ഭരണരീതികളെ പ്രോത്സാഹിപ്പിക്കുന്നതല്ല ഇന്ത്യയുടെ നയം. ജനാധിപത്യവും സ്വാതന്ത്ര്യവുമാണ് ഇന്ത്യ വിലമതിക്കുന്ന പ്രധാന ഘടകങ്ങളെന്നും മോദി വ്യക്തമാക്കി.



ജോർജ് കള്ളിവയലിൽ

മാധ്യമസ്വാതന്ത്ര്യത്തിനെതിരേയും സാമൂഹികമാധ്യമങ്ങളിലടക്കം അഭിപ്രായസ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടുന്നതിനെതിരേയും സ്വന്തം രാജ്യത്തു നടക്കുന്ന വിവാദങ്ങളെക്കുറിച്ചു മൗനം പാലിച്ചുകൊണ്ടായിരുന്നു മോദിയുടെ ലോകത്തോടുള്ള ഉപദേശം. പക്ഷേ, ഇന്ത്യയിലെ സ്ഥിതിയെക്കുറിച്ചായിരുന്നു ജി 7 രാഷ്ട്രനേതാക്കൾക്ക് ആശങ്ക.

### പരിസ്ഥിതിയും ആരോഗ്യവും പ്രധാനം

ആരോഗ്യം, കാലാവസ്ഥാവ്യതിയാനം, സാമ്പത്തികപുനരുദ്ധാരണം തുടങ്ങിയ വെല്ലുവിളികളെ നേരിടാൻ ആഗോള ഐക്യദാർഢ്യത്തിനായി ഇന്ത്യ വാദിച്ചു. പാരീസ് ഉടമ്പടി പൂർണമായും നടപ്പാക്കുമെന്ന് ഉച്ചകോടിയിൽ പ്രധാനമന്ത്രി ഉറപ്പു നൽകി. കാലാവസ്ഥാപരിസ്ഥിതിസംരക്ഷണത്തിനു വികസിതരാജ്യങ്ങൾ ശ്രദ്ധിക്കണം. പരിസ്ഥിതി പൊതുവായതാണെന്ന സങ്കല്പം ലോകരാജ്യങ്ങൾക്കിടയിൽ ഉണ്ടാകണം. കാലാവസ്ഥാസംരക്ഷണത്തിനായി ലോകരാജ്യങ്ങളുടെ കൂട്ടായ്മ വിപുലമാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ആഗോള ഐക്യത്തെക്കുറിച്ചുള്ള പ്രധാനമന്ത്രി മോദിയുടെ സന്ദേശത്തിന് ജി 7 ഉച്ചകോടിയുടെ ഔട്ട്റീച്ച് സെഷനുകളിൽ മികച്ച സ്വീകാര്യത ലഭിച്ചു.

ഭീകരവാദം, അക്രമാസക്തതീവ്രവാദം, തെറ്റായ വിവരങ്ങൾ, സാമ്പത്തികബലാൽക്കാരം എന്നിവയിൽ നിന്നുണ്ടാകുന്ന ഭീഷണികൾ പ്രതിരോധിക്കുന്നതിൽ ജി 7 രാജ്യങ്ങളുടെ സ്വാഭാവികസഖ്യകക്ഷിയാണ് ഇന്ത്യയെന്നും മോദി പറഞ്ഞു. എന്നാൽ, ഭീകരതയ്ക്കും മതമൗലികവാദത്തിനുമെതിരേ കൂടുതൽ ശക്തവും ഏകോപിതവുമായ നടപടികൾ പ്രഖ്യാപിക്കാൻ സമ്പന്നരാഷ്ട്രനേതാക്കൾക്കു കഴിഞ്ഞില്ല. ഭീകരതയും തീവ്രവാദവും വളർത്താൻ പല സമ്പന്നരാജ്യങ്ങളും പിന്നാമ്പുറത്തു കളിക്കുന്നുവെന്നതും ആരോപണം മാത്രമാകില്ല. ■

# സിയാലിന്റെ രാജശില്പി പടിയിറങ്ങുമ്പോൾ



**ബിജോ രാജു ഗ്രേഷ്യസ്**

**നി**ശ്ചയദാർഢ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഇച്ഛാശക്തിയുടെയും ക്രിയാത്മകപാഠങ്ങൾ ലോകത്തിനു പകർന്നുകൊടുത്തുകൊണ്ട്, നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ രാജശില്പി വട്ടവയലിൽ ജോസഫ് കുര്യാച്ചനെന്ന വി.ജെ. കുര്യൻ ഐ.എ.എസ്. തന്റെ ഔദ്യോഗികജീവിതത്തിൽനിന്നു വിരമിച്ചു വിശ്രമത്തിനായി പാലാ ഇടമറ്റത്തെ വീട്ടിലേക്കു മടങ്ങി.

ഒരു തുണ്ടു ഭൂമിപോലും സ്വന്തമായില്ലാതെ, ഒരു രൂപപോലും വകയിരുത്തിക്കിട്ടാതെ നിതാന്തമായ ശൂന്യതയിൽനിന്ന് ഒരു അന്താരാഷ്ട്ര വിമാനത്താവളം പടുത്തുയർത്തുകയെന്ന ബൃഹത്തായ സ്വപ്നപദ്ധതിയാണ് തൊണ്ണൂറുകളുടെ പ്രാരംഭത്തിൽ, ഏറണാകുളം ജില്ലാ കളക്ടറായിരിക്കെ, ദൈവവിശ്വാസിയായ ഈ പാലാക്കാരൻ അച്ചായൻ അന്നത്തെ കേരള മുഖ്യമന്ത്രി കെ. കരുണാകരന്റെ കൈയിൽനിന്ന് ഏറ്റുവാങ്ങിയത്. കേന്ദ്ര/കേരള ബ്യൂറോക്രസിയുടെ തലപ്പത്തു വിരാജിക്കുന്ന മസ്തിഷ്കമല്ലന്മാർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലുള്ള സാധാരണക്കാർവരെ സംശയത്തിന്റെ മുനയിൽ നിർത്തിയ സ്വപ്നപദ്ധതിയെ കർമപഥത്തിലെത്തിക്കാനുള്ള അശ്രാന്തപരിശ്രമത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പോരാട്ടമായിരുന്നു പിന്നീടുള്ള കുര്യൻസാറിന്റെ ജീവിതം.

പാലായിലെ കർഷകഗ്രാമമായ ഇടമറ്റത്ത്, വട്ടവയലിൽ വീട്ടിൽ വി.ജെ. ജോസഫിന്റെയും ഏലിക്കുട്ടി ജോസഫിന്റെയും മകനായി 1957 ഫെബ്രുവരി 23 നാണ് വി.ജെ. കുര്യൻ ജനിച്ചത്. മുൻ വിജിലൻസ് ഡിജിപി ആയിരുന്ന ജോസഫ് തോമസ് ജ്യേഷ്ഠസഹോദരനാണ്. നീലൂർ സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽനിന്ന് പ്രാഥമികവിദ്യാഭ്യാസവും ഡൽഹി സെന്റ് സ്റ്റീഫൻ കോളജിൽനിന്ന് ഇക്കണോമിക്സിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയശേഷമാണ് വി. ജെ. കുര്യൻ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്കു തിരിഞ്ഞത്. 1983 ബാച്ചിലാണ് ഐ.എ.എസ്. പഠനം പൂർത്തിയാക്കുന്നത്. മൂവാറ്റുപുഴ സബ് കളക്ടറായിട്ടായിരുന്നു ഔദ്യോഗികജീവിതാരംഭം. പിന്നീട്, ആലപ്പുഴ ജില്ലാ കളക്ടറായി. 1991 സെപ്റ്റംബറിലാണ് വി. ജെ. കുര്യൻ എറണാകുളം ജില്ലാ കളക്ടറായി ചുമതലയേല്ക്കുന്നത്. പിന്നീടങ്ങോട്ട് വി.ജെ. കുര്യന്റെ ജീവിതത്തിൽ നടന്ന കാര്യങ്ങൾ കേരളചരിത്രത്തിന്റെ ഭാഗംകൂടിയാണ്.

**മധ്യതിരുവിതാംകൂറിലൊരു വിമാനത്താവളം...!**

1991 ൽ മാധവറാവു സിന്ധ്യ സിവിൽ ഏവിയേഷൻ മന്ത്രിയായിരിക്കുമ്പോൾ കൊച്ചിൻ എയർഫോഴ്സ് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ഡൽഹിയിൽ നടന്ന യോഗത്തിൽ കേരള ചീഫ് സെക്രട്ടറിക്കു പകരം വി. ജെ. കുര്യൻ പങ്കെടുത്തു. ആ യോഗത്തിലാണ് മധ്യതിരുവിതാംകൂറിൽ കൊച്ചിക്കു സമീപം ഒരു വിമാനത്താവളമെന്ന ആശയം ഉരുത്തിരിയുന്നത്. ആ യോഗത്തിന്റെ വിശദമായ റിപ്പോർട്ട് അന്നത്തെ കേരള മുഖ്യമന്ത്രി കെ. കരുണാകരനു സമർപ്പിക്കുകയുണ്ടായി. പദ്ധതിയുടെ വിജയത്തെപ്പറ്റി കരുണാകരന് കടുത്ത ആശങ്കയുണ്ടായിരുന്നെങ്കിലും, വി. ജെ കുര്യന്റെ ആത്മവിശ്വാസത്തിന്റെ മുന്നിൽ ശുഭപ്രതീക്ഷയോടെ അദ്ദേഹം അനുമതി നൽകി.

പിന്നീടങ്ങോട്ടു നടന്നത് വിജയംവരെ പൊരുതാനുറച്ച ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും കൈമുതലാക്കി കുര്യൻ സാർ നടത്തിയ ഭഗീരഥപ്രയത്നങ്ങളായിരുന്നു. പദ്ധതിക്കായി പല സ്ഥലങ്ങളും കണ്ടെങ്കിലും അതൊന്നും സ്വീകാര്യമായില്ല. ഒടുവിൽ, നെടുമ്പാശ്ശേരിയിലെ സ്ഥലം തീർപ്പായി പക്ഷേ, തടസ്സങ്ങൾ ബാലികേറാമലപോലെ മുന്നിൽ നീണ്ടുനിവർന്നുകിടന്നു. സർക്കാരിന്റെ കൈയിൽ പദ്ധതിക്കു വിനിയോഗിക്കാൻ പണമില്ല... ഏറ്റെടുക്കേണ്ടത് 1213 ഏക്കർ സ്ഥലം.... കുടിയൊഴിപ്പിക്കേണ്ടത് 3700 ഭൂവുടമകളെ.... വീടും കിടപ്പാടവും നഷ്ടമാകുന്ന 872 കുടുംബങ്ങൾ.... സമരങ്ങൾ, പ്രതിഷേധങ്ങൾ, എണ്ണിയാലൊടുങ്ങാത്ത കോടതി വ്യവഹാരങ്ങൾ, ആലുവ മുൻസിഫ് കോടതിയിൽത്തന്നെ നാനൂറിലധികം കേസുകൾ, ഹൈക്കോടതിയിൽ വേറേ.... ഏതൊരു സാധാരണമനുഷ്യനും തളർന്നു പിന്തിരിഞ്ഞുപോകാൻ ഇതൊക്കെത്തന്നെ ധാരാളം. പക്ഷേ, കുര്യൻസാർ തെല്ലും പതറിയില്ല, എല്ലാ ദിവസവും രാവിലെ മുടങ്ങാതെ പ്രാർത്ഥനയ്ക്കായി സമയം മാറ്റിവച്ചിരുന്ന അദ്ദേഹം സർവതും ദൈവത്തിൽ സമർപ്പിച്ച് ആത്മവിശ്വാസവും ധൈര്യവും കൈക്കൊണ്ടു. അദ്ദേഹം നേടിയെടുത്ത വിജയങ്ങളിലെല്ലാം ദൈവത്തിന്റെ അനുഗ്രഹങ്ങളുണ്ടെന്ന് തെല്ലും ആശങ്കയില്ലാതെ പറയുന്നതിനും കാരണം മറ്റൊന്നുമല്ല.

പൊതുജനപങ്കാളിത്തത്തോടെ ഒരു വിമാനത്താവളം പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ, 200 കോടി എന്ന മൂലധനം സമാഹരിച്ചെടുക്കാൻ വിദേശമലയാളികളുടെ പിന്തുണ പ്രതീക്ഷിച്ച് വി.ജെ. കുര്യൻ പ്രവർത്തനം ആരംഭിച്ചു. ജോസ് മാളിയേക്കൽ എന്ന ജർമൻമലയാളി നൽകിയ ആദ്യസംഭാവനയായ 20,000 രൂപയിൽ തുടങ്ങിയ ക്യാംപെയിൻ, പദ്ധതിത്തുകയുടെ എഴയലത്തുപോലും എത്താതെ പതറുന്ന സ്ഥിതി വന്നപ്പോൾ മുഖ്യമന്ത്രിക്കുപോലും ആശങ്ക തോന്നിത്തുടങ്ങി. എന്നാൽ, തെല്ലും ചഞ്ചലപ്പെടാതെ അദ്ദേഹം 1994 ൽ സിയാൽ (Cochin International Airport Limited) എന്ന കമ്പനി രൂപീകരിച്ചു. പദ്ധതിക്കായി സ്ഥലവും വീടും വിട്ടുതരുന്നവരെ തത്തുല്യമായതിനും മുകളിൽ പ്രതിഫലങ്ങൾ നൽകി പരിഗണിച്ചു. അങ്ങനെ സ്ഥലമെടുപ്പു പൂർത്തിയാക്കുകയും മുഖ്യമന്ത്രി ശിലാഫലകം സ്ഥാപിക്കുകയും ചെയ്തു. പിന്നീടങ്ങോട്ട് കാര്യങ്ങൾ ശരവേഗത്തിൽ നീങ്ങി. ബാങ്കുകളിൽനിന്ന് ലോണായി എടുത്ത വലിയ തുകയും ഹഡ്കോയുടെ നിർണായകപങ്കാളിത്തവും, സി. വി. ജേക്കബ്, എം.എ. യൂസഫ് അലി തുടങ്ങിയവരുടെ ശക്തമായ പിന്തുണയും കാര്യങ്ങൾ എളുപ്പമാക്കി. തെറ്റിദ്ധരിച്ചവരും പരിഹസിച്ചവരും പദ്ധതിയുടെ പുരോഗതി കണ്ട് അടുത്തുവന്നു, അഞ്ചു വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കി 1999 ൽ വിമാനത്താവളം നാടിനു സമർപ്പിച്ചു.

ചോരയും നീരുമൊഴുക്കി പടുത്തുയർത്തിയ പദ്ധതി സാക്ഷാത്കരിക്കപ്പെട്ടെങ്കിലും അതിന്റെ ചലനഗതികൾക്കു സാക്ഷിയാകുവാൻ അവസരം നൽകാതെ ആ വർഷംതന്നെ സിയാൽ എം.ഡി. സ്ഥാനത്തുനിന്നു മാറ്റിയത് തന്നെ അഗാധമായി വേദനിപ്പിച്ചുവെന്ന് വി. ജെ. കുര്യൻ പല അഭിമുഖങ്ങളിലും പറഞ്ഞിട്ടുണ്ട്. എന്നാൽ, നാലു വർഷങ്ങൾക്കുശേഷം എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുമ്പോൾ വീണ്ടും സിയാലിന്റെ തലവനാക്കി. അപ്പോഴേക്കും എയർപോർട്ട് മുക്കാൽ കോടിയോളം നഷ്ടത്തിലായിരുന്നു. തുടർന്നുള്ള മൂന്നു വർഷങ്ങൾ താൻ പടുത്തുയർത്തിയ സംരംഭത്തിന്റെ സമഗ്രവളർച്ചയ്ക്കായുള്ള അധ്വാനത്തിന്റെ നാളുകളായിരുന്നു കുര്യൻസാറിന്. അല്പകാലത്തെ മാറ്റത്തിനുശേഷം 2011 ൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ വീണ്ടും സിയാലിന്റെ എം.ഡി.യായി. അത് കൊച്ചിൻ രാജ്യാന്തര വിമാനത്താവളത്തിന്റെ സുവർണകാലംകൂടിയായിരുന്നു.

ലോകബാങ്കും ഹാർവാഡ് യൂണിവേഴ്സിറ്റിയും ഈ ഇന്ദ്രജാലത്തിന്റെ രഹസ്യങ്ങളറിയാൻ പര്യവേക്ഷണങ്ങൾക്കു തുടക്കംകുറിച്ചു. വിമാനത്താവളത്തിലേക്ക് ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുവാൻ 94 ഏക്കറുകളിൽ സൗരോർജപ്ലാന്റുകൾ സ്ഥാപിച്ചു, 92,150 സൗരോർജപാനലുകളിൽനിന്ന് ദിവസവും ഒരു ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചു. 2015 ൽ ലോകത്തിലെ ആദ്യത്തെ സമ്പൂർണ സൗരോർജവിമാനത്താവളമായി സിയാൽ മാറി. ഈ അദ്ഭുതക്കാഴ്ചകൾ കാണാൻ ഐക്യരാഷ്ട്രസഭയുടെ പ്രതിനിധികൾ നെടുമ്പാശ്ശേരിയിൽ പറന്നിറങ്ങി. ഈ വിസ്മയസംരംഭങ്ങളെ ചൂണ്ടിക്കാട്ടി യുഎൻഎ ലോകത്തോടു പറഞ്ഞു, ഇതാണ് ആഗോളതാപനത്തിന് ഉദാത്തമായ മറുപടിയുടെ മാതൃക എന്ന്. സിയാലിനെ മാതൃകയാക്കാൻ ദേശീയ വ്യോമയാന മന്ത്രാലയം രാജ്യത്തെ മറ്റു വിമാനത്താവളങ്ങളോട് ആവശ്യപ്പെട്ടു. തുടർന്ന്, ഐക്യരാഷ്ട്രസഭയുടെ പരമോന്നത പരിസ്ഥിതിസംരക്ഷണബഹുമതിയായ ചാമ്പ്യൻസ് ഓഫ് ദി എർത്ത് പുരസ്കാരം സിയാലിനെ തേടിയെത്തി. അവിടെയും വിസ്മയങ്ങൾ തീർന്നില്ല. തനി കർഷകനായ കുര്യൻസാർ, 94 ഏക്കറിൽ പരന്നു കിടന്ന സോളാർ പാനലിന്റെ അടിയിൽ പച്ചക്കറിക്കൃഷി നടത്തി. 2018 ൽ 60,000 കിലോ പച്ചക്കറിയാണ് ആ സോളാർ പാനലിന്റെ അടിയിൽനിന്നു വിളയിച്ചെടുത്തത്.


2021 ൽ പ്രതിവർഷം 2200 കോടി അറ്റാദായം ലഭിക്കുന്ന നിലവാരത്തിലേക്കു വളർന്ന സിയാലിന്റെ 33.3 ശതമാനം ഓഹരികൾ സർക്കാരിന്റെ അധീനതയിലാകുമ്പോൾ 38.3 ശതമാനം ഓഹരികൾ 29 രാജ്യങ്ങളിലുള്ള പതിനായിരത്തിലധികം വരുന്ന വ്യക്തികൾക്കാണ്. 2020 ൽ പ്രതിദിനം നൂറ്റിയിരുപതോളം സർവീസുകൾ നടത്തിയിരുന്ന സിയാൽ 12,000 പേർക്ക് പ്രത്യക്ഷമായും 25,000 പേർക്ക് പരോക്ഷമായും തൊഴിലിന് അവസരങ്ങളൊരുക്കുന്നു. ഈ അഭൂതപൂർവമായ നേട്ടങ്ങളെല്ലാം വട്ടവയലിൽ ജോസഫ് കുര്യനെന്ന പാലാക്കാരന്റെ നിശ്ചയദാർഢ്യത്തിന്റെ പരിണതഫലങ്ങളാണ്. ഒരിക്കൽ ഈ സംരംഭത്തെ പുച്ഛിച്ചവരൊക്കെ പിന്നീട് പ്രത്യക്ഷമായോ പരോക്ഷമായോ ഇതിന്റെ ഗുണഭോക്താക്കളായി മാറി. ആരോടും ഒരു പരിഭവവും പറയാതെ ഏല്പിക്കപ്പെട്ട ജോലി ദൈവാശ്രയബോധത്തോടും ഉത്തരവാദിത്വത്തോടുംകൂടി നിർവഹിച്ച്, കേരളത്തിന്റെ വികസനചരിത്രത്തിൽ ഒരു സുവർണാധ്യായം എഴുതിച്ചേർത്താണ് വി. ജെ. കുര്യൻ മടങ്ങുന്നത്.








# ബോൾസൊനാരോകൾ ഇവിടെയും വാഴുന്നു






**തോമസ് കുഴിഞ്ഞാലിൽ**

**ആ**മസോൺ മഴക്കാടുകൾ വെട്ടിവെളുപ്പിക്കാനും തീയിട്ടുനശിപ്പിക്കാനും ഒത്താശ ചെയ്ത ബ്രസീലിന്റെ പ്രസിഡന്റ് ജെയിർ ബൊൾസൊനാരോയ്ക്കു സമാനരായ കൂട്ടാളികൾ നമ്മുടെ നാട്ടിലും വാഴുന്നുണ്ടെന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യം പുറത്തുവന്നുകൊണ്ടിരിക്കുന്നു. സ്വന്തം ഭൂമിയിലെ ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങൾ മുറിച്ചെടുക്കാൻ കർഷകന് അനുമതി നല്കി സർക്കാർ പുറത്തിറക്കിയ 2020 മാർച്ച് 11 ലെ സർക്കുലറിന്റെ പിൻബലത്തിൽ പശ്ചിമഘട്ടമലനിരകളിലങ്ങോളമിങ്ങോളം സംഹാരതാണ്ഡവമാടിയ വനംമാഫിയകൾ കോടികൾ വിലമതിക്കുന്ന ഈട്ടിയും തേക്കും കടത്തിക്കൊണ്ടുപോയ വാർത്തകളാണ് പ്രചരിച്ചിരിക്കുന്നത്.

വനഭൂമി കൃഷിയോഗ്യമാക്കുകയെന്ന സദുദ്ദേശ്യമേ ബൊൾസൊനാരോയ്ക്കുണ്ടായിരുന്നുള്ളൂവെന്ന് അദ്ദേഹത്തിന്റെ അനുയായികൾ വാദിക്കുമ്പോഴും ലോകത്തെ ഏറ്റവും വലിയ വനഭൂമിയുടെ നാശം പ്രകൃതിയിലുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് അവർ മൗനം പാലിക്കുന്നു. 'ഭൂമിയുടെ ശ്വാസകോശം' എന്ന ഖ്യാതി നേടിയ ആമസോൺ മഴക്കാടുകളുടെ 55 ലക്ഷം ചതുരശ്രകിലോമീറ്റർ പ്രദേശമാണ് നശിപ്പിക്കപ്പെട്ടത്. ഇത് നമ്മുടെ സംസ്ഥാനവിസ്തൃതിയുടെ 138 ഇരട്ടിയിലും ഏറെയാണ്.

മാർച്ച് 11 ലെ സർക്കാർ ഉത്തരവിന് വ്യക്തത പോരെന്ന പരാതി ഉയർന്നപ്പോൾ ഒക്ടോബർ 24-ാം തീയതി പുതിയ സർക്കുലർ പുറത്തിറക്കി. സർക്കാർ ഉത്തരവുപ്രകാരം മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥൻ തടസ്സം നില്ക്കുന്നപക്ഷം അവർക്കെതിരേ ശിക്ഷണനടപടികൾ സ്വീകരിക്കുമെന്ന ഭീഷണിയും രണ്ടാമത്തെ സർക്കുലറിലുണ്ടായിരുന്നു. ആദ്യത്തെ സർക്കുലർ അവഗണിച്ച കളക്ടർമാർ ഉൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥർക്കുള്ള കർശനമായ താക്കീതായിരുന്നു അത്. വയനാടുജില്ലയിലെ മുട്ടിൽ, തൃശൂർ ജില്ലയിലെ എളനാട് എന്നിവിടങ്ങളിൽനിന്ന് ഈട്ടിയും തേക്കും വ്യാപകമായി മുറിച്ചു കടത്തിയതായി കണ്ടെത്തി. സാധാരണക്കാരായ കർഷകർ സ്വന്തം ഭൂമിയിലെ മരങ്ങൾ വെട്ടാൻ അനുവാദം ചോദിക്കുമ്പോൾ നിഷേധിക്കുകയും അനുമതിയില്ലാതെ മുറിച്ചാൽ ജയിലിലടയ്ക്കുകയും ചെയ്യുന്ന സംസ്ഥാനത്തുതന്നെയാണ് വനംകൊള്ളയ്ക്കു കൂട്ടുനില്ക്കുംവിധമുള്ള നിലപാടുകൾ സർക്കാരിൽനിന്നുണ്ടായത്. കഴിഞ്ഞവർഷം നവംബർമുതൽ ഈ വർഷം ഫെബ്രുവരി 16 വരെ 100 കോടിയോളം രൂപയുടെ മരങ്ങൾ വെട്ടിക്കടത്തിയിട്ടുണ്ടാകുമെന്നു കണക്കുകൂട്ടുന്നു.

1964 ലെ കേരള ഭൂപതിവു ചട്ടങ്ങളനുസരിച്ച് കർഷകർക്കു ഭൂമി തിരിച്ചു നൽകിയാലും അവിടെയുള്ള മഹാഗണി, ഈട്ടി, ചന്ദനം, തേക്ക് തുടങ്ങിയ 'രാജകീയമരങ്ങൾ' സർക്കാർ ഉടമസ്ഥതയിൽത്തന്നെ നിലനില്ക്കുമെന്നാണു നിയമം. ഈ മരങ്ങൾ സ്ഥലമുടമയ്ക്കു മുറിക്കാനോ വില്ക്കാനോ അനുവാദമില്ല. ഇവയുടെ വില നിശ്ചയിച്ചു സർക്കാരിൽനിന്ന് സ്വന്തമാക്കാനും അവകാശമില്ല. പട്ടയഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കാനും വിപണനം ചെയ്യാനുമുള്ള അനുമതി വേണമെന്ന കർഷകരുടെ ആവശ്യത്തോട് മുൻസർക്കാരുകൾ അനുകൂലസമീപനം സ്വീകരിച്ചിരുന്നെങ്കിലും നിയമഭേദഗതി വേണ്ടിയിരുന്നു. എന്നാൽ, നിയമഭേദഗതിക്കു മുതിരാതെ നിയമവിരുദ്ധമായ ഉത്തരവിറക്കിയതാണു പ്രശ്നമായത്. സ്വന്തം സ്ഥലത്ത് കർഷകർ നട്ടുവളർത്തിയതും കിളിർത്തുവന്നതും പരിപാലിച്ചതുമായ വൃക്ഷങ്ങളുടെ വിലയടച്ച് റിസർവ് ചെയ്ത ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും അവകാശം സ്ഥലമുടമയ്ക്കാണെന്നും അവ മുറിക്കാനും വില്ക്കാനുമുള്ള അനുവാദം നല്കുന്നതുമായിരുന്നു പുതിയ ഉത്തരവ്. ഈ ഉത്തരവാണ് സൗകര്യംപോലെ വ്യാഖ്യാനിച്ച് മരംമുറിക്കൽ നടന്നത്.

വയനാട്ടിലെ മേപ്പാടി ഫോറസ്റ്റുറേഞ്ചിൽപ്പെട്ട മുട്ടിൽ സൗത്ത് വില്ലേജിലെ ആദിവാസികളുടെ പട്ടയഭൂമിയിലെ ഈട്ടിമരങ്ങൾ മുറിച്ചുകടത്തുന്നുവെന്ന വാർത്ത പുറത്തായതോടെയാണ് വിവാദങ്ങൾക്കു തുടക്കമായത്. ജില്ലകളിലെ സമാനമായ മരംമുറിക്കലുകളും കണ്ടെത്തി. വയനാട്ടിലെ 101 ഈട്ടിമരങ്ങൾക്കു പുറമേ എറണാകുളത്ത് 500 ഉം ഇടുക്കിയിലും തൃശൂരിലും 600 വീതവും മരങ്ങൾ മുറിച്ചുകടത്തി. മുട്ടിലിൽനിന്നു കടത്തിയ 101 ഈട്ടിത്തടികളും പെരുമ്പാവൂരിലെ മില്ലുകളിൽ കണ്ടെത്തിയതായി വനംമന്ത്രി എ.കെ. ശശീന്ദ്രൻ നിയമസഭയെ അറിയിച്ചു. ഇവയുടെ ആകെ മൂല്യം 10 കോടി രൂപ വരുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ, തൃശൂർ, എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽനിന്നു കടത്തിയ മരങ്ങൾ ഇതുവരെ കണ്ടെത്താനായിട്ടില്ല. വനം വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ ഒരു സംഘത്തെ സംസ്ഥാനത്തൊട്ടാകെ നടന്ന വനംകൊള്ളയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടു നല്കാൻ നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി വെളിപ്പെടുത്തി.

മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2005 ൽ നടപ്പിലാക്കിയ 'വനമല്ലാത്ത ഭൂമിയിൽ മരം വളർത്തൽ പ്രോത്സാഹനപദ്ധതി'യുടെ തുടർച്ച മാത്രമാണ് റവന്യൂ വകുപ്പിന്റെ ഉത്തരവെന്ന് മുൻ റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ പറയുന്നു. വനപ്രദേശമല്ലാത്ത ഭൂമിയിൽ ഉടമയ്ക്ക് മരങ്ങൾ വച്ചു പിടിപ്പിക്കാമെന്നും അവിടെ വളർന്നുവരുന്ന ചന്ദനം ഒഴികെയുള്ള ഏതു മരവും വെട്ടുന്നതിന് അവകാശമുണ്ടെന്നും ആ പദ്ധതിയിൽ നിർദേശിച്ചിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു. സ്വന്തം ഭൂമിയിലെ മരങ്ങൾ മുറിക്കാനുള്ള കർഷകരുടെ അവകാശം ഈ പദ്ധതിയിലൂടെയാണ് പുനഃസ്ഥാപിക്കപ്പെട്ടത്. 2020 ഒക്ടോബർ 24 ലെ സർക്കാർ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്യപ്പെട്ടത് ശ്രദ്ധയിൽ കൊണ്ടുവന്ന ഉടനെ നിയമവകുപ്പിന്റെ ഉപദേശം തേടുകയും ഈ വർഷം ഫെബ്രുവരി രണ്ടാം തീയതി വിവാദ ഉത്തരവ് പിൻവലിക്കുകയും ചെയ്തു.

**വനംമാഫിയ/ ഉദ്യോഗസ്ഥകോക്കസ്**

മരംകൊള്ളക്കാരും വനംവകുപ്പുദ്യോഗസ്ഥരും തമ്മിലുള്ള അവിശുദ്ധകൂട്ടുകെട്ട് പ്രാഥമികാന്വേഷണത്തിൽ വെളിച്ചത്തുവന്നുകഴിഞ്ഞു.

വനംമാഫിയയും തങ്ങളുമായി യാതൊരു ബന്ധവുമില്ലെന്ന് ഉദ്യോഗസ്ഥർ ഉറപ്പുപറയുന്നു. മുട്ടിലിലെ മരംമുറിക്കലുമായി ബന്ധപ്പെട്ട പ്രതികളുടെ ഫോൺവിളികൾ പരിശോധിച്ച അന്വേഷണസംഘം അക്ഷരാർത്ഥത്തിൽ ഞെട്ടി. ഒക്ടോബർ 24 നുശേഷമുള്ള ദിവസങ്ങളിൽ പ്രതിസ്ഥാനത്തുള്ളവർ വനംവകുപ്പുദ്യോഗസ്ഥരെ ഫോണിൽ വിളിച്ചത് 158 തവണ! ഒരു ഫോറസ്റ്ററും ഒരു റേഞ്ച് ഓഫീസറുമായിരുന്നു ഫോണിന്റെ അങ്ങേത്തലയ്ക്കൽ. മൊഴിയെടുക്കുന്നതിനു ഹാജരാകാൻ പലതവണ വിളിച്ചിട്ടും ലോക്ഡൗണിന്റെ പേരുപറഞ്ഞ് പ്രതിസ്ഥാനത്തുള്ളവർ മാറിനില്ക്കുന്നു. കോഴിക്കോട് ഫ്ളൈയിങ് സ്ക്വാഡിന്റെ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ, ഫെബ്രുവരി 13 നു മുമ്പുള്ള നാലുദിവസങ്ങളിൽ ആരോപണവിധേയരായ വ്യക്തികളുമായി അമ്പതിലേറെ തവണ ഫോണിൽ ബന്ധപ്പെട്ടിരുന്നതായും കണ്ടെത്തി. ഫോറസ്റ്റ് കൺസർവേറ്റർ തന്നിൽനിന്ന് 25 ലക്ഷം രൂപ കോഴ വാങ്ങിയെന്ന ആരോപണവുമായി മുഖ്യപ്രതി രംഗത്തുവന്നതും വനംമാഫിയകൾക്ക് ഉദ്യോഗസ്ഥരുമായുള്ള അവിശുദ്ധബന്ധത്തിന്റെ തെളിവാണ്.

പട്ടയഭൂമിയിൽ മരംമുറിക്കാൻ അനുവദിച്ച് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയിറക്കിയ വിവാദസർക്കുലറിലെ വ്യവസ്ഥകൾ സങ്കീർണവും സംശയം നിറഞ്ഞതുമാണെന്ന് വനംവകുപ്പുദ്യോഗസ്ഥർ ആവർത്തിച്ചു ചൂണ്ടിക്കാട്ടിയിട്ടും റവന്യൂ അധികാരികൾ അവഗണിച്ചുവെന്ന് രേഖകൾ വ്യക്തമാക്കുന്നു. സർക്കുലറിലെ വ്യവസ്ഥകൾ 1960 ലെ കേരള ഭൂപതിവു നിയമത്തിൽ ഉൾപ്പെടുത്തണമെങ്കിൽ നിയമവകുപ്പിന്റെയും നിയമസഭയുടെയും അംഗീകാരമുണ്ടാകണമെന്ന വനംവകുപ്പിന്റെ നിർദേശവും അവഗണിച്ചു. വനം - റവന്യൂ മന്ത്രിതല സംയുക്തയോഗത്തിലെ നടപടിക്കുറിപ്പുകൾക്കനുസൃതമായല്ല റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചതെന്നു ചൂണ്ടിക്കാണിച്ചതും റവന്യൂവകുപ്പ് കാര്യമാക്കിയില്ല.

മരംമുറിക്കൽ വിഷയത്തിൽ വ്യക്തത വരുത്തുന്ന സ്റ്റാറ്റ്യൂട്ടറി ഓർഡേഴ്സ് ആന്റ് റൂൾസ് പുറപ്പെടുവിക്കണമെന്നും വനംവകുപ്പിൽനിന്ന് 2019 സെപ്റ്റംബർ/ ഒക്ടോബർ മാസങ്ങളിൽ റവന്യൂവകുപ്പിനയച്ച കത്തുകളിൽ ആവശ്യപ്പെട്ടിരുന്നതാണ്. 1960 ലെ ഭൂപതിവുനിയമത്തിൽ സർക്കുലറിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്നാണ് വനംവകുപ്പ് ആവശ്യപ്പെടുന്നതെങ്കിലും 1964 ലെ ഭൂപതിവുചട്ടങ്ങളിൽ ഭേദഗതി വരുത്തിയാൽ മതിയെന്ന റവന്യൂ വകുപ്പിന്റെ നിലപാടാണു വിനയായത്.

വിവാദ ഉത്തരവു പിൻവലിച്ച ഫെബ്രുവരി രണ്ടിനു ശേഷവും തൃശൂർ ജില്ലയിലും ഇടുക്കിജില്ലയിലും മരങ്ങൾ മുറിച്ചുകടത്തിയതായി പ്രാഥമികാന്വേഷണത്തിൽ തെളിഞ്ഞു. തട്ടേക്കാട് റേഞ്ചിലെ സംരക്ഷിതവനത്തിൽനിന്നും റവന്യൂ ഭൂമിയിൽനിന്നുമായി നൂറിലേറെ മരങ്ങൾ മുറിച്ചുകടത്തിയതായി കണ്ടെത്തി. മച്ചാട്, പട്ടിക്കാട്, വടക്കാഞ്ചേരി റേഞ്ചുകളിൽനിന്ന് അഞ്ഞൂറോളം വന്മരങ്ങൾ വെട്ടിക്കടത്തിക്കൊണ്ടുപോയി. ഇപ്രകാരം വിവിധ ജില്ലകളിൽനിന്നായി 1810 കൂറ്റൻ ഈട്ടി/ തേക്കുമരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടാകാമെന്നാണ് ഏകദേശക്കണക്കുകൾ സൂചിപ്പിക്കുന്നത്.

'കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി' എന്ന പഴമൊഴി അന്വർത്ഥമായിരിക്കുന്നു. ഉടയോനില്ലാത്ത വീടും പറമ്പും കള്ളന്മാരുടെ സങ്കേതമായി മാറുന്നത് സ്വാഭാവികം. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സർക്കുലർ ഇതുവരെ കണ്ടില്ല എന്ന വനംവകുപ്പുമേധാവിയുടെ കുറ്റസമ്മതം ഗൗരവമേറിയ കൃത്യവിലോപമാണ്. ഉത്തരവിൽ അവ്യക്തതയുണ്ടെന്നും മരംമുറിക്കൽ അനുവദിക്കരുതെന്നുമുള്ള വനംവകുപ്പുമേധാവിയുടെയും വകുപ്പുമന്ത്രിയുടെയും കർശനനിർദേശങ്ങൾ റേഞ്ചുകളിൽ എത്തിയിരുന്നെങ്കിൽ ഇത്രയും വലിയ ഒരു ദുരന്തത്തിൽനിന്ന് പശ്ചിമഘട്ടത്തെയും അതുവഴി സംസ്ഥാനത്തെയും രക്ഷിക്കാമായിരുന്നു. ■

# ന്യൂനപക്ഷങ്ങൾക്കായി ക്ഷേമപദ്ധതികൾ

**രാജ്യത്തെ മതന്യൂനപക്ഷസമൂഹങ്ങളുടെ മുന്നേറ്റത്തിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കുന്ന വിവിധ പദ്ധതികളെ പരിചയപ്പെടുത്തുകയാണിവിടെ. ക്രിസ്ത്യൻ, മുസ്ലീം, ബുദ്ധ, ജൈന, പാഴ്സി, സിഖ് മതവിഭാഗങ്ങളാണ് രാജ്യത്ത് മതന്യൂനപക്ഷങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്.**

**പദ്ധതികൾ നാലു വിഭാഗങ്ങളായി ക്രമപ്പെടുത്തിയിരിക്കുന്നു:**

**1. സംസ്ഥാന സർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പ് നടപ്പിലാക്കുന്നവ.**

**2. കേന്ദ്രസർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാനസർക്കാർ നടപ്പിലാക്കുന്നവ.**

**3. കേന്ദ്രസർക്കാർ ഫണ്ട് വിനിയോഗിച്ച് കേന്ദ്രസർക്കാർ നേരിട്ടു നടപ്പിലാക്കുന്ന പദ്ധതികൾ.**

**4. മറ്റു വകുപ്പുകളിൽനിന്നു ലഭ്യമായ പദ്ധതികളുടെ നിർവഹണം സംസ്ഥാന ന്യൂനപക്ഷവകുപ്പ് നടത്തുന്നത്.**



ബെന്നി കോച്ചേരി

### സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പ് സംസ്ഥാനഫണ്ട് വിനിയോഗിച്ചു നടപ്പാക്കുന്ന പദ്ധതികൾ

**1. ഇമ്പിച്ചിബാവ ഭവന നിർമാണപദ്ധതി**

ന്യൂനപക്ഷമതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഭവന നിർമാണത്തിനു ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഒരു വീടിന് രണ്ടര ലക്ഷം രൂപ വീതമാണ് ധനസഹായമായി നൽകുന്നത്. ഇതു തിരിച്ചടയ്ക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം പേരിൽ ബാധ്യതകളില്ലാത്ത, ചുരുങ്ങിയത് രണ്ടു സെന്റ് സ്ഥലം (പരമാവധി 25 സെന്റ് വരെ) ഉള്ളവരും സർക്കാരിൽനിന്നോ/ മറ്റു സമാന ഏജൻസികളിൽനിന്നോ ഇതിനുമുമ്പ് വീടുനിർമാണാവശ്യത്തിലേക്കു ധനസഹായം ലഭിച്ചിട്ടില്ലാത്തവരെയുമാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ. കുടുംബങ്ങൾ, വിധവകളോ അവരുടെ മക്കളോ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടി/പെൺകുട്ടികൾ മാത്രമുള്ള വിധവകൾ എന്നിവർക്ക് മുൻഗണന നൽകും.

ജില്ലാ കളക്ട്രേറ്റിലെ ന്യൂനപക്ഷ സെല്ലിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തി, നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ: 1. റേഷൻകാർഡിന്റെ പകർപ്പ്, 2. അപേക്ഷിക്കുന്ന സാമ്പത്തികവർഷത്തിൽ സ്വന്തം പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ് 3. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നു ലഭിച്ച സ്ഥിരതാമസ സർട്ടിഫിക്കറ്റ് 4. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്. 5. വിവാഹമോചിതയാണെങ്കിൽ ആയതു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് 6. ഉപേക്ഷിക്കപ്പെട്ടവരാണെങ്കിൽ ആയതു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് 7. അപേക്ഷകയ്ക്കോ / അവരുടെ മക്കൾക്കോ മാനസിക-ശാരീരികവെല്ലുവിളികൾ/മറ്റ് അസുഖങ്ങൾ ഉണ്ടെങ്കിൽ ആയതു തെളിയിക്കുന്ന രേഖകളുടെ പകർപ്പ്. 8. മറ്റു വകുപ്പുകളിൽനിന്നോ സമാന ഏജൻസികളിൽനിന്നോ അപേക്ഷകയ്ക്ക് ഭവനനിർമാണത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. 9. റേഷൻകാർഡിലെ പേരും അപേക്ഷയിലെ പേരും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ, രണ്ടും ഒന്നാണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

**2. വിധവകൾ /വിവാഹബന്ധം വേർപെടുത്തിയവർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനപുനരുദ്ധാരണപദ്ധതി**

ന്യൂനപക്ഷമതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. വീടുകൾക്കു മതിയായ വാതിലുകൾ/ജനാലകൾ/മേൽക്കൂര/ ഇലക്ട്രിക് പ്ലംബിങ്/സാനിട്ടേഷൻ/വാൾ ഫിനിഷിങ് എന്നീ വർക്കുകൾക്കാണ് ധനസഹായം നൽകുന്നത്. ഒരു വീടിന് 50,000 രൂപ വീതമാണ് ധനസഹായമായി നൽകുന്നത്. ഇതു തിരിച്ചടയ്ക്കേണ്ടതില്ല. സർക്കാരിൽനിന്നോ/ മറ്റു സമാന ഏജൻസികളിൽനിന്നോ ഇതിനുമുമ്പ് വീടുനിർമാണാവശ്യത്തിലേക്കു ധനസഹായം ലഭിച്ചിട്ടില്ലാത്തവരെയാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. ബി.പി.എൽ. കുടുംബങ്ങൾ, വിധവകളോ അവരുടെ മക്കളോ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടി/പെൺകുട്ടികൾ മാത്രമുള്ള വിധവകൾ എന്നിവർക്ക് മുൻഗണന നൽകും. ജില്ലാ കളക്ട്രേറ്റിലെ ന്യൂനപക്ഷ സെല്ലിൽ അപേക്ഷ സമർപ്പിക്കണം.

**3. സൗജന്യ വ്യക്തിത്വവികസന-കരിയർ ഗൈഡൻസ് പരിശീലനം**

വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠനമേഖലകൾ കണ്ടെത്തുന്നതിനുമായി ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നടത്തുന്നുണ്ട്. ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി., പ്ലസ്ടു, വൊക്കേഷണൽ ഹയർസെക്കൻഡറി തുടങ്ങിയ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ മുഖ്യഗുണഭോക്താക്കൾ. സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ഹൈസ്കൂൾ-ഹയർസെക്കൻണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. കഴിഞ്ഞ അധ്യയനവർഷത്തിലെ വാർഷിക പ്പരീക്ഷയിൽ ചുരുങ്ങിയത് 60 ശതമാനം മാർക്ക് വിദ്യാർത്ഥി നേടിയിരിക്കണം. ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയുടെ മാർക്ക് യോഗ്യതാമാനദണ്ഡമായി പരിഗണിക്കും. ഒരു ക്യാമ്പിൽ പരമാവധി 100 വിദ്യാർത്ഥികൾക്കാണ് അവസരം. ഓരോ ജില്ലയിലും പരമാവധി 10 ക്യാമ്പുകൾ സംഘടിപ്പിക്കും. കരിയർ ഗൈഡൻസ്, വ്യക്തിത്വവികസനം, നേതൃത്വപാടവം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായ പരിശീലകർ ക്യാമ്പിൽ നേതൃത്വം നൽകും.



**4. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷവിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)**

എസ്.എസ്.എൽ.സി./ പ്ലസ്ടു/വി.എച്ച്.എസ്.ഇ. തുടങ്ങിയവയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും ബിരുദത്തിന് 80 ശതമാനം മാർക്കു നേടിയവർക്കും ബിരുദാനന്തരബിരുദത്തിന് 75 ശതമാനം മാർക്ക് നേടിയവർക്കും നൽകുന്ന സ്കോളർഷിപ്പ് അവാർഡ്. എസ്.എസ്.എൽ.സി./പ്ലസ്ടു/വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾക്ക് 10,000 രൂപയും ബിരുദ /ബിരുദാനന്തരബിരുദവിദ്യാർത്ഥികൾക്ക് 15,000 രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ്. ബി.പി.എൽ. വിദ്യാർത്ഥികൾക്ക് മുൻഗണന. വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാനപരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ. വിദ്യാർത്ഥികളുടെ അഭാവത്തിൽ ആറു ലക്ഷം രൂപ വരുമാനപരിധിയിലുള്ള ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന മറ്റു വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും. www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**5. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്**

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷവിഭാഗത്തിലെ, പ്രത്യേകിച്ച് മുസ്ലീംസമുദായത്തിലെ പെൺകുട്ടികൾക്കു വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യംവച്ച് സംസ്ഥാനസർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ബിരുദത്തിനു പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 5000 രൂപ വീതവും ബിരുദാനന്തരബിരുദത്തിനു പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 6000 രൂപ വീതവും പ്രഫഷണൽ കോഴ്സിനു പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 7000 രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് 2000 പേർക്ക് 13000 രൂപ വീതവും പ്രതിവർഷം നൽകുന്നു. www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**6. സ്വകാര്യ ഐ.റ്റി.ഐ. -കളിൽ വിവിധ കോഴ്സുകൾക്കു പഠിക്കുന്നവർക്കുള്ള ഫീ-റീ ഇമ്പേഴ്സ്മെന്റ് സ്കീം**

സർക്കാർ അംഗീകൃത സ്വകാര്യ ഐ.റ്റി.ഐകളിൽ പഠിക്കുന്ന ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് അടച്ച ഫീസ് തിരിച്ചുനൽകുന്ന പദ്ധതി. രണ്ടുവർഷം / ഒരു വർഷം കോഴ്സുകൾക്ക് യഥാക്രമം 20,000 രൂപ, 10,000 രൂപ എന്ന തോതിലാണ് സാമ്പത്തികസഹായം നൽകുന്നത്. ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന ബിപിഎൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ ആറു ലക്ഷം രൂപ വരുമാനപരിധിയിലുള്ള ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന മറ്റു വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും. വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാനപരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. www.minority welfare. kerala. gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**7. ചാർട്ടേഡ് അക്കൗണ്ടൻസി/ കോസ്റ്റ് വർക്ക് അക്കൗണ്ടൻസി /കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്**

സി.എ./ഐ.സി.ഡബ്ലിയു.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി. ഫൗണ്ടേഷൻ/കോമൺ പ്രൊഫിഷ്യൻസി ടെസ്റ്റിനു പഠിക്കുന്നവർക്കും ഇന്റർ മീഡിയേറ്റ്/എക്സിക്യൂട്ടീവ് ഫൈനൽ/പ്രഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും 15,000 രൂപ വീതവുമാണ് സ്കോളർഷിപ്പ്.

(ശേഷം 7 - ാം പേജിൽ)

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**എന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വാക്ക് ഫലരഹിതമായി തിരിച്ചുവരില്ല. എന്റെ ഉദ്ദേശ്യം അത് നിറവേറ്റും. ഞാൻ ഏല്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും.** ഏശയ്യ 55:11

**എഡിറ്റോറിയൽ**

# സർക്കാർ സാന്ത്വനം വീട്ടുപടിക്കലെത്തുമ്പോൾ

സർക്കാർ സേവനം നിസ്സഹായരുടെ വീട്ടുപടിക്കലെത്തുന്ന സാന്ത്വനം പദ്ധതിക്കു കേരളത്തിൽ തുടക്കമായിരിക്കുന്നത് കൊവിഡ് മഹാമാരിക്കാലത്തെ ആശ്വാസദൂതാണ്. വയോജനങ്ങളും കിടപ്പുരോഗികളും ഭിന്നശേഷിക്കാരുമൊക്കെ സമൂഹത്തിനു വിലപ്പെട്ടവരെന്നു കരുതുന്ന സാക്ഷരകേരളത്തിൽ, അവരുടെ പരിചരണച്ചുമതല ഇനി തദ്ദേശസ്ഥാപനങ്ങൾക്കു നല്കാനുള്ള തീരുമാനം കാലം ആവശ്യപ്പെടുന്ന നന്മയും നിയോഗവുമാണ്. സാമൂഹികസന്നദ്ധസേനയുടെ സഹകരണത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പരിചരണപദ്ധതിയുടെ മാർഗരേഖ തദ്ദേശസ്വയംഭരണവകുപ്പ് അംഗീകരിച്ചു.

പ്രായാധിക്യം, ഗുരുതരരോഗം, കഠിനദാരിദ്ര്യം, നിരക്ഷരത തുടങ്ങിയ അവശതകളനുഭവിക്കുന്നവർക്ക് വാതിൽപ്പടി സേവനം ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പെൻഷൻ വാങ്ങുന്നതിനുള്ള മസ്റ്ററിങ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹികസുരക്ഷാ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാമരുന്നുകൾ എന്നിവ ലഭ്യമാക്കാൻ സർക്കാർ നിർദേശം നല്കിയിട്ടുണ്ട്.

പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ സാന്ത്വനസാന്നിധ്യമായി അവരോടൊപ്പമായിരിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. രോഗക്കിടക്കയിൽ ഒറ്റപ്പെട്ടുപോയ കിടപ്പുരോഗികളുടെ മുഴുവൻ ജീവിതാവശ്യങ്ങളും നിറവേറ്റിക്കൊടുത്ത് അവർക്കു സാന്ത്വനപരിചരണം പകരുന്നത് കൊവിഡ് കാലത്തെ കർമപുണ്യമായി ചരിത്രത്തിലിടം നേടും. വീട്ടുകാർക്ക് അസൗകര്യമുള്ളപ്പോൾ വീട്ടിലും ആശുപത്രിയിലും കൂട്ടിരിക്കാനും ആശുപത്രിയിൽ കൂടെപ്പോകാനും മരുന്നും ഭക്ഷണപദാർത്ഥങ്ങളും എത്തിക്കാനും സന്നദ്ധപ്രവർത്തകരുടെ കൂട്ടായ പ്രവർത്തനമുണ്ടാകും. അക്ഷയപ്രവർത്തകർ, അംഗൻവാടി-ആശാപ്രവർത്തകർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജനമൈത്രി പൊലീസ് തുടങ്ങിയവരെല്ലാം സന്നദ്ധസേനയുടെ ഭാഗമായി പ്രവർത്തനരംഗത്തുണ്ടാവും.

ജീവിതസായാഹ്നത്തിൽ ഒറ്റയ്ക്കു താമസിക്കുന്നവർ അനുഭവിക്കുന്ന സുരക്ഷാപ്രശ്നങ്ങൾക്കൊപ്പംതന്നെ പ്രാധാന്യമുള്ളതാണ് അവർക്കുവേണ്ട ഭക്ഷണവും അടിയന്തരചികിത്സയും ഉറപ്പുവരുത്തുക എന്നത്. ഓരോ ഗുണഭോക്താവിനും നിശ്ചയിക്കപ്പെട്ട സേവനങ്ങൾ ഉറപ്പാക്കുന്നതിന് ഐഡന്റിറ്റി കമ്യൂണിറ്റി കാർഡ് ഏർപ്പെടുത്തും. പ്രവർത്തനങ്ങൾ വിലയിരുത്താൻ തദ്ദേശസ്ഥാപനസെക്രട്ടറിയുടെ നേതൃത്വത്തിൽ ആരോഗ്യം, പൊലീസ്, അക്ഷയകേന്ദ്രം, അയൽക്കൂട്ടം സംവിധാനങ്ങളെയെല്ലാം ഏകോപിപ്പിക്കും. സർക്കാർ ഉദ്യോഗസ്ഥൻ കോഓർഡിനേറ്ററും സന്നദ്ധപ്രവർത്തകൻ ജനറൽ കൺവീനറുമായി കർമസമിതി പ്രവർത്തിക്കും.

വയോജനങ്ങളെയും കിടപ്പുരോഗികളെയും വീടുകളിലെത്തി പരിചരിക്കുന്ന അനേകം സന്നദ്ധസംഘങ്ങളും വ്യക്തികളും നിലവിൽ സംസ്ഥാനത്തുണ്ട്. കൊവിഡ് കാലത്താണ് മനുഷ്യസ്നേഹികളുടെ ഇത്തരം കൂട്ടായ്മകൾ കൂടുതലായി രംഗപ്രവേശം ചെയ്തതും. മതസംഘടനങ്ങളും ഭക്തിപ്രസ്ഥാനങ്ങളും ജീവകാരുണ്യരംഗത്തു നിസ്വാർത്ഥമായി പ്രവർത്തിക്കാൻ സന്മനസ്സു കാണിക്കുന്നത് പ്രശംസനീയമാണ്. രാഷ്ട്രീയമുതലെടുപ്പു ലാക്കാക്കിയോ അല്ലയോ എന്നറിയില്ല, കുട്ടിരാഷ്ട്രീയക്കാരും തങ്ങളുടെ വാഹനങ്ങളിൽ വലിയ ബോർഡുകൾ പ്രദർശിപ്പിച്ച് കൊവിഡ് പ്രതിരോധപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നതു പതിവു കാഴ്ചയായിട്ടുണ്ട്. ഏതായാലും, ഇത്തരം സേവനകൃത്യങ്ങളെ ഒരു കുടക്കീഴിലാക്കിയാൽ, കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കാൻ സർക്കാരിനാകും. തദ്ദേശസ്ഥാപനാധികൃതരും ജനപ്രതിനിധികളും തങ്ങൾക്കേല്പിക്കപ്പെട്ട ഉത്തരവാദിത്വം കുറ്റമറ്റവിധം നിർവഹിക്കാൻ അതിജാഗ്രത പുലർത്തേണ്ടതുണ്ടെന്നും പറയേണ്ടതില്ലല്ലോ. ■



## പ്രതികരണം

മാത്യു എം. കുര്യാക്കോസ് എഴുതുന്ന 'പ്രകൃതിക്കൊരു പുനർവായന' സശ്രദ്ധം വായിക്കുന്നു. ഈ കാലഘട്ടം ആവശ്യപ്പെടുന്ന ഒരു പംക്തിയാണതെന്നു പറയുന്നതിൽ സന്തോഷമുണ്ട്. പ്രകൃതിസംരക്ഷണത്തിലുള്ള ലേഖകന്റെ പ്രതിബദ്ധത ഓരോ വാക്കിലും നിഴലിക്കുന്നു.

പ്രകൃതിയെ സ്നേഹിക്കുവാൻ ഇന്നു മനുഷ്യൻ മറന്നുപോണിപ്പൂക്കളും പൂച്ചവാലൻ ചെടികളും ചാമ്പമരങ്ങളും ചെത്തിയും ചെമ്പരത്തിയുമെല്ലാം അവരുടെ ഹൃദയങ്ങളെ ശോഭായമാനമാക്കി. ഇന്നു വാഹനങ്ങളിലും കെട്ടിടച്ചുമരുകൾക്കുള്ളിലുമായി അവരുടെ ജീവിതം ഒതുങ്ങിപ്പോയിരിക്കുന്നു. മൊബൈൽ ഫോണിന്റെ ഇത്തിരിപ്പോന്ന സ്ക്രീനിനുള്ളിലാണ് അവരുടെ ജീവിതം.

പ്രകൃതിയെ സ്നേഹിക്കുന്നവർതന്നെ പ്രകൃതിപാലനത്തിൽ എത്രകണ്ടു ശ്രദ്ധ വയ്ക്കുന്നുവെന്നു പരിശോധിക്കേണ്ടതുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒട്ടൊന്നു കുറഞ്ഞിട്ടുണ്ടെങ്കിലും പൂർണമായും നാമതിൽനിന്നു മോചിതരായിട്ടില്ല. ഉപയോഗം കഴിഞ്ഞ ഇലക്ട്രോണിക് വസ്തുക്കൾ ഉയർത്തുന്ന മാലിന്യഭീഷണിയും ഇതിനൊപ്പം കാണാതിരുന്നുകൂടാ. രാസവളങ്ങളും കീടനാശിനികളുമെങ്കിലും നമ്മുടെ കൃഷിയിടങ്ങളിൽനിന്നൊഴിവാക്കി പരിസ്ഥിതിപാലനത്തിൽ നാം പങ്കാളികളാകേണ്ടതുണ്ട്. സാമ്പത്തികനേട്ടം മാത്രം ലക്ഷ്യമിടുന്നവർക്ക് ജൈവവളത്തോടു താത്പര്യം കുറയാം. പക്ഷേ, പ്രകൃതി നശിച്ചാൽപ്പിന്നെ മനുഷ്യനില്ലായെന്ന സത്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രകൃതിയോടു കാണിക്കുന്ന കരുണ നമ്മുടെ സഹജീവികൾക്കു കൂടിവേണ്ടിയാണെന്നു മനസ്സിലാക്കുക.

# പ്രകൃതിക്കൊരു പുനർവായന

യിരിക്കുന്നു. പ്രകൃതിസൗന്ദര്യം ആസ്വദിക്കുക മനുഷ്യന്റെ സഹജവാസനയാണെന്ന വസ്തുത നിഷേധിക്കുന്നില്ല. അതുകൊണ്ടാണല്ലോ എന്തു പണം മുടക്കിയും എത്ര ദൂരെയും മനുഷ്യൻ വിനോദസഞ്ചാരം നടത്തുന്നത്! പക്ഷേ, സ്വന്തം വീട്ടുമുറ്റത്തെ പൂക്കളെയും ചെടികളെയും മരങ്ങളെയും സ്നേഹിക്കാൻ എവിടെ സമയം? നമ്മുടെ കുട്ടികൾക്കും ഇന്ന് അതിനു നേരമില്ല. കിലോമീറ്ററുകൾ സഞ്ചരിച്ചു സ്കൂളിൽപോയിരുന്ന പണ്ടത്തെ കുട്ടികൾക്ക്, ആ യാത്ര ഒരു വലിയ അനുഭവമായിരുന്നു. വഴിയോരങ്ങളിൽ മൃഗങ്ങളും പക്ഷികളും അവരെ വരവേറ്റു. കൊങ്ങി

**പോൾ ജോസഫ്**
**കോഴിക്കോട്**

## ബാങ്ക് തട്ടിപ്പ് വീണ്ടും

ബാങ്ക് തട്ടിപ്പ് വീണ്ടും വാർത്തയായി വന്നിരിക്കുന്നു. (12-05-21)ൽ. ബാങ്കുകളിലെ സംഗതികളുടെ കിടപ്പങ്ങനതന്നെ. സാങ്കേതികവിദ്യ വളർന്നിട്ടും അധികമാർക്കും കാര്യങ്ങളൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയുണ്ടെന്നു പറഞ്ഞാൽ ആരു സമ്മതിക്കും? ബാങ്കുകളിൽ പല രംഗത്തും അത്തരമൊരു സ്ഥിതിയുണ്ട്. ബാങ്കുകളിലെ സ്ഥിരനിക്ഷേപരംഗം ശരിക്കും കുത്തഴിഞ്ഞ പുസ്തകമാണ്. ഒരിക്കൽ നിക്ഷേപിച്ചിറങ്ങുന്ന ഒരു നിക്ഷേപകനെ പിന്നെ വരുന്ന നിരക്കുമാറ്റങ്ങളോ വ്യവസ്ഥാ വ്യതിയാനങ്ങളോ, നിക്ഷേപം കലാവധിയാകുന്നതോ ഒന്നും വേണ്ടവണ്ണം അറിയിക്കുന്നില്ല. എസ്.എം.എസ്. വഴി അറിയിപ്പുകൾ ഫലപ്രദമായി നടക്കുന്നില്ല.

സ്ഥിരനിക്ഷേപങ്ങളുടെ ഈ അവസ്ഥ തട്ടിപ്പുവീരന്മാരായ ജോലിക്കാർക്ക് എന്തു വെട്ടിപ്പും ചെയ്യാൻ അവസരം കൊടുക്കുന്നു. ബാങ്കുകളിലെ സൂപ്പർവൈസറി ഇപ്പോൾ തീരെ ഫലപ്രദമല്ല. ഒരേയൊരു ലക്ഷ്യമേയുള്ളൂ: എങ്ങനെയും മേലധികാരിയുടെ പ്രീതി!

നിക്ഷേപകനു പീരിയോഡിക്കലായി വേണ്ട അറിയിപ്പുകൾ കൊടുത്തുകൊണ്ടിരുന്നാൽ തട്ടിപ്പുകൾ വളരെ കുറയും. കൂടുതൽ തുകയുള്ള ഇന്നോപ്പറേറ്റീവ് അക്കൗണ്ടുകളുടെ ഉടമകളെ കണ്ടെത്താൻ തീവ്രശ്രമംതന്നെ ബാങ്കുകാർ നടത്തേണ്ടതാണ്. അൺക്ലെയിംഡ് അക്കൗണ്ടുകളിലെ തുക എത്രയോ കോടിയാണ്?


ബാങ്കിൽ ഒരു സർവീസുകാലം ജോലി ചെയ്ത ആളെന്ന നിലയിൽ ഇത്രയും പറയാതെ വയ്യ.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**




## വിളിച്ചവന്റെ പിന്നാലെ


ഗ്രന്ഥകർത്താ : തോമസ് പുളിക്കൽ ഒ.സി.ഡി.
പ്രസാധനം : കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിങ് ഹൗസ്, തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 രൂപ




അനുവാചകരുടെ ഹൃദയങ്ങളിൽ ആഴമായ ആത്മീയതയുടെയും ക്രിസ്തീയജീവിതമാതൃകയുടെയും മായാത്ത മുദ്രകൾ പതിപ്പിക്കുവാൻ പര്യാപ്തമായ ഗ്രന്ഥം. പുണ്യജീവിതത്തിന്റെ ഉദാത്ത മാതൃകകൾ, ദൈവവിളിയുടെ ഔന്നത്യം, പാപജീവിതത്തിന്റെ ആപത്തുകൾ, അനുരഞ്ജനത്തിന്റെ ആവശ്യകത തുടങ്ങി അനുദിനജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട വിശ്വാസസത്യങ്ങളും പാഠങ്ങളും ഗ്രന്ഥം ചർച്ച ചെയ്യുന്നു.

## ദൈവവിളിയും വെല്ലുവിളികളും

ഗ്രന്ഥകർത്താ : ഫാ. ജസ്റ്റിൻ കുഴിവേലിൽ സി.എം.എഫ്.
പ്രസാധനം : ക്ലരീഷ്യൻ പബ്ലിക്കേഷൻസ്, ബംഗളുരു
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 180 രൂപ




ആധുനികലോകത്തിൽ ദൈവവിളി ഒരു ചോദ്യചിഹ്നമായി ഉയരുമ്പോൾ കൃപയുടെ നിറവായി അതിനെ അനാവരണം ചെയ്യുകയാണ് ഗ്രന്ഥകർത്താവ്. ദൈവവിളിയുടെ അർത്ഥവും മൂല്യവും മഹത്ത്വവും മനോഹരമായി വിവരിക്കുന്നതോടൊപ്പം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും തന്മയത്വത്തോടെ പ്രതിപാദിക്കുന്നു.




# ആലിസ് ഇൻ വണ്ടർലാന്റ്

Ip«n-IÄ hmbn-"n-cn-t¡-hninjvS-{K-Ù-§sf lrZy-ambn ]cn-N-b-




ജോയിഷ് ജോസ്

**ബാ**ല്യ-കൗമാരങ്ങളുടെ ഭാവനാലോകത്തെ പൂർണമായി ഉൾക്കൊള്ളുകയും അതിന് ഇളക്കം തട്ടാതെ ലാളിത്യവും ചാരുതയുമാർന്ന ഭാഷയിൽ ആവിഷ്കരിക്കുകയും ചെയ്യുമ്പോഴാണ് നല്ല ബാലസാഹിത്യസൃഷ്ടികൾ രൂപംകൊള്ളുന്നത്. ആ അർത്ഥത്തിൽ സമ്പന്നമാണ് മലയാളസാഹിത്യം. മഹത്തായ ഒട്ടേറെ ബാലസാഹിത്യകൃതികൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്. അക്കൂട്ടത്തിൽ ഏറ്റവും മികച്ചതിന്റെ ഗണത്തിൽപ്പെടുത്താവുന്ന കൃതിയാണ് ലൂയിസ് കരോളിന്റെ ആലിസ് ഇൻ വണ്ടർലാന്റ്.

ഇരുനൂറിനു മുകളിൽ ലോകഭാഷകളിലേക്കു തർജമ ചെയ്യപ്പെടുകയും അമ്പതോളം ചലച്ചിത്രങ്ങൾക്കും അത്രതന്നെ ടിവി സീരിയലുകൾക്കും കാരണമാവുകയും ചെയ്ത കൃതിയാണ് ആലിസ് ഇൻ വണ്ടർലാന്റ്. ഒരു ബോട്ടുയാത്രയിൽ പരിചയപ്പെട്ട ആലിസ് ലിഡ്ഡിൽ എന്ന പെൺകുട്ടിയിൽനിന്നു പ്രചോദനമുൾക്കൊണ്ടാണ് ലൂയിസ് കരോൾ ഈ കൃതി എഴുതിയതെന്നു കരുതപ്പെടുന്നു. മൃഗങ്ങൾ മനുഷ്യരെപ്പോലെ സംസാരിക്കില്ലെന്നു പറഞ്ഞ് 1930 കളിൽ ഈ പുസ്തകം ചൈനയിൽ നിരോധിച്ചിരുന്നു.

വിക്ടോറിയ രാജ്ഞിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രമായിരുന്നു അദ്ഭുതലോകത്തെ ആലിസ്. ആലിസ് വണ്ടർ ലാന്റ് അവസാനമായി ചലച്ചിത്രമാക്കിയത് ടിം ബെർട്ടനാണ്. ജോൺ ഡീപ്പിന്റെ ഈ ചിത്രത്തിലെ വേഷം ഏറെ ശ്രദ്ധിക്കപ്പെട്ടു.




ബ്രിട്ടനിൽ ജൂലൈ 4 ആലിസ് ഡേ ആയി ആചരിക്കാറുണ്ട്. അന്നേദിവസം പ്രത്യേക ഡ്രസ് ധരിച്ച് കുട്ടികളുടെ പാർട്ടികൾപോലും നടത്താറുണ്ട്.

കളിച്ചുകൊണ്ടിരിക്കെ ഒരു വെള്ളമുയലിനെക്കണ്ട ആലിസ്, അതിനെ പിന്തുടർന്ന് വിചിത്രലോകത്തിലെത്തിച്ചേരുന്നതായും അത്യന്തം വിസ്മയകരമായ അനുഭവങ്ങളിൽക്കൂടി കടന്നുപോകുന്നതായും സ്വപ്നം കാണുന്നതാണ് ഇതിലെ കഥ. ഒരു ദ്രാവകം കുടിക്കുമ്പോൾ ചെറുതാവുക, ഒരു കഷണം കേക്കു കഴിക്കുമ്പോൾ വലുതാവുക, കരയാൻ തുടങ്ങുമ്പോൾ കണ്ണീർക്കയത്തിൽ വീണുപോവുക, പൂന്തോട്ടത്തിലെ പുഷ്പങ്ങൾ സംസാരിക്കുന്നതു കേൾക്കുക... ഇങ്ങനെ പോവുന്നു ആ വിചിത്രാനുഭവങ്ങൾ. പൊടുന്നനെ ആലിസ് സ്വപ്നത്തിൽനിന്നുണരുന്നതോടെ കഥ അവസാനിക്കുന്നു.

യുക്തിയും ഭാവനയും സമന്വയിപ്പിച്ചുകൊണ്ടുള്ള ആഖ്യാനരീതി മുതിർന്നവരെപ്പോലും ആകർഷിക്കാൻ പോരുന്നതാണ്. വിക്ടോറിയൻ കാലത്തെ വിദ്യാഭ്യാസ, രാഷ്ട്രീയ, സാഹിത്യരംഗങ്ങളുടെ ഹാസ്യാത്മക ചിത്രീകരണം ഇതിൽ കാണാമെന്നു വിമർശകർ അഭിപ്രായപ്പെടുന്നു. ആലിസ് അദ്ഭുതലോകത്തിൽ കണ്ടുമുട്ടുന്ന മനുഷ്യരും ജന്തുക്കളുമെല്ലാം സാധാരണലോകത്തിൽ ജീവിക്കുന്നവരുടെ രൂപഭേദങ്ങളാണെന്നതാണ് ശ്രദ്ധേയമായ വസ്തുത.

ഇതൊരു ചെറിയ പുസ്തകമാണ്. എളുപ്പത്തിൽ വായിച്ചുതീരും. പക്ഷേ, എത്ര വായിച്ചാലും മതിവരാത്ത ഒരു പുസ്തകത്തിലേക്ക്, അദ്ഭുതലോകത്തിലേക്ക് കുട്ടികളെയെന്നപോലെ മുതിർന്നവരെയും ഇത് കൂട്ടിക്കൊണ്ടുപോവും, തീർച്ച.

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

# ആശീർവാദം

സന്ധ്യയായി; ഞാൻ ചാരുകസേരയിൽ
ബന്ധനസ്ഥനെപ്പോലെയിരിക്കവേ,
കൂടെഴുന്ന മരങ്ങളിലെത്തുവാൻ
നീഡജങ്ങൾ നിരയായ് പറക്കവേ,
ബന്ധുരങ്ങളാം ബന്ധൂകപുഷ്പങ്ങ-
ളന്തിവിണ്ണിൻ കവിളിൽത്തിളങ്ങവേ,
ആടിയാടി വിശന്നു വലഞ്ഞയാൾ
തേടിയെത്തിയെൻ വീടിന്റെയങ്കണം
കല്ലുബഞ്ചിലിരുന്നു മൊഴിഞ്ഞയാൾ:
"വല്ലതും തരൂ, പട്ടിണിയാണു ഞാൻ."
ദീനസേവനതത്പരനെൻമകൻ
ചോറുമായെത്തി ഭിക്ഷുവിന്നന്തികേ!
ആർത്തിയോടയാൾ വേണ്ടുവോളം ഭുജി-
ച്ചാർത്തി തീർത്തു പ്രശാന്തനായ് മേവിനാൻ.
പിന്നെ മെല്ലെയെഴുന്നേറ്റു പോകുവാൻ;
നന്ദി മിന്നിത്തിളങ്ങുന്നു കൺകളിൽ!
രണ്ടു കൈയുമുയർത്തിപ്പിടിച്ചുകൊ-
ണ്ടിണ്ടലെന്യേ, തെളിഞ്ഞ മനസ്സുമായ്,
'ആയിരം പുണ്യമിക്കുടുംബത്തി'നെ-
ന്നാഗതൻ ചൊല്ലി ബാഷ്പാവിലാക്ഷനായ്!
പാവമോതിയോരാശീർവചസ്സുകൾ
ജീവിതത്തിന്നു നവ്യപ്രചോദനം
ഏകി; കാരുണ്യവാനായ ദൈവമേ,
പാഹി, പാഹി, നിൻ മക്കളാം ഞങ്ങളെ!
പാപികൾ, മഹാപാപികളെങ്കിലും
പാലനം ചെയ്‌വു നിൻകൃപ ഞങ്ങളെ!
സ്നേഹധാരയാൽ ക്ഷാളനം ചെയ്യാത്ത
പാപമേതുള്ളു, പാരിന്നതിർത്തിയിൽ!

മിനിക്കഥ

ജോൺ ജെ. പുതുച്ചിറ

# മെയ്ഡ് ഇൻ നെടുങ്കണ്ടം

'കർഷകരാജ്യം' മാസികയ്ക്ക് പുതിയ സബ് എഡിറ്റേഴ്സിനെ തിരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ നടക്കുകയായിരുന്നു അന്ന്.

എഴുത്തുപരീക്ഷയിലൂടെ ജയിച്ചുവന്ന ഒരുപറ്റം യുവപത്രപ്രവർത്തനകാംക്ഷികളെ വീരശൂരപത്രാധിപപ്രമുഖൻ ചോദ്യശരങ്ങളെയ്തു വലയ്ക്കുന്നു. ചിലർ ഉരുളയ്ക്ക് ഉപ്പേരിപോലെ ഉത്തരങ്ങൾ നൽകി പിടിച്ചു നില്ക്കുന്നു.

ഇതാ ഇപ്പോൾ പത്രാധിപകേസരിയുടെ മുന്നിൽ വെളുത്തു കൊലുന്നനെയുള്ള ഒരു യുവസുന്ദരി.

പതിവുപോലെ പ്രമുഖന്റെ ചോദ്യശരങ്ങൾ.

എല്ലാറ്റിനും അവളുടെ സമർത്ഥമായ മറുപടി.

പത്രാധിപന്റെ മുഖത്ത് ഒരു നേരിയ ക്ഷീണഭാവം. എന്നാൽ, ഇവളെ ഒന്ന് ഇരുത്തിയിട്ടുതന്നെ കാര്യം. എന്തായാലും ഇവൾ ഒരു പെണ്ണല്ലേ!

അടുത്ത ചോദ്യം.

"നെടുങ്കണ്ടത്തുനിന്ന് ഈ കോട്ടയംവരെ കുട്ടി തനിച്ചാണോ വന്നത്?"

"അല്ല - കൂട്ടിന് ആങ്ങളയുണ്ടായിരുന്നു."

"ആങ്ങള എന്തു ചെയ്യുന്നു?"

"ബാങ്ക് ഓഫീസറാണ്."

"നിങ്ങൾക്ക് ഇവിടെ ജോലി കിട്ടി, ഇവിടെ ഇടയ്ക്കിടെ ഇങ്ങനെ വരേണ്ടിവന്നാൽ സഹോദരന്റെ ലീവെല്ലാം നഷ്ടപ്പെടുമല്ലോ." അങ്ങേർ അതിൽ ഇരുത്താനുള്ള ശ്രമമാണ്.

അപ്പോൾ അവളുടെ ചാട്ടുളി പ്രയോഗം.

"സാറ് അതോർത്തു വിഷമിക്കേണ്ട. എനിക്ക് വേറേ പത്ത് ആങ്ങളമാർകൂടിയുണ്ട്."

"എന്റമ്മോ!"

അതു കേട്ടതും പത്രാധിപപ്രമുഖൻ പിന്നാക്കം മറിഞ്ഞു.

"പത്ത് ആങ്ങളമാർ!"

എന്നാലും തോറ്റുകൊടുക്കാൻ പാടില്ലല്ലോ.

ആ കിടന്ന കിടപ്പിൽ തന്റെ സെക്രട്ടറിയോട് അദ്ദേഹം വിളിച്ചു പറഞ്ഞു:

"എടോ സണ്ണിക്കുട്ടീ, നെടുങ്കണ്ടത്തുനിന്ന് ഒരു ആയിരം വാഴവിത്തിന് ഓർഡർ കൊടുക്കൂ. അത്യുത്പാദനശേഷിയുള്ള ഇനമാ. അടുത്തലക്കം നമ്മുടെ എല്ലാ വായനക്കാർക്കും ഓരോ വാഴവിത്തു ഫ്രീ."



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# നാഗസ്വരം

"താളം മേളം നാദസ്വരം കുറി കല്യാണമേ
ആണും പെണ്ണും ചേർന്നാടീടും പുതുകല്യാണമേ" (ചിത്രം - ഈനാട്)

ഐ.വി. ശശിയുടെ സംവിധാനത്തിൽ പുറത്തിറങ്ങിയ ഈ നാട് (1982) എന്ന ചലച്ചിത്രത്തിനുവേണ്ടി യൂസഫലി കേച്ചേരി എഴുതിയ ഗാനത്തിന്റെ ചരണത്തിലെ രണ്ടു വരികളാണ് മുകളിൽ ചേർത്തത്. പ്രസ്തുത ഈരടിയിൽ നാഗസ്വരം എന്നതിനു പകരം 'നാദസ്വരം' എന്നു പ്രയോഗിച്ചിരിക്കുന്നു. "നാദത്തിനും സ്വരത്തിനും മുഖ്യാർത്ഥം ഒന്നുതന്നെ, അതായത് ശബ്ദം. അതിനാൽ, നാദസ്വരത്തിനു പൗനരുക്തിദോഷമുണ്ട്."* ശരിയായ രൂപം നാഗസ്വരം. 'നാകസ്വരം' എന്ന പാഠഭേദവും പ്രചാരത്തിലുണ്ട്.

"നാദത്തെ സ്വരപ്പെടുത്തി അവതരിപ്പിക്കുന്നതാണ് നാദസ്വരം"** എന്ന നിരീക്ഷണത്തിനു യുക്തിയുടെ പിൻബലമില്ല. നാദോപകരണത്തിന് നാഗസ്വരം എന്നുതന്നെ പറയണം. തെക്കേ ഇന്ത്യയിൽ പ്രചാരത്തിലുള്ള സുഷിരവാദ്യമാണത്. തടികൊണ്ടു നിർമ്മിച്ച ഒരു തരം നീണ്ട കുഴലാണ് നാഗസ്വരം (a kind of clarinet). ഈ കുഴലിന്റെ മുകൾവശത്തും താഴ്‌വശത്തും ഏഴും അഞ്ചും ദ്വാരങ്ങൾ ഉണ്ടായിരിക്കും. ശീവാളി(പുൽത്തണ്ടാൽ നിർമ്മിതം)യിൽക്കൂടി ഊതുകയും മുകൾവശത്തുള്ള ഏഴു ദ്വാരങ്ങളിൽ ക്രമപ്രകാരം വിരലോടിക്കുകയും ചെയ്തുകൊണ്ടാണ് നാഗസ്വരം വായിക്കുന്നത്. തെന്നിന്ത്യയിൽ ഉത്സവാഘോഷങ്ങളിലും മംഗളവേളകളിലും ഒരു ചടങ്ങെന്ന നിലയിൽ നാഗസ്വരം വായിക്കുന്ന പതിവുണ്ട്. നാഗസ്വരക്കച്ചേരികൾക്കും ഇവിടെ ഏറെ പ്രാധാന്യമുണ്ട്. നാഗസ്വരത്തിന് തകിലും ജാലറയുമാണ് പക്കമേളങ്ങൾ.

മഹാവിഷ്ണുവിന്റെ പ്രീതിക്കായി, നാരദന്റെ ആവശ്യപ്രകാരം പ്രപഞ്ചത്തിലില്ലാത്ത ഒരു നാദം അനന്തൻ (ആയിരം തലയുള്ള സർപ്പം) കേൾപ്പിച്ചതായി ഒരു ഐതിഹ്യം നിലവിലുണ്ട്. നാഗം സ്വരം കൊടുത്തതിനാൽ ആ സംഗീതോപകരണത്തിനു നാഗസ്വരം എന്ന പേർ സിദ്ധിച്ചുവത്രേ. ഒരുപക്ഷേ, നാഗത്തിന്റെ ആകൃതി കാഴ്ചയിൽ തോന്നുന്നതിനാൽ നാഗസ്വരം എന്ന പേർ കിട്ടിയതുമാകാം. നാഗങ്ങൾക്കുപോലും ഇമ്പകരമായ (നാഗങ്ങൾക്ക് ശ്രവണശക്തിയില്ല) സംഗീതം നാഗസ്വരം, സ്വർലോകവാസികൾക്കുപോലും സുഖകരമായ സംഗീതം നാകസ്വരം - ഇങ്ങനെയുള്ള വിഗ്രഹിക്കലും അർത്ഥം പറയലും എത്രപേർ സ്വീകരിക്കുമെന്നറിയില്ല.

* ദാമോദരൻനായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം - 334.

** നാരായണൻ, വി.കെ., ഭാഷയും മാധ്യമവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014, പുറം - 30.

# പുസ്തകങ്ങൾ ചോദിക്കുന്നത്



ജൂൺ 19
വായനദിനം

ഷാജി മാലിപ്പാറ

*പുസ്തകങ്ങളിലഴുക്കു പറ്റിയാ-*
*ലത്തലേറ്റവുമെനിക്കു വന്നിടും*
*പുത്തനായവ സദാ വിളങ്ങിയാ-*
*ലെങ്ങുമിങ്ങധികമായ കൗതുകം.*

കെ. സി. കേശവപിള്ളയുടെ 'പുസ്തകം' എന്ന കൊച്ചുകവിതയുടെ തുടക്കമാണിത്. ഒരു വിദ്യാർത്ഥിയുടെ ആത്മഗതവും തീരുമാനവുമാണ് ഈ കവിതയിൽ മുഴങ്ങുന്നത്. അതിലെ അവസാനവരികൾ ശ്രദ്ധിക്കൂ:

*ഞാനവറ്റിലൊരഴുക്കു തേയ്ക്കയോ*
*പേന പെൻസിലിവയാൽ വരയ്ക്കയോ*
*ചെയ്കയില്ലിവ പഠിച്ച മാത്രയിൽ*
*ചേർത്തുവയ്ക്കുമൊരുപോലെ ഭംഗിയായ്.*

ഇപ്പറയുന്നതത്രയും പാഠപുസ്തകത്തെക്കുറിച്ചാണെങ്കിലും ഏതൊരു പുസ്തകത്തെയും കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്ന് ഈ വരികൾ നമുക്കു പറഞ്ഞുതരുന്നു. അറിവിന്റെ അക്ഷയഖനികളായ പുസ്തകങ്ങൾ, വായിക്കാനുള്ള സാമഗ്രികളാണ്. വിദ്യയ്ക്കു വില കല്പിക്കുന്ന ഏതൊരാളും അവയെ ആദരവോടെ കാണുന്നു. പുതിയൊരു വിദ്യാലയവർഷാരംഭത്തിൽ മനസ്സിൽ സൂക്ഷിക്കേണ്ട ഒരു പരമാർത്ഥത്തെയാണ് കവി മുന്നോട്ടുവയ്ക്കുന്നത്.

മഹാകവി ഉള്ളൂർ, പുസ്തകം കൈയിലുള്ളവനെ ഭാഗ്യവാനെന്നു വിശേഷിപ്പിക്കുന്നതു നോക്കൂ:

*ഒരൊറ്റപ്പുസ്തകം കൈയി-*
*ലോമനിപ്പതിനുള്ളവൻ*
*ഏതു സമ്രാട്ടിനേക്കാളു-*
*മെന്നാളും ഭാഗ്യമാർന്നവൻ.*

അറിവിന്റെ അദ്ഭുതമനുഷ്യനായിരുന്ന എൻ. വി. കൃഷ്ണവാര്യർ എഴുതിയ പ്രസിദ്ധമായൊരു കവിതയാണ് 'പുസ്തകങ്ങൾ'.

*പുസ്തകങ്ങളിലെന്തൊക്കെയുണ്ട്?*
*പുസ്തകങ്ങളിൽ വിസ്മയമുണ്ട്,*
*പുസ്തകങ്ങളിലാനന്ദമുണ്ട്,*
*പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട്.*

പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്ന വിസ്മയവും വിജ്ഞാനവും ആനന്ദവുമൊക്കെ കവി എണ്ണിയെണ്ണിപ്പറയുന്നുമുണ്ട്. അതുകൊണ്ടുകൂടിയാണ് വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ കവിതയിലെ കുട്ടി പറയുന്നത്:

*വായിക്കാനുണ്ടേറെയെനിക്കും*
*ഞാനും സഞ്ചിയഴിക്കട്ടെ.*

എല്ലാ പുസ്തകങ്ങളും നമ്മുടെ കൈവശം ഉണ്ടാവുകയില്ല. അവ ഉള്ളിടത്തുനിന്നു സമ്പാദിച്ചുവായിക്കണം. നാട്ടിലെമ്പാടുമുള്ള വായനശാലകൾ അതിനു സഹായിക്കുന്നു. അത്തരം പുസ്തകാലയങ്ങളുടെ പ്രണേതാവായിരുന്ന പി. എൻ. പണിക്കരോടുള്ള ആദരസൂചകമായിട്ടാണല്ലോ നാം ജൂൺ 19 ന് വായനദിനം ആചരിക്കുന്നത്. ഒരു വായനശാല നൽകുന്ന അനുഭവം എത്ര ഹൃദയസ്പർശിയാണെന്ന് റഫീക്ക് അഹമ്മദ് 'വായനശാല' എന്ന കവിതയിൽ വിവരിക്കുന്നു:

*എത്ര പുസ്തകങ്ങളാണവിടെ, തമ്മിൽത്തമ്മി-*
*ലൊട്ടിനിൽക്കുന്നു സ്തബ്ധലോകങ്ങളുള്ളിൽ പേറി.*

..............................

*വാക്കുകൾ അത്രയ്ക്കത്ര തിങ്ങിനിൽക്കുമ്പോളുണ്ടാ-*
*മിത്തരം നിശ്ശബ്ദത കേൾക്കുകില്ലെങ്ങും വേറേ.*

ഒരിക്കലെങ്കിലും വായനശാലയിൽ പോയിരുന്ന് വായിച്ചിട്ടുള്ളവർക്ക് കവിവാക്യത്തിന്റെ പൊരുൾ തിരിയും.

കാലം മാറുമ്പോൾ സംഭവിക്കുന്ന രുചിഭേദങ്ങളുടെ പശ്ചാത്തലത്തിൽ സച്ചിദാനന്ദൻ 'പുസ്തകങ്ങളുടെ പ്രയോജനം' തേടുകയാണ്, അതേ പേരിലുള്ള കവിതയിൽ. ചില വരികൾ നോക്കൂ:

*അറിവിന്റെ കാലത്ത് പുസ്തകങ്ങൾ ചോദ്യങ്ങളുന്നയിക്കുന്നു*
*ആലസ്യത്തിന്റെ കാലത്ത് ഉറങ്ങുന്നവനു തലയണയാകുന്നു.*



*സമൃദ്ധിയുടെ കാലത്ത് ഉണ്ടവന് ആനന്ദം പകരുന്നു*
*ദൗർഭിക്ഷ്യത്തിന്റെ കാലത്ത് വിശക്കുന്ന മനുഷ്യർ*
*പുസ്തകങ്ങൾക്കു മീതേ കയറിനിന്ന്*
*അലമാരിപ്പുറത്തെ അവസാനത്തെ അപ്പക്കഷണത്തിനു*
*കൈയെത്തിക്കുന്നു.*

അയ്യപ്പപ്പണിക്കരുടെ 'വായന' എന്ന കവിതയിലെ ആഖ്യാനം രസകരമാണ്:

*തൊപ്പിയുമിട്ട് റേഡിയോ വച്ച്*
*വിളക്കു കൊളുത്തി*
*വാച്ചും കെട്ടി ചെരുപ്പുമിട്ട്*
*ഇന്നാ വീട്ടിലിരുന്നു ഞാനൊരു*
*ചെറുകഥ വായിച്ചു*
*വായനയില്ലാതായില്ലെന്നതി-*
*ലെഴുതിയിരിക്കുന്നു!*

കവിയൊരു ചെറുകഥ വായിച്ചു; വായനയില്ലാതായില്ല എന്ന കാര്യവും അതിൽ വായിച്ചു. വായനയില്ലാതാകുന്നത് നാം വായിക്കാതിരിക്കുമ്പോഴാണ്. എന്നാൽ, വായിക്കുമ്പോഴോ, വായന ഉണ്ടാവുന്നു. ഇല്ലാതാകലിന്റെ വിപരീതമാണല്ലോ ഉണ്ടാകൽ. വായനയെ സംബന്ധിച്ചുള്ള ഇല്ലായ്മ ഇല്ലാതാക്കാൻ വായനയാണ് മറുമരുന്ന്. ഈ വായനദിനത്തിൽ നമുക്ക് വായിച്ചുതുടങ്ങാം; വർഷം മുഴുവൻ വായനയിൽ തുടരാം. ഏവർക്കും വായനദിനാശംസകൾ!

# ന്യൂനപക്ഷക്ഷേമപദ്ധതികൾ

(4-ാം പേജ് തുടർച്ച)

വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാനപരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരുടെ അഭാവത്തിൽ മാത്രം ആറു ലക്ഷം രൂപ വരുമാനപരിധിയിൽപ്പെടുന്നവരെയും പരിഗണിക്കും. www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**8.അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷയ്ക്കു തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് /ഹോസ്റ്റൽ ഫീസ് റീ ഇമ്പേഴ്സ്ചെയ്യുന്ന പദ്ധതി**

സിവിൽ സർവീസ് പരീക്ഷയ്ക്കു തയ്യാറെടുക്കുന്ന ന്യൂനപക്ഷമതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ്ഫീസ് / ഹോസ്റ്റൽഫീസ് റീം ഇംബേഴ്സ്മെന്റ് പദ്ധതി. അഖിലേന്ത്യാ സിവിൽസർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് /ഹോസ്റ്റൽ ഫീസ് റീ ഇംമ്പേഴ്സ് ചെയ്യുന്ന പദ്ധതി. കേരള സിവിൽ സർവീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച് സ്റ്റഡീസ്- പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലനകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പഠിതാക്കൾക്ക് അപേക്ഷിക്കാം. നോൺ ക്രീമിലയർ പരിധിയിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ബി.പി.എൽ. വിഭാഗത്തിന് മുൻഗണന. ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000 രൂപയും ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000 രൂപയും പരമാവധി നൽകും. ഒരു സാമ്പത്തികവർഷം 200 ഉദ്യോഗാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും. www.minoritywelfare. kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**9. ഉറുദു ഒന്നാംഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്എസ്എൽസി &ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് (പർവാസ് 2017)**

ഉറുദു ഐച്ഛികഭാഷയായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി. & ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് 1000 രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു.

**10. ന്യൂനപക്ഷ കേന്ദ്രീകൃതപ്രദേശങ്ങളിലെ കുടിവെള്ള വിതരണപദ്ധതി**

ന്യൂനപക്ഷകേന്ദ്രീകൃതപ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാനഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കുന്ന പദ്ധതി. കേരള വാട്ടർ അതോറിട്ടി മുഖേനയുള്ള പ്രൊപ്പോസലുകൾ/ എസ്റ്റിമേറ്റുകൾ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരത്തോടുകൂടി അസൽ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ടു സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/ബന്ധപ്പെട്ട ജില്ലകളിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/സന്നദ്ധസംഘടനകൾ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിലെ പദ്ധതി പൂർത്തീകരിച്ചാൽ വരുംകാലങ്ങളിലെ മേൽനോട്ടം ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ നടത്തുമെന്ന സാക്ഷ്യപത്രം പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കേരളവാട്ടർ അതോറിട്ടി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

**11. ന്യൂനപക്ഷകേന്ദ്രീകൃത വില്ലേജുകളിലെ സ്കൂളുകളിൽ വിർച്വൽ/സ്മാർട്ട് ക്ലാസ് റൂം**

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ, വിവിധ വകുപ്പുകളുടെ ഇതേ പദ്ധതികൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടാത്ത, സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ / ഹയർസെക്കൻഡറി സ്കൂളുകളിലാണ് ഇതു നടപ്പാക്കുന്നത്. പത്തനംതിട്ട, വയനാട് ഒഴികെയുള്ള ജില്ലകളിൽ ക്ലസ്റ്റർ വില്ലേജുകളായി തിരഞ്ഞെടുക്കപ്പെട്ട 60 വില്ലേജുകളിലെ ഒന്നോ / രണ്ടോ വീതം സ്കൂളുകളിലാണ് ടി പദ്ധതി പൂർത്തീകരിച്ചുവരുന്നത്.

**12. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യപരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും**

കേരള പബ്ലിക് സർവീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, ബാങ്കിങ് സർവീസ് പരീക്ഷകൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സരപ്പരീക്ഷകൾ, വിവിധ കോഴ്സുകൾക്കായുള്ള എൻട്രൻസ് പരീക്ഷകൾ എന്നിവയ്ക്കായുള്ള സൗജന്യപരിശീലനമാണ് ഈ കേന്ദ്രങ്ങൾവഴി മുഖ്യമായും നൽകിവരുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥിക്ക് പരമാവധി ആറു മാസംവരെ പരിശീലനം നൽകുന്നു. ജനുവരിമുതൽ ജൂൺവരെയും ജൂലൈമുതൽ ഡിസംബർവരെയുമാണ് കോഴ്സ് കാലാവധി. 14 ജില്ലകളിലായി 17 പരിശീലനകേന്ദ്രങ്ങളും 20 ഉപകേന്ദ്രങ്ങളും സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്നു. **പ്രത്യേകതകൾ:** നിലവിലെ കോഴ്സുകൾക്കു പുറമേ, കേന്ദ്ര-സംസ്ഥാന സർക്കാർ ഏജൻസികൾ പുറപ്പെടുവിക്കുന്ന വിജ്ഞാനപ്രകാരം ജോലിക്ക് അപേക്ഷിച്ചിട്ടുള്ള 30 മുതൽ 40 വരെയുള്ള ഉദ്യോഗാർത്ഥികൾ പരിശീലനം ആവശ്യപ്പെടുന്നപക്ഷം നിശ്ചിത കാലദൈർഘ്യത്തിലേക്ക് ക്ലാസ്സുകൾ നൽകുന്നു.

**13. കേരള മദ്രസ അധ്യാപകക്ഷേമനിധിയും പെൻഷൻ പദ്ധതിയും**

**എ.** പെൻഷൻ പദ്ധതി, **ബി.** വിവാഹധനസഹായം, **സി.** ചികിത്സാധനസഹായം, **ഡി.** എസ്.എസ്.എൽ.സി., പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ്, **ഇ.** ഭവനപദ്ധതി

■

# ഡോ. കെ. സി. ബേബി ഓലിക്കൽ മെമ്മോറിയൽ റോട്ടറി അവാർഡ്

## സ്നേഹഗിരി മിഷണറി സന്ന്യാസിനീസമൂഹത്തിന്

കാരുണ്യപ്രവർത്തനങ്ങളിൽ സജീവമാകുന്ന സംഘടനകൾക്കോ വ്യക്തികൾക്കോ നൽകുന്ന ഒരുലക്ഷത്തിയൊന്ന് രൂപയുടെ ഡോ.കെ.സി. ബേബി ഓലിക്കൽ അവാർഡ് സ്നേഹഗിരി സന്ന്യാസിനീസമൂഹത്തിന് സമ്മാനിക്കും. പാലാ റോട്ടറി ക്ലബ്, ഡോ. കെ. സി. ബേബി ഓലിക്കൽ ചാരിറ്റബിൾ ഫൗണ്ടേഷനുമായി ചേർന്നാണ് അവാർഡ് നൽകുന്നത്.

കേരളത്തിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമായി 108 സ്ഥാപനങ്ങൾ സ്നേഹഗിരി സന്ന്യാസിനീസമൂഹത്തിന്റേതായുണ്ട്. ഏകദേശം 5000ത്തോളം അന്തേവാസികൾ ഈ സ്ഥാപനങ്ങളിൽ താമസിച്ച് ശുശ്രൂഷകൾ ഏറ്റുവാങ്ങുന്നു. പുണ്യശ്ലോകനായ എബ്രഹാം കൈപ്പൻപ്ലാക്കലച്ചൻ 1969 ൽ സ്ഥാപിച്ച ഈ സന്ന്യാസിനീസമൂഹത്തിൽ 500 ൽ പരം സന്ന്യാസിനികൾ സേവനമനുഷ്ഠിക്കുന്നു.

കഥ

# മണ്ണ്

**എലിക്കുളം ജയകുമാർ**

**പ**തിവുപോലെ പത്രത്താളുകളിലും സാമൂഹികമാധ്യമങ്ങളിലും പരിസ്ഥിതിദിനത്തിന്റെ പച്ചപ്പും പേറി വാർത്തകൾ നിരന്നു. എന്റെ മനസ്സിൽ നേർത്തൊരോർമയായി ബിനുമോന്റെ ചിത്രമാണ് തെളിയുന്നത്. വർഷങ്ങൾ പലതു കഴിഞ്ഞിട്ടും അത് എന്റെ മനസ്സിൽനിന്നു മായുന്നേയില്ല. നിർത്താതെ മഴ പെയ്തിരുന്ന ഒരു വൈകുന്നേരം നാട്ടോർമകൾ പങ്കുവച്ച് ഞങ്ങൾ വഴിയിലൂടെ നടക്കുകയായിരുന്നു. നാട്ടിലും, നഗരജീവിതം പേറുന്നവർ വാഹനങ്ങളിൽ ചീറിപ്പാഞ്ഞു. പണിയാളുകൾ അത്യാവശ്യ വീട്ടുസാധനങ്ങളും വാങ്ങി വീടുകളിലേക്കുള്ള നനഞ്ഞ യാത്ര തുടരുന്നു.

തൊട്ടുമുമ്പിൽ കാണുന്നതാണ് കാവാലി ജംഗ്ഷൻ. കാവാലി ജംഗ്ഷനിലെ മുറുക്കാൻ കടയിൽ പതിവുവെടിവട്ടക്കാരും ഇരിപ്പുണ്ടായിരുന്നു. മടിയിലിരുന്ന ബീഡിയെടുത്തു ചുറ്റും നിന്നവർക്കു കൊടുത്തുകൊണ്ട് ചെത്തുകാരൻ മാധവൻ പറഞ്ഞു: ഇങ്ങനെ മഴ പെയ്താൽ എന്റെ കഞ്ഞികുടി മുട്ടൂന്നാ തോന്നുന്നത്. ഇപ്പോ.. ചെത്താൻ പനമരം ഒന്നുമില്ലെന്നായി.

ആകാശവാണി തങ്കപ്പൻ അതുകേട്ട് ഒന്ന് ഇരുത്തിമൂളി. പിന്നെ തീപ്പെട്ടിക്കമ്പൊടിച്ചു പല്ലിന്റെയിട കുത്തി വായിൽ തടഞ്ഞ പാക്കിന്റെ കഷണം പുറത്തേക്കു തുപ്പിക്കൊണ്ടു പറഞ്ഞു: "കുറച്ചു പന വെച്ചുപിടിപ്പിച്ചാൽ മരം വച്ചെന്നുമാകും, മായമില്ലാത്ത കള്ളും കുടിക്കാം." തോമായുടെ അഭിപ്രായം മറ്റൊന്നായിരുന്നു: "പന ഇല്ലെങ്കിലെന്താ മഴയുണ്ടെങ്കിൽ മാധവന്റെ കാര്യം ഓക്കേയാ." മഴയെ അവഗണിച്ചുകൊണ്ട് എന്റെ കാലുകൾ മുന്നോട്ടു നീങ്ങി. ഞാൻ നേരേ പൂവച്ചോടു ജംഗ്ഷനിലെത്തി.

പൂവച്ചോട് ജംഗ്ഷനിൽ കലുങ്കിനോടു ചേർന്ന് പുറമ്പോക്കിലിരിക്കുന്നതാണ് കുമാരന്റെ വീട്. അയാളുടെ മകനാണ് ബിനുമോൻ. ബിനുമോൻ മൂന്നാം ക്ലാസിലാണു പഠിക്കുന്നത്. പഠനത്തിൽ മിടുക്കനാണ്, നല്ല പാട്ടുകാരനുമാണ്. എല്ലാ വർഷവും നാടൻപാട്ടിൽ അവൻ സ്കൂളിൽ ഫസ്റ്റ് ആണ്.

പുറമ്പോക്കിലുള്ള അവന്റെ



വീടിനു മുമ്പിലെത്തിയപ്പോഴാണ് ആ കാഴ്ച കണ്ടത്. ബിനുമോൻ പ്ലാസ്റ്റിക് കൂടിൽ പാകി മുളപ്പിച്ച ഒരു മരത്തൈയുമായി വിഷമിച്ചു നിൽക്കുന്നു. ഇലകളിൽ നേർത്ത മഴത്തുള്ളികൾ വിട്ടുപിരിയാനാവാതെ നിന്നു. അവന്റെ കവിളുകളിലും മുടിയിലും കൺപുരികങ്ങളിലും നനവു പടർത്തിയ മഴമുത്തുകൾ അവന്റെ നെഞ്ചിലേക്ക് ഊർന്നുവീഴുന്നു.

ഞാൻ അവന്റെ അടുത്തെത്തി.

"ഇതെന്താ നീ മരത്തൈയുമായി നിൽക്കുന്നത്..." ഞാൻ ചോദിച്ചു. അവൻ ഉടനെ മറുപടി പറഞ്ഞു: "ഇന്ന് ക്ലാസ്സീന്നു ടീച്ചർ തന്നു വിട്ടതാ. എല്ലാരും വീട്ടിൽ കൊണ്ടുപോയി ഈ മരം നടണമെന്നും ദിവസോം വെള്ളമൊഴിച്ച് നനച്ചു വളർത്തണോന്നും പറഞ്ഞു:

"ഞാൻ ഇവിടെ മരം വെക്കാൻ തുടങ്ങിയപ്പോഴാണ് അച്ഛൻ പറഞ്ഞത്..."

"മോനേ, ഇതു പുറമ്പോക്കാ, ഇവിടെ നമുക്ക് ഒന്നും വയ്ക്കാൻ പറ്റത്തില്ല. പി.ഡബ്ല്യു.ഡി.കാർ വന്ന് പറിച്ചുകളയും സ്ഥലം അവരുടെതാണെന്നാ പറയുന്നത്."

അവൻ മൗനിയായി ഒരു നിമിഷം നിന്നതിന്നുമോർക്കുന്നു.

"ദാസേട്ടാ, ഞാൻ ഇനിയെന്തു ചെയ്യും.?... ദാസേട്ടൻ ഇതു കൊണ്ടുപോയി നട്ടുവളർത്താവോ... ഞാൻ എന്നും വന്ന് വെള്ളമൊഴിക്കുകയും കേടുകൂടാതെ നോക്കുകയും ചെയ്തോളാം."

ആ കുഞ്ഞുകൈകൾ നെല്ലി മരത്തൈയുമായി എന്റെ നേർക്കു നീണ്ടു. ഞാനതു വാങ്ങുമ്പോൾ അവന്റെ കണ്ണുകൾ ചുവന്നു. ചുണ്ടുകൾ വിറച്ചു. കണ്ണീർത്തുള്ളികൾ അടർന്ന് നെഞ്ചിലേക്കു വീണു.

ഒരു തേങ്ങലോടെ അവൻ പറഞ്ഞു: "ഒരിത്തിരി മണ്ണ് ഓർമയ്ക്കായി ഒരു മരം വയ്ക്കാനെങ്കിലും വേണം. എന്റേതെന്നു പറയാൻ..."

പത്രം വായിച്ചു മടക്കിയിട്ടും ബിനുമോന്റെ ചിത്രം മനസ്സിൽനിന്നു മായുന്നതേയില്ല. ■

---

ചരിത്രത്തിലെ ജ്വാലാമുഖികൾ

# ചമയങ്ങളൊഴിഞ്ഞ രാജകുമാരി

**വത്സല നിലമ്പൂർ**

**അ**ടിമവംശത്തിലെ സുൽത്താനായിരുന്ന ഷംസുദീൻ ഇൽത്തുമിഷിന്റെ മകളായിരുന്നു റസിയ സുൽത്താന.

ഒരു ഭരണകുടുംബത്തിലെ അംഗമായ റസിയ അധികാരകേന്ദ്രങ്ങളോട് ഏറെ അടുപ്പം പുലർത്തിയാണ് വളർന്നത്.

റസിയയ്ക്ക് അഞ്ചു വയസ്സുള്ളപ്പോൾ, ഇൽത്തുമിഷ് ഡൽഹിയുടെ ഭരണാധികാരിയായി. റസിയയ്ക്ക്, പിതാവ് രാജ്യകാര്യങ്ങളിലേർപ്പെടുമ്പോൾ അദ്ദേഹത്തിനു സമീപത്തെത്താൻ അനുവാദമുണ്ടായിരുന്നു. പിന്നീട്, ഒരു രാജ്യം ഭരിക്കാൻ മതിയായ പരിശീലനം അവർ നേടി.

അവരുടെ കഴിവുകളും ഉത്സാഹവും ഇൽത്തുമിഷിന് അവരെ പ്രിയങ്കരിയാക്കുകയും ചെയ്തു. റസിയയുടെ സഹോദരനും ഇൽത്തുമിഷിന്റെ മൂത്തമകനുമായിരുന്ന നാസിറുദ്ദീൻ മഹ്മൂദിനെ പിൻഗാമിയാക്കാൻ ഇൽത്തുമിഷ് തീരുമാനിച്ചിരുന്നു. ക്രി.വ. 1229 ൽ നസിറുദ്ദീൻ മഹ്മൂദ് പെട്ടെന്നു മരണമടഞ്ഞു. ഇൽത്തുമിഷിനെ സംബന്ധിച്ചിടത്തോളം വലിയ നഷ്ടമായിരുന്നു ഇത്. കാരണം, തന്റെ മറ്റു പുത്രന്മാരിൽ ആരും തന്നെ സിംഹാസനത്തിനു യോഗ്യരല്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

1230 ൽ ഗ്വാളിയറിനെതിരേ ആക്രമണം നടത്താൻ അദ്ദേഹത്തിനു തലസ്ഥാനം വിടേണ്ടി വന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽ സുൽത്താന്റെ വിശ്വസ്തനായ മന്ത്രിയുടെ സഹായത്തോടെ റസിയ യോഗ്യതയുള്ള ഭരണാധികാരിയായി പ്രവർത്തിച്ചു. ഗ്വാളിയാർ പിടിച്ചെടുത്ത ശേഷം 1231 ൽ ഇൽത്തുമിഷ് ദില്ലിയിലേക്കു മടങ്ങിയെത്തി. പിന്തുടർച്ചയുടെ വിഷയം അദ്ദേഹത്തിന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു.



റസിയ സുൽത്താന

ഇൽത്തുമിഷ് റസിയയെ തന്റെ അനന്തരവകാശിയായി പ്രഖ്യാപിച്ചു. പിൻഗാമിയായി ഒരു വനിതയെ നിയമിച്ച ആദ്യത്തെ സുൽത്താനായി മാറി അദ്ദേഹം.

1236 ഏപ്രിൽ 30 ന് ഇൽത്തുമിഷ് മരിച്ചതിനുശേഷം, റസിയയുടെ അർദ്ധസഹോദരനായിരുന്ന രുക്നുദ്ദീൻ ഫിറൂസ് സിംഹാസനാരോഹണം നടത്തി.

രുക്നുദ്ദീൻ ഫിറൂസിന്റെ ഭരണകാലം ഹ്രസ്വമായിരുന്നു. രുക്നുദ്ദീൻ രാജ്യകാര്യങ്ങളിൽ ഉപേക്ഷ കാണിച്ചതോടെ രാജ്യത്തെ പൗരന്മാർ പ്രകോപിതരാകുകയും സർക്കാർ നടത്തുന്ന എല്ലാ പ്രായോഗിക ആവശ്യങ്ങളുടെയും ചുമതല ഇൽത്തുമിഷിന്റെ വിധവ ഷാ തുർക്കനിൽ വന്നുചേരുകയും ചെയ്തു.

പക്ഷേ, 1236 നവംബർ 9 ന്, ആറുമാസത്തെ ഭരണത്തിനു ശേഷം റുക്നുദ്ദീനും മാതാവ് ഷാ തുർക്കാനും കൊല്ലപ്പെട്ടു. വിമുഖതയോടെയെങ്കിലും, റസിയയെ ദില്ലിയിലെ സുൽത്താനയായി വാഴിക്കാൻ കുലീനവർഗം സമ്മതിച്ചു.

തുർക്കിവംശജനല്ലാത്ത അബ്സീനിയൻപ്രഭു യാകുതിനെ റസിയ ഉന്നതസ്ഥാനത്ത് അവരോധിച്ചത് പ്രഭുക്കൾക്കിടയിൽ എതിർപ്പിനു കാരണമായി. അവർ കലാപമാരംഭിച്ചു. യാകുത്തിനോട് അമിതമായ സൗഹൃദം കാട്ടുന്നുവെന്ന ആരോപണവും ശക്തമായിരുന്നു. സർഹിന്ദിലേക്കുള്ള യാത്രാമദ്ധ്യേ യാകുത് വധിക്കപ്പെടുകയും റസിയ തടവിലാക്കപ്പെടുകയും ചെയ്തു.

തന്നെ പിടികൂടിയ അൽത്തൂനിയയെ വശീകരിച്ചു ഡൽഹിയുടെ ആധിപത്യത്തിനുവേണ്ടിയുള്ള ശ്രമം നടത്തിയെങ്കിലും പരാജയപ്പെട്ടു. ഒടുവിൽ പലായനം ചെയ്യവേ റസിയയെ കൊള്ളക്കാർ പിടികൂടി വധിച്ചു.

റസിയ സുൽത്താന തികച്ചും വിഭിന്നസ്വഭാവമുള്ള ഒരു രാജകുമാരിയായിരുന്നു. അവർ ചമയങ്ങളെയും ആഡംബരങ്ങളേയും അകറ്റിനിർത്തിയിരുന്നു. ദില്ലിയിൽ ലാലാബഡൻ മാർഗിൽ റസിയയുടെ ശവകുടീരം കാണാം.

തന്റെ വംശം നിലനിൽക്കുന്നതിനും സദ്ഭരണം കാഴ്ചവയ്ക്കുന്നതിനും സ്വന്തം നാടിന്റെ പുരോഗതിക്കുമായി ഒരുപാട് ആസൂത്രണങ്ങളോടെ ജീവിതം തുടങ്ങിയവളായിരുന്നു റസിയ.

ചരിത്രത്തിൽ അവർക്ക് മഹത്തായ ഒരു സ്ഥാനമുണ്ട്. ദേശസ്നേഹിയായ ഒരു വനിതയെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം മനസ്സിലേക്കു വരുന്നത് റസിയ സുൽത്താനെയാണ്. ■

---

കവിത

**വി. പി. ജോൺസ്**

## എത്ര ചേതോഹരമീ ദൃശ്യം!

പൂക്കൾ പാടുന്നു പുലരി ചോക്കുന്നു
മിഴികൾ പതിയെ വിടർന്നു വരുന്നിതാ
മലരുകൾ മധുരഗന്ധമൊരുക്കി
മൃദുലകർണങ്ങൾ കൂർത്തിതാ കാണ്മൂ
ഏകാന്തതയോ ചുറ്റും വീണുറങ്ങുന്നു.
ഉഷസ്സിൻ പുറകിലായുച്ചയെത്തുന്നു,
ഉച്ച, നട്ടുച്ചയിൽ ഭൂമി തീയിറക്കുന്നു.
അപരാഹ്നത്തിലും വെയിൽ കത്തിനില്ക്കുന്നു
പിന്നെ സായന്തനം ശ്യാമരാവുമായെത്തി
ശീതഗീതമായ് മഴയടുത്തെത്തി
തളിരുതൂവി കുളിരാകെ വീശി
തെന്നൽ നൃത്തലോലയായെത്തി
പാട്ടുപാടി പറവകൾ പാറി
പാതിരായ്ക്കും പക്ഷി പാട്ടുരുവിട്ടു
പിന്നെ മാനം വെളുത്തും ചുവന്നും
വിണ്ടലം രാഗനിർവൃതി പൂകി
പൂർവ്വദിങ്മുഖം കുഞ്ഞുസൂര്യന്റെ
പുഞ്ചിരിയാൽ രാഗപൂർണിമ പൂണ്ടു
രാഗപ്രഭാതാഭ തൂകിച്ചിരിച്ചും
രാഗമേകി ധരാതലമാകെ
ഹർഷഭരിതം നവോഢപോൽ ചോന്നി-
താവർത്തനത്തിൻ നവദിനസൗഖ്യം
ആസ്വദിപ്പൂ ധരിത്രിതൻ പുണ്യം
ആത്മതേജസ്സിൽ ദിവ്യപ്രസാദം
അരുണകിരണമായ് മന്നിലിറങ്ങി
അതുല ചേതോഹരം ദിവ്യദൃശ്യം

# വേണമെങ്കിൽ പച്ചക്കറി കേരളത്തിലും വിളയും!





പ്രിൻസ്‌രാജ്

നമ്മെ ഇപ്പോഴും വിടാതെ പിന്തുടരുന്ന കൊവിഡ്, പറഞ്ഞറിയിക്കാൻ കഴിയാത്തത്ര കഷ്ടനഷ്ടങ്ങളാണു സമ്മാനിച്ചത്. അതുകൊണ്ടുതന്നെ കൊവിഡ് കാലത്തു ശുഭവാർത്തകൾ നാമമാത്രമായി. അശുഭവാർത്തകൾ ആകട്ടെ മഹാമാരിയായും പെയ്തിറങ്ങിക്കൊണ്ടിരിക്കുന്നു. എണ്ണം പറഞ്ഞ ശുഭവാർത്തകളിൽ ഒന്നായിരുന്നു കേരളത്തിലെ കാർഷികമേഖലയിൽ ഉണ്ടായ ഉണർവും ഉത്പാദനവർധനയും. അതിൽ ഏറ്റവും ശ്രദ്ധേയം പച്ചക്കറിയുത്പാദനത്തിൽ ഉണ്ടായ അഭൂതപൂർവമായ കുതിപ്പാണ്. 15.7 ലക്ഷം ടൺ ആണ് ഈ വർഷം പ്രതീക്ഷിക്കുന്ന പച്ചക്കറിയുത്പാദനം. കഴിഞ്ഞവർഷത്തെ ഉത്പാദനം 14.93 ലക്ഷം ടൺ ആയിരുന്നു. അതായത്, പ്രതീക്ഷിക്കുന്ന വർധന 77,000 ടൺ.

ആദ്യലോക്ഡൗൺ കാലത്ത് ഉത്പാദനവർധന ലക്ഷ്യമിട്ടു കൃഷിവകുപ്പു സ്വീകരിച്ച സത്വര നടപടികൾ ഫലം കണ്ടു. വിവിധ പദ്ധതികൾക്കായി സ്വരൂക്കൂട്ടി വച്ചിരുന്ന പച്ചക്കറിവിത്തുകൾ വീടുകളിൽ നേരിട്ട് എത്തിച്ചും കർഷകർക്കു ലഭ്യമാക്കിയും ഈ കെട്ടകാലത്തു കാർഷികമേഖലയ്ക്ക് ഉണർവേകി. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും, സംസ്ഥാനത്തെ പച്ചക്കറിയുത്പാദനം ഗണ്യമായ തോതിൽ മെച്ചപ്പെട്ടുകൊണ്ടാണിരുന്നതെന്ന്.

2015-16 ൽ 46,578 ഹെക്ടറിൽ പച്ചക്കറിക്കൃഷി ഉണ്ടായിരുന്നു. ഉത്പാദനം 6.28 ലക്ഷം ടൺ. 2016-17 ൽ 52,830 ഹെക്ടറിൽ ആയി കൃഷി. വർധന 6,252 ഹെക്ടർ. ഉത്പാദനം 7.25 ലക്ഷം ടൺ. 2017-18 ൽ പച്ചക്കറികൃഷി 69,047 ഹെക്ടറിലേക്കു വ്യാപിച്ചു. ഉത്പാദനമാകട്ടെ 10 ലക്ഷം ടൺ മറികടന്നു. 2018-19 ൽ കൃഷിഭൂമിയുടെ വിസ്തൃതിയിൽ അഭൂതപൂർവമായ വർധന ഉണ്ടായി. 82,163 ഹെക്ടർ. ഉത്പാദനം 12.12 ലക്ഷം ടൺ. 2019-20 ൽ ആകട്ടെ ഉത്പാദനം 14.93 ലക്ഷം ടൺ. കൃഷിഭൂമിയുടെ വിസ്തൃതി 96,313 ഹെക്ടർ. ഈ വർഷം 1,02,000 ഹെക്ടറിലാണു പച്ചക്കറിക്കൃഷി. അതിൽനിന്നു പ്രതീക്ഷിക്കുന്നത് 15.7 ലക്ഷം ടൺ വിളവ്.

തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നുമായി പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറിയാണു കേരളത്തിലേക്ക് എത്തിയിരുന്നത്. ഇതിൽ 50 ശതമാനത്തിന്റെ കുറവെങ്കിലും ഉണ്ടായി എന്നാണു കണക്ക്. ലോക്ഡൗണിനെത്തുടർന്ന് അതിർത്തികൾ പൂർണമായി അടച്ചിട്ടിട്ടും സംസ്ഥാനത്തു പച്ചക്കറിക്ഷാമമോ വിലക്കയറ്റമോ ഉണ്ടാവാതിരുന്നത് ആഭ്യന്തരോത്പാദനത്തിൽ കൈവരിച്ച മുന്നേറ്റമാണ് എന്നു വ്യക്തം. നഗരങ്ങളിലെ മാർക്കറ്റുകളിൽ അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറിവരവ് 40 ശതമാനം കുറവുവരുത്താൻ സാധിച്ചു. ഗ്രാമീണചന്തകളാകട്ടെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 40 ശതമാനം മാത്രമാണ് അന്യസംസ്ഥനങ്ങളിൽനിന്നുള്ള പച്ചക്കറിവരവിനെ ആശ്രയിക്കുന്നത്.

കാബേജ് കാരറ്റ്, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവയാണ് അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തുന്നതിൽ ഭൂരിഭാഗവും. പയർ, ചീര, വെള്ളരി, കുമ്പളം, പാവയ്ക്ക, മുളക്, പടവലങ്ങ, കായ എന്നിവ മുക്കാൽ പങ്കിലേറെയും സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിക്കാനായി. കീടനാശിനികൾ ഏറ്റവും കൂടുതൽ തളിക്കുന്നത് എന്നു പറയപ്പെടുന്ന കറിവേപ്പിലയുടെ കാര്യത്തിൽ ഇക്കാലയളവിൽ കേരളം ഒട്ടൊക്കെ സ്വയം പര്യാപ്തമായി എന്നതും ശ്രദ്ധേയം.

കൃഷിഭൂമിയുടെയും വിളവിന്റെയും കാര്യത്തിൽ കഴിഞ്ഞ അഞ്ചുവർഷമായുള്ള വർധന നിലനിർത്താൻ കഴിഞ്ഞാൽ പത്തുവർഷത്തിനകം കേരളം പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാകുകതന്നെ ചെയ്യും. വർഷം മുഴുനീളെ ഉത്പന്നങ്ങൾക്കു ന്യായമായ വില കർഷകർക്കും ഉപഭോക്താക്കൾക്കും ഒരേപോലെ ഉറപ്പുവരുത്താൻ കൂടി സാധിക്കേണ്ടതുണ്ട്. സംഭരണത്തിലും വില്പനയിലും ഏകീകൃത സ്വഭാവം കൊണ്ടുവരാൻ സർക്കാർ ഏജൻസികൾക്കു കഴിഞ്ഞെങ്കിൽ മാത്രമേ മാന്യമായ വില കർഷകർക്ക് ഉറപ്പുവരുത്താൻ കഴിയൂ. സംസ്ഥാനം പച്ചക്കറിയുത്പന്നങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തമാകുന്നതോടെ ന്യായവിലയ്ക്കു വർഷം മുഴുവൻ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്കു ലഭ്യമാക്കാനും വഴിതുറക്കും.

വിദേശത്തുനിന്നടക്കം തൊഴിൽ നഷ്ടപ്പെട്ടു നാട്ടിലെത്തിയ യുവാക്കൾ ഉൾപ്പെടെ നൂറുകണക്കിനുപേർ കാർഷികവൃത്തി ഉപജീവനമായി സ്വീകരിച്ചുകഴിഞ്ഞു. ഇപ്പോഴത്തെ സന്ദിഗ്ധഘട്ടത്തിൽ താത്കാലിക ഉപജീവനാർത്ഥമാണ് അതെങ്കിലും കൃഷിയെ ഗൗരവപൂർവം സമീപിക്കുന്ന അസംഖ്യംപേർ അക്കൂട്ടത്തിലുണ്ട്. അത്തരക്കാരെ കണ്ടെത്തി സർവവിധ പ്രോത്സാഹനവും നൽകേണ്ടിയിരിക്കുന്നു. അതിനായി, സമഗ്രമായ ഒരു പദ്ധതിതന്നെ ആവിഷ്കരിക്കേണ്ടതുണ്ട്. അതിർത്തി ചെക്പോസ്റ്റ് കടന്നു പച്ചക്കറിയുമായി ഒരൊറ്റ ലോറിപോലും വരേണ്ടാത്ത, ഭക്ഷ്യസ്വയംപര്യാപ്തതയുടെ ഐശ്വര്യപൂർണമായ നാളേക്കുവേണ്ടി നമുക്കു ശുഭാപ്തിവിശ്വാസത്തോടെ കാത്തിരിക്കാം.

# മരണത്തിന്റെ മണമുള്ള എൻഡോസൾഫാൻ

6

പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

എൻഡോസൾഫാൻ എന്നതിന് എന്ത് ആനുകാലികപ്രസക്തിയെന്നു തോന്നിയേക്കാം. എന്നാൽ, കേരളത്തെ സംബന്ധിച്ച് ആറ്റംബോംബുകണക്കേ കാലാന്തരങ്ങളിലേക്കു സംക്രമിക്കപ്പെടുന്ന ഒരു ദുരന്തത്തിന്റെ പേരാണ് 'എൻഡോസൾഫാൻ.' സംസ്ഥാനഗവൺമെന്റിന്റെ അധീനതയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ എന്ന സ്ഥാപനം 1970 മുതൽ കശുമാവു തോട്ടങ്ങളിൽ തളിച്ച എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ പരിണതഫലം ദശാബ്ദങ്ങൾക്കുശേഷവും കാസർഗോഡും പരിസരപ്രദേശങ്ങളിലും ജനിക്കുന്ന കുട്ടികളിൽ വൈകല്യങ്ങളും വൈകൃതങ്ങളുമായി അടയാളപ്പെടുത്തുന്നു. 2011 ൽ എൻഡോസൾഫാന്റെ ദുരിതഫലങ്ങൾ വേട്ടയാടിയ 287 അമ്മമാർ തങ്ങളുടെ ഉദരത്തിൽ ജന്മമെടുത്ത കുഞ്ഞുങ്ങളെ ബോധപൂർവം ഗർഭച്ഛിദ്രത്തിനിരയാക്കി എന്ന മാധ്യമറിപ്പോർട്ട് മലയാളികളുടെ മനഃസാക്ഷിയെ ഞെട്ടിച്ചുവെങ്കിലും ഇന്നും മാരകമായ കീടനാശിനികൾ വ്യാപകമായ അളവിൽ ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കടയിൽനിന്നു വാങ്ങിക്കൊണ്ടുവന്ന, കണ്ടാൽ സുന്ദരനായ ഒരു ആപ്പിൾ മുറിച്ചു തിന്നുമ്പോൾ ഉണ്ടായ ഗന്ധത്തിലും രുചിയിലുമുള്ള ആസ്വാദ്യമല്ലാത്ത അനുഭവമാണ് ഈ ലേഖനത്തിന്റെ പ്രചോദനം. ആപ്പിളിന്റെ പുറംചിത്രമുള്ള പോൾ ക്രാമറിന്റെ 'ഫൈറ്റിങ് ബോഡി പൊല്യൂഷൻ' (Fighting body pollution) എന്ന പുസ്തകം ഓർമയിൽ വരുന്നു.

എൻഡോസൾഫാനെക്കാൾ വീര്യമുള്ള, വിഷമേറിയ, ചുവപ്പടയാളത്തോടുകൂടിയ കീടനാശിനികളും കളനാശിനികളും നാമിന്നും ഉപയോഗിക്കുന്നു; ആശങ്കകളേതുമില്ലാതെ! എന്തേ നാം ഇങ്ങനെ? കഴിക്കുന്ന ഭക്ഷണത്തിലും കുടിക്കുന്ന പാനീയത്തിലും വിഷം കലർത്തുന്ന വേറേതു ജീവിവർഗമുണ്ടീ ഭൂമിയിൽ, മനുഷ്യനല്ലാതെ...!

'ഡേർട്ടി ഡസൻ' എന്നറിയപ്പെടുന്ന ഡി.ഡി.റ്റി., ഡയോക്സിൻ, ഫുറാൻസ്, പോളിക്ലോറിനേറ്റഡ് ബൈഫീനൈൽസ്, എൽഡ്രിൻ, ഡൈഎൽഡ്രിൻ, ആൾഡ്രിൻ, മീറെക്സ്, ഹെക്സോ ക്ലോറോ ബൻസിൻ, ക്ലോർഡെൻ, ഹെപ്റ്റാക്ലോർ എന്നീ






രാസവസ്തുക്കളും കീടനാശിനികളും ഉൾപ്പെടെ 2700 ഓളം പെസ്റ്റിസൈഡുകൾ നമ്മുടെ രാജ്യത്ത് ആയിരക്കണക്കിനു ടണ്ണിനുമേൽ ഓരോ വർഷവും ഉപയോഗിക്കപ്പെടുന്നു. ഇതിലേറെയും 'ടോക്സിസിറ്റി ഇംപാക്ട്' പഠനങ്ങൾ നടക്കാത്തവയാണ്. ഏതൊരു കളകളെയും കീടങ്ങളെയും തുരത്തുവാനാണോ പ്രസ്തുത പെസ്റ്റിസൈഡുകൾ ഉപയോഗിക്കുന്നത്, അവയുടെ അഞ്ചു ശതമാനം മാത്രമാണ് ടാർജറ്റഡ് ജീവികളിൽ എത്തുന്നത്. ബാക്കി മണ്ണിലും ജലത്തിലും വായുവിലും കലർന്ന് നാമുപയോഗിക്കുന്ന പച്ചക്കറികളിലും മത്സ്യമാംസാദികളിലും നിറഞ്ഞ് മനുഷ്യരിലെത്തിച്ചേരുന്നു.

അമോണിയയില്ലാത്ത മത്സ്യവും കാർബൈഡില്ലാത്ത മാങ്ങയും മാർക്കറ്റിൽ അപ്രാപ്യമാകുന്ന കാലമാണിത്. മുലപ്പാലിന്റെയും മൂത്രത്തിന്റെയുംവരെ സ്വാഭാവികത നഷ്ടപ്പെടുന്നു! കൊച്ചുകുട്ടികൾവരെ കരളും വൃക്കയും നശിച്ച് രോഗാതുരരാകുന്നു. വർദ്ധിച്ചുവരുന്ന കാൻസറുകളും വന്ധ്യതയും ന്യൂറോളജിക്കൽ പ്രശ്നങ്ങളും മനുഷ്യനിർമിതമായ ആധുനികവികസനസങ്കല്പങ്ങളുടെ ഉപോത്പന്നങ്ങളാണ്.

ഇന്ത്യയിൽ രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും കൂടുതലായുള്ള ഉപയോഗം തുടങ്ങിയത് ഹരിതവിപ്ലവത്തിലൂടെയാണ്. പക്ഷേ, വർഷങ്ങൾക്കുശേഷം ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ നായകൻ ഡോ. എം. എസ്. സ്വാമിനാഥൻ പരസ്യമായി സമ്മതിച്ചു, രാസവസ്തുക്കളുടെയും രാസകീടനാശിനികളുടെയും അമിതോപയോഗം മനുഷ്യജീവിതത്തെയും മണ്ണിനെയും ദോഷകരമായി ബാധിച്ചുവെന്ന്. 'ഓർഗാനിക് ഫാമിങ്ങി'ലൂടെയുള്ള നിത്യഹരിതവിപ്ലവമാണ് പ്രതിവിധിയെന്നു നിർദേശിച്ചാണ് അദ്ദേഹം ഈ ലോകത്തുനിന്നു പിൻവാങ്ങിയത്.

രാസവള, കീടനാശിനികളേതും നൽകാതെ ഞാൻ വളർത്തിയ നാല്പത് കാബേജ് ചെടികൾ എനിക്കു നൽകിയ ഒരു പാഠമുണ്ട്. നാലു കാബേജുകൾ മാത്രം കീടങ്ങൾ തിന്നു നശിച്ചുപോയി. ബാക്കി 36 എണ്ണം ഫലം കണ്ടു. നാലെണ്ണത്തെ സംരക്ഷിക്കാൻ, കഴിക്കാനുപയോഗിച്ച നാല്പതിലും വിഷം ചേർക്കുന്ന വിഡ്ഢികളല്ലേ നാം! നാലെണ്ണം കീടങ്ങൾക്കവകാശപ്പെട്ടതല്ലേ? ചിന്തിച്ചു തീരുമാനമെടുക്കാം. വിവേകത്തോടെ മുന്നേറാം. അംബികാസുതൻ മാങ്ങാട് എഴുതിയ ഹൃദയസ്പർശിയായ നോവൽ 'എൻമകജെ'യുടെ വായനാനുഭവം ധീരമായ തീരുമാനമെടുക്കാൻ കൂട്ടുകാരെ പ്രേരിപ്പിക്കും, തീർച്ച.

# അകലെയല്ല ധനവാനും ലാസറും



ഡോ. തോമസ് മൂലയിൽ



ലാസറിന്റെയും ധനവാന്റെയും ഉപമ സാഹിത്യലോകത്തിലെ ഒരു വിസ്മയമാണ്. വി. ലൂക്കായുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിട്ടുള്ള ഈ ഉപമയിൽ ഒരു പാഴ്‌വാക്കുപോലുമില്ലെന്നാണ് ബൈബിൾപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. സാഹിത്യകാരന്മാരും ഇതേ അഭിപ്രായക്കാരാണ്. അത്ര സുന്ദരവും ഹൃദയാവർജകവുമാണ് ഈ ഉപമ.

സുവിശേഷങ്ങളിൽ അനേകം ഉപമകളുണ്ടെങ്കിലും പേരു പരാമർശിക്കുന്ന ഏക കഥാപാത്രം ലാസർ മാത്രമാണ്. 'ലസറസ്' എന്ന ലത്തീൻവാക്കിന്റെ മലയാളപരിഭാഷയാണ് ലാസർ. ഈ വാക്കിന്റെ ഹീബ്രുരൂപം 'എലിയാസർ' എന്നാണ്. ഇതിന്റെയർത്ഥം 'ദൈവമാണ് എന്റെ സഹായി' എന്നും. മറ്റാരും സഹായത്തിനില്ലാതെ ദൈവം മാത്രം അഭയമായിട്ടുള്ള മനുഷ്യൻ! ഇയാൾ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ എന്നുമാത്രമല്ല, ശരീരമാകെ വ്രണങ്ങൾകൊണ്ടു നിറഞ്ഞ രോഗി! ഇയാളുടെ വ്രണങ്ങളിൽ തെരുവുനായ്ക്കൾ വന്നു നക്കിയിരുന്നു എന്നു പറയുമ്പോൾ അയാളുടെ രോഗാവസ്ഥയുടെ കാഠിന്യവും നിസ്സഹായാവസ്ഥയും ഊഹിക്കാവുന്നതേയുള്ളൂ. ദരിദ്രരുടെ പ്രതിനിധിയെന്നോ പ്രതീകമെന്നോ ഇയാളെ കണക്കാക്കാം.

മറുവശത്താകട്ടെ, ധനവാൻ. സമ്പന്നരുടെയെല്ലാം പ്രതീകമായി നില്ക്കുന്ന ഈ മനുഷ്യനു പേരില്ലെന്നതും ശ്രദ്ധേയമാണ്. സാധാരണഗതിയിൽ ധനവാന്മാർക്കാണല്ലോ പേരും പെരുമയും മേൽവിലാസവുമുള്ളത്. ഇവിടെ നേരേ മറിച്ചാണ്. ധനവാൻ എന്നതിന് 'ദീവസ്' എന്ന ലത്തീൻപദമാണ് പൊതുവേ ഉപയോഗിക്കുന്നത്. ഇയാളുടെ ആഡംബരജീവിതം അതിന്റെ പാരമ്യത്തിലാണ്. 'ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും' (ലൂക്കാ 16:19) എന്നാണ് അയാളുടെ വേഷവിധാനത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. അയാൾ ധരിക്കുന്നത് അന്നു ലഭ്യമായതിലെ ഏറ്റവും മികച്ച വസ്ത്രങ്ങളാണ്. അതുപോലെ, അയാളുടെ ഭക്ഷണത്തെ സംബന്ധിച്ചു പറയുന്നത്, എന്നും വിരുന്നൊരുക്കി സുഭിക്ഷമായി ഭക്ഷിച്ചാസ്വദിച്ചു സുഖിച്ചുപോന്നു എന്നാണ്. ഈ അടുത്ത കാലംവരെ നമ്മുടെ നാട്ടിൽ സാധാരണകുടുംബത്തിലെന്നല്ല സമ്പന്നരുടെ വീടുകളിൽപ്പോലും ദിവസവും മാംസവും മത്സ്യവുമൊന്നുമില്ലാതിരുന്നതുപോലെ പാലസ്തീനായിലും സമ്പന്നകുടുംബങ്ങളിൽപ്പോലും മാംസമത്സ്യാദികൾ വിശേഷദിവസങ്ങളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

അപ്പോഴാണ് അയാൾ എല്ലാ ദിവസവും ഏറ്റവും വിശിഷ്ടവിഭവങ്ങൾകൊണ്ടു വിരുന്നൊരുക്കി തിന്നു കുടിച്ചാസ്വദിച്ചിരുന്നത്.

അയാളുടെ പടിവാതില്ക്കൽ അയാളുടെ മേശയിൽനിന്നു വീഴുന്ന ഉച്ഛിഷ്ടം ഭക്ഷിക്കാൻ കാത്തുകിടക്കുന്ന ലാസറിനെയാണു നമ്മൾ മറുവശത്തു കാണുന്നത്. അന്നത്തെക്കാലത്ത് കത്തിയും ഫോർക്കുമൊന്നും ഉപയോഗത്തിലുണ്ടായിരുന്നില്ല. നമ്മുടെ നാട്ടിലെപ്പോലെ കൈകൊണ്ടാണവർ ഭക്ഷണം കഴിച്ചിരുന്നത്. ധനവാന്മാർ ഭക്ഷണംകഴിഞ്ഞ് കൈകൾ വൃത്തിയാക്കുന്നതിനു റൊട്ടിക്കഷണങ്ങൾ ഉപയോഗിച്ചിരുന്നു. കൈകൾ വൃത്തിയാക്കിയശേഷം പുറത്തേക്കെറിയുന്ന റൊട്ടിക്കഷണങ്ങളാണ് ലാസർ ആർത്തിയോടെ പെറുക്കിത്തിന്നിരുന്നത്.

ധനികരും ദരിദ്രരും! അന്നും ഇന്നും എവിടെയുമുള്ള സ്ഥിതിവിശേഷം. ധനവാൻ സുഭിക്ഷതയിലും ദരിദ്രൻ ദുർഭിക്ഷതയിലും ജീവിക്കുന്നു. ധനവാൻ ഉപരിസമ്പന്നനാകുന്നു; ദരിദ്രൻ മറിച്ചും. ഉള്ളവൻ ഇല്ലാത്തവനെ ചൂഷണം ചെയ്തും ധനം സമ്പാദിക്കുന്നു. ദരിദ്രന് എന്നും അവഗണന മാത്രം. സാമ്പത്തികമായ ഈ വേർതിരിവ് എന്നും ചർച്ചാവിഷയമാകുന്നുണ്ട്. അതുകൊണ്ട്, പ്രതീകാത്മകങ്ങളായ ഈ രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ട് വേറിട്ടൊരു ചിന്ത പങ്കുവയ്ക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

ലാസറും ധനവാനും എല്ലാ മനുഷ്യരിലുമുള്ള യാഥാർത്ഥ്യമല്ലേ? ഒരുവനു സമ്പത്തുണ്ടെങ്കിൽ അവൻ അവനിലെ ധനവാനും ഇല്ലെങ്കിൽ അവനിലെ ലാസറും. ആരോഗ്യമുണ്ടെങ്കിൽ അതവനിലെ ധനവാനും ഇല്ലെങ്കിൽ ലാസറുമാണ്. ബുദ്ധിമാനെങ്കിൽ ആ മേഖലയിൽ ധനവാനും ഇല്ലെങ്കിൽ ലാസറും. സ്ഥാനമാനങ്ങളും ഇങ്ങനെതന്നെ. എല്ലാ വിധത്തിലും ധനവാനായിട്ടോ ലാസറായിട്ടോ ആരുമില്ല എന്നതാണു യാഥാർത്ഥ്യം. യഥേഷ്ടം ഭക്ഷിക്കാൻ എന്തുമാത്രം ഭക്ഷണവിഭവങ്ങളുണ്ടെങ്കിലും വിശപ്പില്ലെങ്കിൽ അവൻ ലാസറാണ്. കിടക്കാൻ എ.സി.യുൾപ്പെടെ എല്ലാ സൗകര്യങ്ങളോടുംകൂടിയ ബഹുനിലമന്ദിരം സ്വന്തമായിട്ടുണ്ടെങ്കിലും ഉറക്കമില്ലെങ്കിൽ അവൻ ലാസറാണ്. ഉദ്യോഗസ്ഥരായ മക്കളുണ്ടെങ്കിലും അവർ തിരിഞ്ഞുനോക്കുന്നില്ലെങ്കിൽ ആ ദമ്പതിമാർ ലാസർമാരാണ്. പരമദാരിദ്ര്യത്തിലാണെങ്കിലും അവരെ പരിചരിക്കാനും സ്നേഹിക്കാനും മക്കൾ തയ്യാറാണെങ്കിൽ അവർ എല്ലാ ധനവാന്മാരെക്കാളും ധനികരാണ്.

ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ വൈചിത്ര്യവും വിസ്മയവുമാണിത്. സമ്പൂർണ ലാസറോ സമ്പൂർണ ധനവാനോ ആയി ആരുമില്ല! അതുകൊണ്ട് ഓരോരുത്തരും തങ്ങളിലെ ലാസർമാരെയും ധനവാന്മാരെയും തിരിച്ചറിഞ്ഞ് സന്തുലിതവും സന്തുഷ്ടവുമായ ജീവിതം നയിക്കാൻവേണ്ടിയാണ് ദൈവം ഇത്തരത്തിലുള്ള ഒരു ക്രമീകരണം നടത്തിയിരിക്കുന്നത്. തങ്ങളിലെ ലാസർമാരെ തങ്ങളിൽത്തന്നെയുള്ള ധനവാന്മാരെക്കൊണ്ട് സംരക്ഷിച്ചു സന്തുലിതാവസ്ഥ പാലിക്കാൻ ശ്രദ്ധിക്കണമെന്ന പാഠമാണിതിലുള്ളത്. ഇതു സ്വയമേവ നിർവഹിക്കുക സാധ്യമല്ലെന്നും സ്രഷ്ടാവിന്റെ കരുതലിനും സംരക്ഷണത്തിനും സ്വയം സമർപ്പിച്ചാൽ സാധ്യമാകുമെന്നും തിരിച്ചറിഞ്ഞ് ദൈവത്തിൽ ആശ്രയിക്കാൻ കഴിഞ്ഞാൽ ജീവിതം ധന്യമാകും. ആലങ്കാരികമായിപ്പറഞ്ഞാൽ നമ്മളെല്ലാവരും ലാസർമാരാണ്. ദൈവം മാത്രം സഹായമായുള്ളവർ.

അതുപോലെതന്നെ, സഹജരിലെ ലാസർമാരെ കണ്ടുമുട്ടുമ്പോൾ നമ്മിലെ ധനവാൻ ഉണരണം, ഉണർന്നു പ്രവർത്തിക്കണം. നമ്മിലെതന്നെ ധനവാനെക്കൊണ്ട് അവരിലെ ലാസറിനെ സംരക്ഷിക്കണം. അതുപോലെ, അതു ദൈവത്തിലാശ്രയിക്കാനുള്ള മാർഗമായി കാണണം. അങ്ങനെ അബ്രാഹത്തിന്റെ മടിയിൽ ഇടം കണ്ടെത്താൻ നമുക്കു കഴിയും.

■

## പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ഹോമിയോ ചികിത്സയ്ക്കു വിദഗ്ധസംഘം

പാലാ: വൈറസ് മൂലമുണ്ടാകുന്ന രോഗങ്ങളെ തടയാൻ ഹോമിയോയിൽ പ്രതിരോധമരുന്നുകളുണ്ടെന്നു പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഹോമിയോപ്പതി ഡോക്ടർമാർ. പ്രതിരോധശേഷി വർദ്ധിപ്പിച്ചു രോഗങ്ങളിൽനിന്നു രക്ഷ നേടുന്നതാണു ഹോമിയോപ്പതിയുടെ മാർഗം. 95 ശതമാനം ആളുകളിലും ഒരു സാധാരണ ജലദോഷപ്പനിപോലെ വന്നുപോകുന്ന കൊവിഡിന് ഹോമിയോയിൽ ഫലപ്രദമായ ചികിത്സയുണ്ട്. മറ്റു ഗുരുതരരോഗമുള്ളവരിൽ കൊവിഡ് മാരകമായേക്കാം. അവർക്കു പ്രത്യേക ശ്രദ്ധയും തീവ്ര പരിചരണവും ആവശ്യമാണെന്നും അവർ ചൂണ്ടിക്കാട്ടി.

ഒരു വർഷത്തിനിടെ ആയിരത്തിൽപ്പരം കൊവിഡ് രോഗികൾക്ക് ആശ്വാസം പകരാൻ കഴിഞ്ഞതിന്റെ വെളിച്ചത്തിൽ സംസാരിക്കുകയായിരുന്നു മെഡിസിറ്റിയിലെ ഡോക്ടർമാർ. കൊവിഡിനെപ്പറ്റി ജനങ്ങളിൽ അനാവശ്യഭീതിയുണ്ടായതാണു പ്രശ്നമായത്.

കൊവിഡ് പിടിപെട്ടവരിൽ തുടരുന്ന ചുമ, ശ്വാസംമുട്ടൽ, കിതപ്പ് എന്നിവയ്ക്കെല്ലാം ഫലപ്രദമായ മരുന്നുകൾ ഹോമിയോയിലുണ്ടെന്നു ഡോ. റോയ് സക്കറിയ (റിട്ട. ഡിഎംഒ), ഡോ.ജനാർദനൻനായർ, ഡോ. രാജേന്ദ്രൻ എന്നിവർ പറഞ്ഞു. കുട്ടികളുടെ പഠന, പെരുമാറ്റവൈകല്യങ്ങൾ ചികിത്സിക്കുന്ന സർക്കാർ പദ്ധതിയായ സദ്ഗമയുടെ കൺവീനർകൂടിയാണ് ഡോ. റോയ് സക്കറിയ.

ഇന്ത്യയിലെ ഏക ഹോമിയോ മാനസികാരോഗ്യചികിത്സാ ഗവേഷണകേന്ദ്രത്തിന്റെ അസി. ഡയറക്ടറും പ്രിൻസിപ്പലുമായിരുന്ന ഡോ. കെ.ആർ. ജനാർദനൻനായർ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ മെഡിസിറ്റിയിൽ എത്തുന്നുണ്ട്.

ഹോമിയോ ഗവേഷണത്തിൽ രാജ്യത്ത് ആദ്യമായി പിഎച്ച്ഡി നേടിയ ഡോ. എസ്. രാജേന്ദ്രൻ സേലംവിനായക മിഷൻ ഹോമിയോ മെഡിക്കൽകോളജ് ഡയറക്ടറായിരുന്നു. അദ്ദേഹത്തിന്റെ ഹോമിയോ ചികിത്സാഗവേഷണസംബന്ധിയായ അഞ്ചു പുസ്തകങ്ങൾ, ജപ്പാൻ, സ്പാനീഷ്, ടർക്കീഷ് ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ചികിത്സയിൽ എംഡി എടുത്ത ഡോ. ടി.ആർ. രേവതിയും മെഡിസിറ്റിയിലുണ്ട്.

മഴക്കാലരോഗങ്ങൾ ചികിത്സിക്കാനുള്ള പ്രത്യേക ഒരുക്കങ്ങൾ ഇവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൊവിഡിന്റെ പശ്ചാത്തലത്തിൽ രണ്ടു മാസത്തേക്കു കൺസൾട്ടേഷൻ ഫീസ് പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. ഈ അവസരം ജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിങ് ഡയറക്ടർ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ പറഞ്ഞു. ഫോൺ: 8281699244



നോവൽ 9

ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം

## ചാവുകടൽത്തിരകൾ

മേരിയുടെ ഭൃത്യൻ പറഞ്ഞുകൊണ്ടിരുന്നു. അനനിയാദ് കേട്ടുകൊണ്ടുമിരുന്നു. പറച്ചിലിനിടയിൽ ഭൃത്യൻ അതിയായ വ്യസനത്തിൽ വിങ്ങുകയും അലമുറയിടുകയും ചെയ്തു.

അനനിയാദ് മഗ്ദലേന വിട്ടതിനുശേഷം മേരി വല്ലാതെ ദുഃഖിതയായിത്തീർന്നു. അവൾ ആഹാരം കഴിക്കുകയോ ആഭരണങ്ങൾ അണിയുകയോ ചെയ്തില്ല. അവൾ സുഗന്ധതൈലം പൂശിയില്ല. കിന്നരംമീട്ടുകയോ നൃത്തമാടുകയോ ചെയ്തില്ല. അവൾ തന്നെ തേടിയെത്തിയ പണക്കാരായ അതിഥികളെ സ്വീകരിച്ചില്ല. വന്നവരാകട്ടെ, പ്രവേശനകവാടത്തിൽവച്ചുതന്നെ തിരിച്ചയയ്ക്കപ്പെട്ടു.

വന്നവരിൽ ചിലർ അവളെ കാണാൻ സാധിക്കാത്തതിൽ കുണ്ഠിതപ്പെട്ട് ശകാരം ചൊരിഞ്ഞു. സമ്മാനമായി കൊണ്ടുവന്ന വില കൂടിയ സുഗന്ധദ്രവ്യങ്ങൾ നിലത്തു തൂകിക്കളയുകയും ചെയ്തു. മറ്റുചിലരാകട്ടെ കൊടുക്കാറുള്ളതിൽ വളരെ കൂടുതൽ വാഗ്ദാനം ചെയ്തു. പക്ഷേ, ഭൃത്യന്മാർ ആരെയും അകത്തേക്കു വിട്ടില്ല. അവർ പറഞ്ഞു:

"യജമാനസ്ത്രീ ആരെയും സ്വീകരിക്കുന്നില്ല."

വന്നവരൊക്കെ നിരാശയോടെ മടങ്ങി. ചിലർ കോപത്തോടെ പറഞ്ഞു: "ഞങ്ങളെ അപമാനിച്ചതിന്റെ ഫലം അവളനുഭവിക്കും."

രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം ഒരു രാത്രിയിൽ ഫരിസേയപ്രമാണിമാരിൽ ചിലരെത്തി. അവർ ഭൃത്യന്മാരെ കടന്ന് മേരിയുടെ പക്കലെത്തി. അന്നു രാത്രി അവരോടൊപ്പം കഴയണമെന്നാവശ്യപ്പെട്ടു. അതിനു പ്രതിഫലമായി അവൾ ചോദിക്കുന്നതെന്തും കൊടുക്കാനും അവർ തയ്യാറായിരുന്നു.

"ഇല്ല." മേരി പറഞ്ഞു.

"എന്തുകൊണ്ടാണ് നീ ഈ വിധത്തിൽ ഞങ്ങളോടു പെരുമാറുന്നത്?"

"ഞാൻ ആ നശിച്ച തൊഴിൽ നിറുത്തി."

"എന്തിന്? നീ അർഹിക്കുന്നതിലധികം പണം നിനക്കു തരുന്നില്ലേ?"

"എനിക്കിനി ഒന്നും വേണ്ട." അവൾ പറഞ്ഞു. "മഗ്ദലേനയിലിനി വ്യഭിചാരിണിയായ മേരിയില്ല..."

അവൾ തന്റെ ഭൃത്യന്മാരെ വിളിച്ച് അവരെ നിഷ്കരുണം പുറത്താക്കി വാതിൽ ബന്ധിച്ചു. രാത്രിയുടെ അവസാനയാമങ്ങളിലെപ്പോഴോ ഒരു സംഘം ആളുകളെത്തി വാതിൽ തകർത്ത് അകത്തു കടന്നു. ഭൃത്യന്മാരെയും പരിചാരികകമാരെയും മർദിച്ച് അവശരാക്കി. മേരിയെ ബലമായി പിടിച്ചുകൊണ്ടുപോയി. ഒപ്പം അവിടെയുണ്ടായിരുന്ന വിലപ്പിടിപ്പുള്ളതെല്ലാം കവർന്നുകൊണ്ടുപോകുകയും ചെയ്തു.

മേരിയെ എവിടേക്കാണു കൊണ്ടുപോയതെന്നോ എന്താണു ചെയ്തതെന്നോ ഭൃത്യന്മാർക്കു നിശ്ചയമുണ്ടായിരുന്നില്ല. ഭൃത്യൻ പറയുന്നതുകേട്ട് അനനിയാദ് ഉപ്പുതൂൺപോലെ ചലനമറ്റു.

ചുറ്റും ഇരമ്പുന്ന കടലാണ്. ആകാശംമുട്ടെ ആർത്തിരമ്പിവന്ന തിരമാലകൾ വലിയ ഹുങ്കാരത്തോടെ പാഞ്ഞുവന്ന് അവനെ തെറിപ്പിച്ചുകളഞ്ഞു. തിരകളിൽ മുങ്ങിയും പൊങ്ങിയും അവൻ എവിടേക്കെന്നില്ലാതെ പൊയ്ക്കൊണ്ടിരുന്നു.

എവിടെയാണ് തീരം? എന്നാണ് താൻ ഒരിടത്ത് എത്തപ്പെടുക? നിലയില്ലാക്കയത്തിൽ മുങ്ങിപ്പോയ ഒരുവന്റെ പ്രാണവേദന അവൻ അനുഭവിച്ചു. മരണത്തോടടുത്തുള്ള വേദന.

അവൻ മേരിയുടെ ഭവനത്തിൽനിന്ന് ഇറങ്ങിനടന്നു. പിന്നിൽ മേരിയുടെ ഭൃത്യൻ എന്തോ പറഞ്ഞത് അവൻ കേട്ടില്ല.

രാത്രി അവസാനിക്കാറായിരുന്നു. വിളറിയ നിലാവിൽ മഞ്ഞ് നൂൽമഴപോലെ പെയ്യാൻ തുടങ്ങിയിരുന്നു. തണുപ്പ് അവനെ ഒരു ശത്രുവിനെപ്പോലെ ആക്രമിക്കാൻ തുടങ്ങി. അവൻ വിറയ്ക്കാനും ഞരമ്പുകൾ കോച്ചിവലിക്കാനും തുടങ്ങി. എങ്കിലും അവൻ ആയാസത്തോടെ നടന്നുകൊണ്ടിരുന്നു. അവൻ സമരിയായിലെത്തിയപ്പോഴേക്കും രാത്രിയായിരുന്നു. മേരിയുടെ ഭവനത്തിൽനിന്നു യാത്ര തിരിച്ചിട്ട് എത്ര ദിവസങ്ങളായി എന്ന് അനനിയാദിനു നിശ്ചയമുണ്ടായിരുന്നില്ല.



മേരിയെ കാണുക എന്ന പ്രതീക്ഷ അവനിൽ അസ്തമിച്ചിരുന്നു. അവന്റെ ചിന്തകൾ വീണ്ടും യേശുവിലേക്കുതന്നെ തിരിഞ്ഞിരുന്നു. മനുഷ്യൻ ആഗ്രഹിക്കുന്നതൊന്ന്; യഹോവ നിശ്ചയിക്കുന്നതൊന്ന്. അനനിയാദ് അങ്ങനെ ചിന്തിച്ചു.

യേശു യൂദയായിലെവിടെയെങ്കിലും കാണുമെന്ന് കാരണമൊന്നുമില്ലാതെ അവൻ വിശ്വസിച്ചു. ആ വിശ്വാസത്തിലായിരുന്നു അവന്റെ പീഡിതമായ യാത്ര.

ഇരുട്ടായിരുന്നു... നിലാവ് അസ്തമിക്കുകയും മഞ്ഞ് കഠിനമാകുകയും ചെയ്തിരുന്നു. എങ്കിലും നേർത്ത വെളിച്ചം തങ്ങിനിന്നിരുന്നതുകൊണ്ട് അവൻ മുന്നോട്ടുതന്നെ നടന്നു. കുറേ നടന്നു കഴിഞ്ഞപ്പോൾ വഴിയരുകിൽ കുറച്ചുപേർ ആഴികൂട്ടി തീകായുന്നതു കണ്ടു. തണുപ്പ് അസഹ്യമായതിനാൽ അവനും അവരോടൊപ്പം തീകായാനിരുന്നു.

എന്തോ ഗൗരവമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്ന അവർക്ക് യാചകരൂപത്തിലുള്ള അനനിയാദിന്റെ ആഗമനം തീരെ ഇഷ്ടമായില്ല. എങ്കിലും, അവർ ഒതുങ്ങിയിരുന്ന് അവനു തീകായാനിടമുണ്ടാക്കിക്കൊടുത്തു. ആഴിയിൽ വിറകുകമ്പുകൾ പൊട്ടിത്തെറിച്ച് എരിഞ്ഞുകത്തുകയായിരുന്നു. അനനിയാദിനെ വിറയ്ക്കുകയും തണുപ്പിന്റെ ആധിക്യത്താൽ പല്ലുകൾ കൂട്ടിത്തല്ലുകയും ചെയ്തുകൊണ്ടിരുന്നു. അവൻ ആഴിയോടു കൂടുതൽ ചേർന്നിരുന്നു.

തീ കായാനിരുന്നവർ അനനിയാദിനെ അവഗണിച്ച് അവരുടെ സംസാരത്തിലേക്കു തിരിച്ചുപോയി. അനനിയാദാകട്ടെ അവർക്കു ചെവികൊടുത്തില്ല. അവൻ അവനിലേക്കുതന്നെ ചുരുങ്ങി അഗ്നികുണ്ഠത്തിനരികെ കൂനിക്കൂടി.

എവിടെനിന്നോ പുലർച്ചക്കോഴി കൂവുന്നത് തീകായുന്നവരുടെ വർത്തമാനത്തിനു മീതെ അവൻ കേട്ടു. നേരം വെളുക്കാൻ ഇനി അധികമുണ്ടാവില്ലെന്ന് അവൻ ആശ്വസിച്ചു. അപ്പോഴാണ് അവരുടെ സംസാരം യേശുവിനെക്കുറിച്ചാണെന്ന് അവൻ അറിഞ്ഞത്. അവൻ ശ്രദ്ധിച്ചു. കൂട്ടത്തിൽ വെളുത്ത് കിളിരം കൂടിയ സ്ത്രീ പറഞ്ഞു:

"എനിക്കു തീർച്ചയുണ്ട്. നമ്മൾ കാത്തിരുന്ന മിശിഹാ അവൻതന്നെ. കാരണം, എന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം അവൻ പറയുകയും എന്റെ സാക്ഷ്യത്താൽ ഒരുപാട് പേർ വിശ്വസിക്കുകയും ചെയ്തല്ലോ..."

അപ്പോൾ മറ്റൊരാൾ അവളോടു പറഞ്ഞു:

"സ്ത്രീയേ, നിന്റെ സാക്ഷ്യം കൊണ്ടല്ല അവൻ രണ്ടുനാൾ ഞങ്ങളോടൊപ്പം കഴിയുകയും ഞങ്ങൾ അവനെ കേൾക്കുകയും നിശ്ചയമായും അവൻ ലോകരക്ഷകനാണെന്നു മനസ്സിലാക്കുകയും ചെയ്തതുകൊണ്ടാണ് ഞങ്ങൾ വിശ്വസിച്ചത്..."

"നിങ്ങൾ ആരെക്കുറിച്ചാണു പറയുന്നത്?" അനനിയാദ് തിരക്കി.

"നസ്രായനായ യേശുവിനെക്കുറിച്ച്.." സ്ത്രീ പറഞ്ഞു.

"അവനെ നിങ്ങൾ കണ്ടുവോ?"

"ഞാനാണ് ആദ്യം കണ്ടത്..." സ്ത്രീ പറഞ്ഞു. "സുവാർ നഗരത്തിനരികെ യാക്കോബിന്റെ കിണറ്റുകരയിൽ രണ്ടുനാൾമുമ്പ് വെള്ളമെടുക്കാൻ ചെന്നപ്പോൾ. അവൻ അവിടെ ഇരിക്കുന്നതു കണ്ടു. അവൻ എന്നോടു പറഞ്ഞു:

"എനിക്കു കുടിക്കാൻ തരിക."

"ഒരു യഹൂദനായ നീ ശമര്യക്കാരിയായ എന്നോടു വെള്ളം ചോദിക്കുന്നതെന്ത്?" ഞാൻ ചോദിച്ചു. അപ്പോൾ അവൻ ഇങ്ങനെ പറഞ്ഞു:

"എനിക്കു ദാഹജലം തരിക എന്നു ചോദിക്കുന്നവനെയും ദൈവദാനത്തെയുംകുറിച്ച് അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം തരികയും ചെയ്യുമായിരുന്നു."

"അവൻ പറഞ്ഞതൊന്നും എനിക്കു മനസ്സിലായില്ല. എങ്കിലും ഞാൻ അവനോടു ജീവജലം തരാനാവശ്യപ്പെട്ടു. കാരണം, അവൻ പറഞ്ഞതിൻപ്രകാരം എനിക്ക് ഒരിക്കലും ദാഹിക്കുമായിരുന്നില്ലല്ലോ..."

പക്ഷേ, അവന്റെ എന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടുവരാൻ പറഞ്ഞു. എനിക്കു ഭർത്താവില്ല എന്നുപറഞ്ഞപ്പോൾ എന്റെ ജീവിതത്തിൽ ഞാൻ ചെയ്തതൊക്കെയും അവൻ എന്നോടു പറഞ്ഞു..."

"ഞാൻ നഗരത്തിൽചെന്ന് സംഭവിച്ചതൊക്കെയും എല്ലാവരെയും അറിയിച്ചു. അവർ നഗരത്തിൽനിന്ന് ഇറങ്ങിവന്ന് അവനെ കാണുകയും കേൾക്കുകയും ചെയ്തു. അവരുടെ ആഗ്രഹപ്രകാരം അവൻ രണ്ടുദിവസം ഞങ്ങളോടൊപ്പം പാർക്കുകയും ചെയ്തു."

"എന്നിട്ട് അവനെവിടെ?"

"അവൻ ഗലീലിയിലേക്കു പോയി..." അവർ പറഞ്ഞു.

അനനിയാദ് ആഴിക്കരികെ നിന്നെഴുന്നേറ്റ് തിരിഞ്ഞു മുടന്തി.

"നീ എവിടേക്കാണ്?" അവർ ചോദിച്ചു.

"ഗലീലിയിലേക്ക്... എനിക്ക് യേശുവിനെ കാണണം."

കിഴക്ക് വെള്ളപൊട്ടിയിരിക്കുന്നു. കുളിരുനിറഞ്ഞ പുലരിക്കാറ്റിൽ കുന്തിരിക്കവും മീറയും മണക്കുന്നു എന്നവനു തോന്നി. എന്തെന്നില്ലാത്ത ഒരുന്മേഷം അവനിൽ നിറയുന്നു. മനസ്സ് കാറു നീങ്ങി തെളിഞ്ഞ ആകാശംപോലെ ശുഭ്രമായിത്തോന്നുന്നു.

അവൻ യാത്രയ്ക്കിടയിൽ കണ്ട നീരൊഴുക്കിൽ കുളിച്ചു. അഴുക്കു പുരണ്ട ഇത്തിരി വസ്ത്രം കഴുകിയെടുത്തു. വയറു നിറയെ വെള്ളം കുടിച്ചു. പകൽ തെളിഞ്ഞതും പ്രകാശമാനവുമായിരുന്നു. സൗമ്യനായ ഒരു പിഞ്ചുകുഞ്ഞിനെപ്പോലെ കിഴക്കേ ആകാശത്തിൽ സൂര്യൻ ചിരിക്കുന്നു.

*ശേഷം 12-ാം പേജിൽ*

# പതിനാലാമെടം

11-ാം പേജ് തുടർച്ച

അനനിയാദ് മുടന്തിക്കൊണ്ടേയിരുന്നു. വൈകുന്നേരമായപ്പോഴേക്കും അവൻ തളർന്നു. വിശപ്പ് അവനെ ആക്രമിക്കുകയും വ്രണം ബാധിച്ച കാലുകൾ കൂടുതൽ നീരുകെട്ടുകയും ചെയ്തു. എങ്കിലും, അവൻ സാവധാനം മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു.

അപ്പോഴാണ് തനിക്കു പിന്നിലൂടെ കുതിരപ്പുറത്തൊരാൾ വരുന്നത് അവൻ കണ്ടത്. കുതിരപ്പുറത്തിരുന്ന ആളെ അനനിയാദ് തിരിച്ചറിഞ്ഞു: യോറ. തന്നോടൊപ്പം മരുഭൂമിയിലൂടെ സഹയാത്രികനായിരുന്ന, രത്നവ്യാപാരിയായ യോറ. തന്റെ മുമ്പിൽ നില്ക്കുന്ന അർദ്ധനഗ്നനായ മനുഷ്യനെ അത്ര പെട്ടെന്നൊന്നും യോറയ്ക്കു മനസ്സിലായില്ല. അതു മനസ്സിലാക്കിയിട്ടെന്നവണ്ണം അനനിയാദ് പറഞ്ഞു:

"ഞാൻ അനനിയാദ്. ഒരിക്കൽ നമ്മളൊരുമിച്ച്..."

"ഓ... മനസ്സിലായി..." യോറ ഓർമ കിട്ടിയതുപോലെ പറഞ്ഞു.

അനനിയാദിന്റെ മാറ്റം യോറയെ അദ്ഭുതപ്പെടുത്തി. അനനിയാദ് വൃദ്ധനായിപ്പോയിരിക്കുന്നു. അല്പവസ്ത്രധാരിയായ ഒരു യാചകന്റെ ഭാവമായിരുന്നവന്.

"നിനക്ക് എന്താണു സംഭവിച്ചത്?" യോറ തിരക്കി. അനനിയാദ് മറുപടി പറഞ്ഞില്ല. പകരം വെറുതെ ലുബ്ധിച്ചു ചിരിക്കുകമാത്രം ചെയ്തു. യോറ കുതിരപ്പുറത്തുനിന്നിറങ്ങി. കുതിരയെ അടുത്തുള്ള വൃക്ഷത്തിൽ കെട്ടി. ഭാണ്ഡത്തിലുണ്ടായിരുന്ന ഭക്ഷണം അവർ ഒരുമിച്ചു കഴിച്ചു. പിന്നെ അവന് ഒരു നല്ല കുപ്പായവും കൊടുത്തു.

"നീ എവിടേക്കാണ്...?" യോറ തിരക്കി.

"ഞാൻ ഗലീലിയിലേക്കാണ്. എനിക്കവനെ കാണണം. യേശുവിനെ. എനിക്കവന്റെ ശിഷ്യനാകണം..."

"അവൻ ദൈവപുത്രൻ തന്നെ..." യോറ പറഞ്ഞു. "ഞാൻ അവനെ കണ്ടു"

യോറയെ കേട്ടപ്പോൾ അനനിയാദിന്റെ കണ്ണുകൾ ആശ്ചര്യം കൊണ്ട് വിടർന്നു. അവൻ ആകാംക്ഷയോടെ തിരക്കി:

"നീ അവനെ കണ്ടെന്നോ... എവിടെ വച്ച്..?"

"അന്നത്തെ യാത്രയുടെ മടക്കത്തിൽ. അവൻ വെള്ളം വീഞ്ഞാക്കി അദ്ഭുതം കാട്ടിയ കാനായിൽ വച്ച്. അവൻ വീണ്ടും അവിടെ വന്നിരുന്നു. അവിടെവച്ച് കഫർണാമിലെ ഒരുശതാധിപന്റെ ആസന്നമരണനായ ഭൃത്യനെ അവൻ സൗഖ്യനാക്കി. ഞാനതു നേരിൽ കണ്ടു. സത്യമായും അവൻ ദൈവപുത്രൻതന്നെ."

"ഞാൻ യാത്ര തുടരുകയാണ്. ഗലീലിയിലേക്ക്. എനിക്കവനെ കാണണം." അനനിയാദ് തിടുക്കപ്പെട്ടു.

"പക്ഷേ, അവനിപ്പോൾ ഗലീലിയിലില്ല. യഹൂദന്മാരുടെ തിരുനാളിനുവേണ്ടി അവനും ശിഷ്യന്മാരും ജറുസലേമിലേക്കു പോയി..."

"നീ എന്നോടൊപ്പം കുതിരപ്പുറത്തു കയറുക. ഞാൻ ജറീക്കോയിലേക്കു പോകുകയാണ്. യാത്രാമധ്യേ നിന്നെ അരിമത്യായിലോ ജറീക്കോയിലേക്കുള്ള വഴിയിൽനിന്ന് ജറുസലേമിലേക്ക് ഏറ്റവും ദൂരം കുറഞ്ഞയിടത്തോ ഇറക്കാം."

അനിയാദിന് യോറയുടെ നിർദേശം സന്തോഷകരമായിരുന്നു. അവൻ യോറയോടൊപ്പം കുതിരപ്പുറത്തു കയറി. യാത്രയ്ക്കിടയിൽ അവർ സത്രങ്ങളിൽ രാത്രി കഴിച്ചു. വിശ്രമിച്ചു. ഭക്ഷണം കഴിച്ചു.

ധനാഢ്യനായ യോറ അനനിയാദിനുവേണ്ടി പണം ചെലവാക്കുന്നതിൽ സന്തോഷമനുഭവിച്ചു. അനനിയാദാകട്ടെ തനിക്കു വേണ്ടി യോറ ചെയ്തതൊക്കെ മനസ്സാ സ്വീകരിക്കുകയും ചെയ്തു. യാത്രയ്ക്കിടയിലാണ് യോറ സ്നാപകയോഹന്നാനെക്കുറിച്ചു പറഞ്ഞത്.

"സ്നാപകന്റെ ശിരസ്സ് ഛേദിക്കപ്പെട്ടു..."

യോറയുടെ വാക്കുകൾ അനനിയാദിൽ ഒരു കൊടുങ്കാറ്റായി വന്നു പതിച്ചു. യോർദാൻ നദിക്കരയിലെ ഗുഹയിൽവച്ച് താൻ സ്നാപകനെ കണ്ടത് അനനിയാദ് ഓർമിച്ചു. ഒട്ടകരോമം കൊണ്ടുള്ള വസ്ത്രവും തോൽവാറും ധരിച്ച് മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം...

സഹോദരഭാര്യയെ സ്വന്തമാക്കിയതിന് ഹെറോദോസിനെ വിമർശിച്ച യോഹന്നാൻ വധിക്കപ്പെട്ടിരുന്നു. ഹെറോദ്യയ്ക്ക് യോഹന്നോട് പക മൂത്തിരുന്നു.

ഹെറോദോസ് തന്റെ ജന്മദിനം ആഘോഷിക്കുമ്പോൾ ഹെറോദ്യയുടെ പുത്രി രാജസദസ്സിൽ നൃത്തം ചെയ്ത് ഏവരെയും സന്തോഷിപ്പിച്ചു. രാജാവ് പെൺകുട്ടിയോടു പറഞ്ഞു:

"നിന്റെ നൃത്തത്തിനു സമ്മാനമായി എന്തു വേണമെങ്കിലും ചോദിക്കാം. അർദ്ധരാജ്യമാണെങ്കിൽക്കൂടി..."

അവൾ അമ്മ ഹെറോദ്യയുടെ നിർദേശപ്രകാരം രാജാവിനോട്, ഒരു തളികയിൽ യോഹന്നാന്റെ തല സമ്മാനമായി ചോദിച്ചു.

രാജസദസ്യർക്കും ഗലീലിയിലെ പൗരമുഖ്യർക്കും മുമ്പാകെ സലോമിക്കു കൊടുത്ത വാക്ക് തെറ്റിക്കുക വാഗ്ദാനലംഘനമാണെന്നറിഞ്ഞ ഹെറോദോസ് ഭടന്മാരെ അയച്ച് യോഹന്നാന്റെ ശിരസ്സ് ഛേദിച്ചു കൊണ്ടുവന്ന് സലോമിക്കു കൊടുത്തു.

അങ്ങനെ ഹെറോദ്യയുടെ പ്രതികാരം യോഹന്നാനോടു പ്രവർത്തിച്ചു.

യോറയെ കേട്ടിരുന്നതല്ലാതെ അനനിയാദ് പ്രതിവചിച്ചില്ല. അവന്റെ ഹൃദയം വ്യസനത്താൽ നിറയുകയുണ്ടായി.

യോറാ ജറീക്കോയിലേക്കുള്ള വഴിയിൽ ഒലിവുമലയ്ക്ക് കുറേ ദൂരെ അനനിയാദിനെ ഇറക്കി വിടപറഞ്ഞു.

(തുടരും)

പ്രണയപാഠാവലി



84

ഡോ. ആന്റണി ജോസ്

# പുരുഷവിസ്താരം

**പു**രുഷന്റെ ലൈംഗികാവബോധം സംഘർഷഭരിതവും വൈരുദ്ധ്യാത്മകവുമാണ്. അവന്റെ ഭാവനയിൽ മിന്നിത്തിളങ്ങുന്ന രൂപങ്ങൾക്കുമുണ്ട് പ്രത്യേകതകൾ. അതിശയോക്തി നിറഞ്ഞ നിമ്നോന്നതങ്ങൾ... ചാലിച്ചു ചേർത്തിരിക്കുന്നതോ കടും വർണക്കൂട്ടുകൾ... ആകപ്പാടെ ഒരു മാജിക്കൽ റിയലിസം.



യാഥാർത്ഥ്യബോധം അന്യമായ ഭാവനകൾ കുഴപ്പക്കാരായിത്തീരും. അതാകട്ടെ, ശരിയായ അറിവിൽ നിന്നാണു കിട്ടേണ്ടത്. തങ്ങളിൽ സ്വാഭാവികമായ ലൈംഗികതയെ, സ്ത്രീയും പുരുഷനും പരസ്പരം പാഠമാക്കണം.

ലൈംഗികസാക്ഷരത നേടാത്തിടത്തോളം കാലം ഫലശൂന്യമായ പരീക്ഷണങ്ങളും പര്യവേക്ഷണങ്ങളും സാഹസികോദ്യമങ്ങളും നടന്നുകൊണ്ടേയിരിക്കും. താത്കാലികോദ്ദീപനമെന്നതൊഴിച്ചാൽ, ജീവിതവീക്ഷണങ്ങളിൽ നിഴൽ വീഴ്ത്തുക മാത്രമാണതു ചെയ്യുക. പിന്നീടൊരു പൂർണവിരാമം അസംഭവ്യമാണെന്നു തന്നെ പറയാം.

സമഗ്രലൈംഗികതയുടെ ഒരു ഉപോത്പന്നമാണ് ഇന്ദ്രിയാനുഭൂതി. സന്താനോത്പാദനംതന്നെയാണ് മുഖ്യലക്ഷ്യം. ഏതു വൈജ്ഞാനികശാഖയിൽ പരതിയാലും വേറിട്ടൊരുത്തരം കിട്ടാനിടയില്ല.

അഡൽറ്റ്സ് ഒൺലി ചിത്രങ്ങൾ കാണുന്ന ഒരുവൻ, സന്താനവാത്സല്യംകൊണ്ടാണ് അതു ചെയ്യുന്നതെന്നു പറയാനാവില്ല. അവിടെ ഉപോത്പന്നത്തിന്റെ കാര്യത്തിലാണ് കൂടുതൽ ഊന്നൽ. തേങ്ങയ്ക്കായി നാം നാളികേരകൃഷി നടത്തുന്നു. തെങ്ങോലയിൽനിന്ന് ഈർക്കിൽ ശേഖരിച്ച് ചൂലുണ്ടാക്കുന്നതുകൊണ്ട്, ചൂലിനായി തെങ്ങുകൃഷി നടത്തുന്നവരുണ്ടാകുമോ!

ഉപഭോഗസംസ്കാരത്തിൽ രതി വില്പനച്ചരക്കാണ്. അല്ലെങ്കിൽ ചരക്കുനീക്കം ത്വരിതപ്പെടുത്താനുള്ള ഉപാധിയാണ്. സമൂഹമാധ്യമങ്ങളിൽ കാഴ്ചക്കാരെയും വരിക്കാരെയും എണ്ണിക്കൂട്ടുന്നതിനു മാംസനിബദ്ധമായ ടാഗ് ലൈനുകൾ ഉപകരിക്കുമത്രേ! ആരോഗ്യമാസികകളുടെ കവർ പേജിൽ സെക്സിന്റെ ഒരു 'ഹൈലൈറ്റ്' എഴുത്ത് കിളിവാതിൽപോലെ കൊടുത്തു കാണുന്നു. ഇവിടെയെല്ലാം കുറുക്കൻ കൊതിയോടെ തുറിച്ചു നോക്കുന്നതു പുരുഷനിലേക്കാണ്.

വായനശാലകളിൽ ഒറ്റയ്ക്കും എത്തിനോക്കിയും വനിതാപ്രസിദ്ധീകരണങ്ങൾ വായിക്കാൻ തിടുക്കം കൂട്ടിയിരുന്ന കുമാരന്മാരെ ഓർമ വരുന്നു. സ്ത്രീ സ്വകാര്യതകൾ എത്ര സംത്രാസത്തോടെയാണ് കണ്ടൻപൂച്ച കണക്കെ കട്ടുതിന്നിരുന്നത്! 'ഡോക്ടറോടു ചോദിക്കാം' പംക്തിയിലെ ചോദ്യവും ഉത്തരവും ഉദ്വേഗമുനയിൽനിന്ന സാധാരണക്കാരന് എംബിബിഎസ് പരിജ്ഞാനം നൽകി. അക്കാര്യത്തിലൊരു പരീക്ഷയിട്ടിരുന്നെങ്കിൽ, അക്ഷരത്തെറ്റിന്റെ അരമാർക്കുപോലും നഷ്ടപ്പെടില്ലായിരുന്നു! വെള്ളിയാഴ്ച പത്രങ്ങളിലെ സിനിമാപ്പരസ്യങ്ങൾക്കിടയിൽ 'എ' മുദ്രകൾ തെരയുന്ന എൺപതുകളും തൊണ്ണൂറുകളും വിസ്മൃതിയിലായിട്ടില്ല.

മധ്യവയസ്സിന്റെ അത്താണിയിൽ സ്വഭാരമിറക്കിവച്ച്, ആത്മവിശകലനം നടത്തിയാൽ മനസ്സിലാകുന്ന ഒരു സത്യമുണ്ട്: കഴിഞ്ഞതൊക്കെയും 'ആൺ'മനസ്സിന്റെ രഥവേഗങ്ങളായിരുന്നെന്ന്! പെൺകുട്ടികൾക്കുണ്ടായിരുന്നത് 'അയ്യേ' എന്ന, ഭാവുകത്വം നിറഞ്ഞ പ്രതികരണമായിരുന്നു. അത്തരം വ്യാക്ഷേപകങ്ങൾക്ക്, കൃത്യമായ സൂചനകളുമുണ്ടായിരുന്നു. സ്വകാര്യതയുടെ, വിശ്വസ്തതയുടെ ഓരം ചേർന്നിരിക്കേണ്ട കാര്യങ്ങൾ എന്തിനാണ് പുറംലോകത്തേക്കു വലിച്ചിഴയ്ക്കുന്നതെന്ന്. എന്നാൽ, അവളുടെ ഋജുബുദ്ധിയും നൈർമല്യവും അവന്റെ ഗ്രഹണശക്തിക്കു വഴങ്ങിയില്ല. ആരെങ്കിലും അറിഞ്ഞാലോ എന്ന വേവലാതിയായിരുന്നു അവൾക്ക് – അവൻ ധരിച്ചു. അല്ലെങ്കിൽ സർവ്വാത്മനാ എന്തിനും തയ്യാറാകുമായിരുന്നു. ഇങ്ങനെയൊക്കെയായിരുന്നു അവൻ സ്വയം വിശ്വസിച്ചതും, അല്ലെങ്കിൽ നിർബന്ധപൂർവം വിശ്വസിപ്പിച്ചതും.

അവനിലെ തിരയടക്കാൻ അത്തരം ആത്മവഞ്ചനാപരമായ നിലപാടുകൾ വേണ്ടിവന്നിരിക്കാം. വാത്സ്യായനകഥയ്ക്ക് സ്തോഭജനകമായ എത്രതരം നാടകങ്ങൾ ചമച്ചിട്ടുണ്ടാകും. അനഘജന്മങ്ങളെ ആത്മപൂജവേളകളിൽ എത്രയോ വട്ടം, ദുശ്ശാസനസമക്ഷം തള്ളിവിട്ടു. ഒക്കെ നിർവാഹക്കേടാണെന്നു പറഞ്ഞുവയ്ക്കാം. പക്ഷേ, അജ്ഞത ഒരിക്കലും എക്സ്ക്യൂസാകില്ലല്ലോ.


ഇനി ആശ്വസിക്കാനുള്ള ഒരു വകകൂടിയുണ്ട്. മിഴി തുറന്ന ലോകത്ത് അവനിതൊക്കെ തിരിച്ചറിയുന്നു! അതുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കും നേരേയുള്ള അതിക്രമങ്ങൾ അവനെ രോഷാകുലനാക്കുന്നു; ഏറ്റവും കുറഞ്ഞത് ഉദയാസ്തമയങ്ങൾക്കിടയിലെങ്കിലും...

അമർത്തിക്കുലുക്കി നിറച്ച ജിജ്ഞാസയും ഹയവ്യഗ്രതയും പേറി വിവാഹജീവിതത്തിൽ എത്തിയപ്പോഴോ? ഭാവനകൾക്കും സ്വപ്നങ്ങൾക്കും ക്ലൈമാക്സ് ആയോ? ഇല്ലായെങ്കിൽ, ആ മനഃസ്ഥിതിയോർത്ത് സഹതപിക്കുകയേ നിവൃത്തിയുള്ളൂ. തൃഷ്ണകൾക്കു ശമനം കിട്ടാൻ, ഇനിയും ഇടങ്ങൾ തേടേണ്ട ഗതികേട്... കൂടെപ്പൊറുക്കുന്നവൾ ഒരു വകയ്ക്കും കൊള്ളാത്തൊരു ബാധ്യതയാണെന്ന തിരിച്ചറിവ്.. ബൊമ്മകൾക്കു ചിന്തിക്കാനും പ്രതികരിക്കാനും അവകാശമുന്നയിക്കാനും കഴിയുമോ? അത് വിസ്മയിപ്പിക്കുന്ന, വിലക്ഷണം പിടിച്ച അറിവായിപ്പോയി.

പുതിയ മേച്ചിൽപ്പുറങ്ങൾ തേടി അവനും അനേകം അസന്തുഷ്ടരെപ്പോലെ അലഞ്ഞു. ചിലപ്പോൾ സദാചാരപ്പോലീസ് പണി ചെയ്തു. മടുത്തപ്പോൾ പെരുന്നാൾ – ഉത്സവത്തിരക്കിൽ, സൂചികുത്താനിടമില്ലാത്ത വാഹനങ്ങളിൽ അഭയം തേടിയലഞ്ഞു. ചില ശീലാവതിമാർ ചെകിടുപൊട്ടുന്ന പ്രഹരം നൽകിയത്രേ! സംസ്കാരമില്ലാത്ത പരിഷകൾ... അവൻ മനംനൊന്തു ശപിച്ചു. ആ ശാപം കേട്ട് മനസ്സലിഞ്ഞ് ആരോ അവന് ചില ഭിക്ഷകൾ കൊടുത്തു. ആ സൗജന്യങ്ങൾ പറ്റി അല്പകാലം കഴിയുംമുമ്പേ, ഹണിട്രാപ്, മീറ്റൂ വാർത്തകളിൽ അവനിടം പിടിക്കുകയും ചെയ്തു.

ഒരിക്കൽ കഥ പറയുവാൻ അവനു പ്രചോദനമുണ്ടായി. നിലയും വിലയും വ്യക്തിത്വവുമുള്ള വനിതകളായിരുന്നു കഥാപാത്രങ്ങൾ. അവരുടെ അപഥസഞ്ചാരങ്ങളും അഭിരുചികളും എപ്രകാരമാണെന്ന് ഇടയ്ക്കിടെ ബോധോദയം കിട്ടിക്കൊണ്ടിരുന്നു. ആ കഥകൾ പരസഹസ്രം കാതുകളിലേക്കു കൈമാറി. അവന്റെ ജനിതകം പേറുന്നവർക്കിടയിൽ അത്തരം കഥകൾ ഇന്നും പ്രചാരത്തിലുണ്ടാകണം.

■




**ജൂൺ 27**
**ശ്ലീഹാക്കാലം**
**ആറാം ഞായർ**



നിയ. 4:1–8
ഏശ. 2:1–5
1കോറി. 10:23–31
ലൂക്കാ. 12:57–13:5

ഫാ. ആന്റണി ഞള്ളമ്പുഴ CMI

# പ്രത്യാശയുള്ള പാപബോധം

**'ഭാവമാറ്റം' ഉണ്ടാക്കുന്ന പാപം!**

പ്രകൃതിയുടെ 'ഭാവഭേദം' വ്യാഖ്യാനിക്കാൻ കഴിവുള്ള നിങ്ങൾ നിങ്ങളുടെ സ്വഭാവത്തിൽ ഉരുണ്ടുകൂടുന്ന 'ഭാവമാറ്റ'ങ്ങളെ എന്തേ കാണുന്നില്ല? (ലൂക്കാ. 12:56). കാലത്തിന്റെ 'കാലൊച്ച'കളെ എന്തേ കേൾക്കുന്നില്ല? (അപ്പ. 5:9). 'ചുവരെഴുത്തുകൾ' എന്തേ വായിക്കുന്നില്ല? (ദാനി. 5:5).

സ്വഭാവഗുണങ്ങളിൽ വരുന്ന ഭാവമാറ്റങ്ങളെ നിരീക്ഷിക്കാനും നന്മയുടെ സ്ഥായീഭാവത്തിലേക്കു തിരിച്ചുവരാനും തിരുവചനം ഓർമപ്പെടുത്തുന്നു. അവിശ്വസ്തനായ കാര്യസ്ഥൻ ജീവിതം 'തിരുത്തിയെഴുതി' യജമാനന്റെ പ്രീതിക്കു പാത്രമായതുപോലെ (ലൂക്കാ. 16) 'നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ' (അപ്പ. 3:19).

**വഴിയിൽവച്ചുതന്നെ രമ്യതപ്പെടുക**

ലക്ഷ്യപ്രയാണത്തിന്റെ വഴിത്താരയിൽ അവശ്യം അറിഞ്ഞിരിക്കേണ്ട ഒന്നാണ് 'രമ്യത'യെന്ന് രമ്യതയുടെ നാഥൻ അത്ര സൗമ്യമല്ലാതെ ഓർമിപ്പിക്കുന്നു. ബലിയർപ്പിക്കുവാനായി ബലിപീഠത്തിലേക്ക് ഓടുമ്പോഴും ബലിവസ്തു വഴിയിൽവച്ച് അവിടുന്ന് രമ്യത ആവശ്യപ്പെടുന്നു.

യാത്രികനായ യേശുവിനെയാണ് ലൂക്കാസുവിശേഷകൻ ചിത്രീകരിക്കുന്നത്. യേശു നിരന്തരം യാത്രയിലാണ്. ഇരുന്നുകാണുന്നത് (ലൂക്കാസുവിശേഷത്തിൽ) എമ്മാവൂസ് യാത്രക്കാരുടെ ക്ഷണം കിട്ടിയപ്പോൾമാത്രമാണ്. അവരുടെ കണ്ണു തുറപ്പിക്കുന്ന ഒരു ബോധ്യം, ദിവ്യകാരുണ്യത്തിലുള്ള യേശുസാന്നിധ്യം കൊടുക്കാനുള്ള ഇരിപ്പ്. 'ഞാനാണ് വഴി' (യോഹ. 14:6) എന്നു പറഞ്ഞ തീർത്ഥാടകന്റെ വഴിത്താര ജീവിതപന്ഥാവാക്കേണ്ടവരാണ് ക്രൈസ്തവർ. ആയതിനാൽ, ക്രൈസ്തവർ സഞ്ചാരികളാണ്, ആവണം.

ചില തിരുവചനങ്ങൾ ശ്രദ്ധിക്കാം: ''അവനിൽ വസിക്കുന്നെന്നു പറയുന്നവൻ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു" (1 യോഹ. 2:6). "എന്റെ കാലടികൾ അങ്ങയുടെ പാതയിൽത്തന്നെ പതിഞ്ഞു. എന്റെ പാദങ്ങൾ വഴുതിയില്ല" (സങ്കീ. 17:5). "എന്റെ പാദങ്ങൾ അവിടുത്തെ കാല്പാടുകളിൽ ഞാൻ ഉറപ്പിച്ചു; ഞാൻ അവിടുത്തെ പാത പിന്തുടർന്നു. ഒരിക്കലും വ്യതിചലിച്ചില്ല. അവിടുത്തെ കല്പനകളിൽനിന്നു ഞാൻ വ്യതിചലിച്ചില്ല" (ജോബ് 23:11–12).

ക്രൈസ്തവജീവിതം നിരന്തരമായ ഒരു യാത്രയാണെന്നും നാം യാത്രികരാണെന്നും ക്രിസ്ത്യാനികൾ ക്രിസ്തു നടന്ന, ക്രിസ്തു കാട്ടിത്തന്ന മാർഗത്തിലൂടെ നടക്കേണ്ടവരാണെന്നും നടപടിപ്പുസ്തകം ഓർമിപ്പിക്കുന്നു. 'മാർഗ'വാസികളായാണ് ആദിമ ക്രൈസ്തവർ തങ്ങളെത്തന്നെ കണ്ടിരുന്നതും അവരെ മറ്റുള്ളവർ മനസ്സിലാക്കിയിരുന്നതും. ലൂക്കാസുവിശേഷകൻ നടപടിപ്പുസ്തകത്തിൽ 'ക്രിസ്തുമാർഗ'ത്തിന് ഏറെ പ്രാധാന്യം നൽകിയിരിക്കുന്നു: 'ക്രിസ്തുമാർഗം സ്വീകരിച്ച സ്ത്രീപുരുഷന്മാർ' (അപ്പ. 9:2), 'അവർ 'രക്ഷയുടെ മാർഗം' പ്രഘോഷിക്കുന്നു' (അപ്പ. 16:17), 'ക്രിസ്തുമാർഗം' (അപ്പ. 19:9), 'ഈ മാർഗത്തെ നാമാവശേഷമാക്കുന്നു' (അപ്പ. 22:4), "അവർ ഒരു മതവിഭാഗം എന്നു വിളിക്കപ്പെടുന്ന 'മാർഗ' മനുസരിച്ച്..." (അപ്പ. 24:14), 'മാർഗത്തെക്കുറിച്ചു കൂടുതൽ നന്നായി അറിയാമായിരുന്ന'... (അപ്പ. 24:22).

ക്രിസ്തുവിനെ ജീവിതത്തിന്റെ മാർഗരേഖയാക്കിയവരായിരുന്നു ആദിമ ക്രൈസ്തവർ. ക്രിസ്തുവിനെ വിറ്റഴിക്കാനുള്ള ഒരു ഉത്പന്നമോ കാശുണ്ടാക്കാനുള്ള ഒരു മാർഗമോ ആയി കണ്ടവരല്ല അവർ. വഴിയിലെ (മാർഗത്തിലെ) തടസ്സങ്ങൾ (മാർഗതടസ്സം) വഴിയിൽവച്ചുതന്നെ പരിഹരിക്കാൻ വഴിയും യാത്രികനുമായ യേശു, പഥികരായ അനുയായികളെ ഓർമപ്പെടുത്തുന്നു.

**പശ്ചാത്താപം: ആത്മാനുതാപം**

"കർത്താവിനെ ഭയപ്പെടുന്നവൻ ഹൃദയംകൊണ്ട് പശ്ചാത്തപിക്കുന്നു" (പ്രഭാ. 21:6). പാപിയെ തപിപ്പിക്കുന്ന ആത്മാനുതാപമാണ് പശ്ചാത്താപം. ഇരുമ്പു പഴുത്ത് രൂപഭേദം സംഭവിക്കുന്നു. പാപി തപിച്ച് 'ഭാവഭേദം' കൈവരിക്കുന്നു. കർത്താവ് ചോദിക്കുന്നു: "കപടനാട്യക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവഭേദം വ്യാഖ്യാനിക്കാൻ നിങ്ങൾക്കറിയാം. എന്നാൽ, ഈ കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്?" (ലൂക്കാ 12:56). മാറ്റങ്ങൾക്കും രൂപഭേദങ്ങൾക്കും 'ഭാവഭേദ'ങ്ങൾക്കും 'താപ'വും 'തപ'വും 'സാധന'കളും ചില 'സമാധി'കളും ആവശ്യമാണ്. പുഴുവിനെ പൂമ്പാറ്റയാക്കുന്നത് ഒരു സമാധിയുടെ താപമാണ്. പൂമൊട്ടിനെ പൂവാക്കുന്നത് ഒരു സമാധിയുടെ താപമാണ്. ദാസനെ കാളിദാസനാക്കിയത് കാളീക്ഷേത്രത്തിലെ സമാധിയുടെ താപമാണ്. രത്നാകരൻ എന്ന കൊള്ളക്കാരനെ വാല്മീകിയെന്ന വലിയ കവിയാക്കിയത് ഒരു ധ്യാനസമാധിയുടെ താപമാണ്. സിദ്ധാർത്ഥനെന്ന രാജകുമാരനെ ശ്രീബുദ്ധനാക്കിയത് അരയാൽച്ചുവട്ടിലെ നീണ്ട സമാധിയുടെ താപമാണ്.

തപിക്കുന്നത് 'വിരി'യാനാണ്. താപം മുട്ടയെ വിരിയിക്കുന്നു. താപം ഇല്ലെങ്കിൽ മുട്ട ചീമുട്ടയാകും. ഒപ്പം, തപിക്കുന്നത് 'തിരി'യാനാണ്. 'അവർ ,മറ്റൊരു വഴിയേ' യാത്ര ചെയ്തു. 'ഹെസക്കിയാ ചുമരിന്റെ നേരേ തിരിഞ്ഞ്' (ഏശ. 38:2) പ്രാർത്ഥിച്ചു. 'സ്വർഗത്തിലേക്കു നോക്കി' (തിരിഞ്ഞ്) ബുദ്ധി തിരിച്ചുകിട്ടിയ നബുക്കദ്നേസറുടെ കഥ ദാനിയേലിന്റെ പുസ്തകത്തിലുണ്ട് (ദാനി. 4:34). 'സൂര്യനു താഴേ', 'സൂര്യനു കീഴേ' എന്ന പദം പല പ്രാവശ്യം (26) 'സഭാപ്രസംഗ'കനിൽ കടന്നുവരുന്നു. സൂര്യനു താഴെയുള്ളവയിൽ നോക്കി നടക്കാതെ നീതിസൂര്യനായവനെ (മലാക്കി 4:2) നോക്കാൻ, ഉടയവനിലേക്കു തിരിയാൻ, സൂര്യനു മുകളിലുള്ളവനെ കാണാൻ, ഇത്തരത്തിലുള്ളവനിൽ ദൃഷ്ടി പതിപ്പിക്കാൻ സഭാപ്രസംഗകൻ പലവട്ടം ഓർമിപ്പിക്കുന്നു.



'തിരിയുക' അഥവാ 'തിരിയുവിൻ' എന്ന ചിന്ത പഴയനിയമത്തിൽ ഉടനീളമുണ്ട്. പഴയനിയമത്തിലെ അവസാന പുസ്തകമായ മലാക്കിയുടെ അവസാന അധ്യായത്തിലെ അവസാനവചനംതന്നെ ഹൃദയം തിരിക്കാനുള്ള ആഹ്വാനമാണ്: "ഞാൻ വന്നു ദേശത്തെ ശാപംകൊണ്ട് നശിപ്പിക്കാതിരിക്കേണ്ടതിന് അവൻ പിതാക്കന്മാരുടെ ഹൃദയം മക്കളിലേക്കും മക്കളുടെ ഹൃദയം പിതാക്കന്മാരിലേക്കും തിരിക്കും" (മലാക്കി 4:6).

'വസ്ത്രം കീറൽ' നിർത്തി 'ഹൃദയം കീറാൻ' , ഹൃദയം തിരിക്കാൻ ജോയേൽ പ്രവാചകൻ ഒരു തിരുത്തൽ തരുന്നു (ജോയേൽ 2:13). 'ഹൃദയം കീറൽ' അഥവാ ഹൃദയം തിരിക്കൽ ശരിയായ ആത്മാനുതാപമാണെന്ന് പ്രഭാഷകപുസ്തകം സാക്ഷിക്കുന്നു. "കർത്താവിനെ ഭയപ്പെടുന്നവൻ ഹൃദയംകൊണ്ട് പശ്ചാത്തപിക്കുന്നു" (പ്രഭാ. 21:6).

**പശ്ചാത്താപം: മനസ്സിന്റെ നവീകരണം**

കുഞ്ഞുണ്ണി മാഷിന്റെ വരികൾ ശ്രദ്ധേയം:

"മനസ്സല്ലോ പരിസര-
മതു ശുദ്ധീകരിക്ക നാം."

"മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ"(റോമ. 12:2). "സഹോദരരേ, സന്തോഷിക്കുവിൻ, നിങ്ങളെത്തന്നെ നവീകരിക്കുവിൻ" (2 കൊറി. 13:11). "നിന്റെ യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെടാൻവേണ്ടി നിന്റെ ജീവിതകാലമത്രയും നിന്നെ സംതൃപ്തനാക്കുന്നു" (സങ്കീ. 103:5).

"വിശുദ്ധർ ഇനിയും വിശുദ്ധീകരിക്കപ്പെടട്ടെ" (വെളി. 22:11). "നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്" (1 തെസ. 4:3). "നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നാളെ, നിങ്ങളുടെയിടയിൽ കർത്താവ് അദ്ഭുതങ്ങൾ പ്രവർത്തിക്കും" (ജോഷ്വ 3:5).

**അവസരം കളയാതെ അനുതപിക്കാം**

''കോപിക്കുന്നോ, നിങ്ങൾ
കോപിച്ചോളിൻ, പിന്നെ
താപിക്കുവാനുമൊരുങ്ങിക്കോളിൻ."

(കുഞ്ഞുണ്ണി മാഷ്)

പശ്ചാത്താപത്തിന്റെ അഭാവം നാശത്തിന്റെ ഭാവമാണെന്നു മയമില്ലാതെ യേശു ഓർമപ്പെടുത്തുന്നു. "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും" (ലൂക്കാ 13:3).

ജീവിതം തിരുത്തിയെഴുതാൻ, ഫലദായമാക്കാൻ 'എക്സ്ട്രാ ഈയേഴ്സ്', അതേ, അധികവർഷങ്ങൾ തരുന്ന വിധിയാളനായ അധിനാഥനോട് നമുക്കു നന്ദിയുള്ളവരായിരിക്കാം. കരുണയുടെ അനന്തമായ അതിരുകളെ ആദരിക്കാം.

**ശിക്ഷകളും അദ്ഭുതങ്ങളും: അനുതാപത്തിനുള്ള ആഹ്വാനങ്ങൾ**

യേശുവിന്റെ അദ്ഭുതങ്ങളുടെ ഉദ്ദേശ്യംപോലും അനുതാപത്തിലേക്കുള്ള ആഹ്വാനങ്ങളായിരുന്നു. യേശു താൻ ഏറ്റവും കൂടുതൽ അദ്ഭുതങ്ങൾ പ്രവർത്തിച്ച നഗരങ്ങൾ മാനസാന്തരപ്പെടാത്തതിനാൽ അവയെ ശാസിക്കാൻ തുടങ്ങി. "നിന്നിൽ നടന്ന അദ്ഭുതങ്ങൾ ടയിറിലും സീദോനിലും നടന്നിരുന്നെങ്കിൽ അവ എത്ര പണ്ടേ ചാക്കുടുത്തു ചാരം പൂശി അനുതപിക്കുമായിരുന്നു... നിന്നിൽ സംഭവിച്ച അദ്ഭുതങ്ങൾ സോദോമിൽ സംഭവിച്ചിരുന്നെങ്കിൽ അത് ഇന്നും നിലനില്ക്കുമായിരുന്നു" (മത്താ. 11:20–24).

**പശ്ചാത്താപം: പ്രത്യാശയുള്ള പാപബോധം**

പ്രത്യാശയുള്ള പാപബോധമാണ് അനുതാപം അഥവാ പശ്ചാത്താപം. പ്രത്യാശയുള്ള അനുതാപം മിഴികളിൽ കണ്ണീർ നിറയ്ക്കുന്നു. പ്രത്യാശയില്ലാത്ത ദുഃഖം, പ്രത്യാശയില്ലാത്ത പാപചിന്ത കുറ്റബോധവും ജീവഹാനിയും വിളിച്ചുവരുത്തുന്നു. 'പ്രത്യാശയില്ലാത്തവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുത്' എന്ന് പൗലോസ് ശ്ലീഹാ (1 തെസ. 4:13) പ്രത്യേകം ഓർമിപ്പിക്കുന്നു. ദുഃഖിക്കാം, പ്രത്യാശ നശിച്ചവരെപ്പോലെ ദുഃഖിക്കരുത്. കാരണം, 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമാ. 5:5).

സ്വന്തം കുറവുകളെക്കുറിച്ചുള്ള പൂർണമായ തിരിച്ചറിവും ഒപ്പം ആ കുറവുകളെ കഴുകിക്കളയുന്ന പിതാവായ ദൈവത്തിന്റെ അനന്തമായ കരുണയെക്കുറിച്ചുള്ള ഓർമയും ഒരു വ്യക്തിയുടെ കണ്ണിലുതിർക്കുന്ന കണ്ണുനീരാണ് സത്യത്തിൽ അനുതാപക്കണ്ണീർ. ഈ കണ്ണീരിന്റെ വരം, ഇപ്രകാരം അനുതാപത്തോടെ 'കരയാനുള്ള വരം' ആഗ്രഹിക്കാം, കൊതിക്കാം, മിഴികൾ സജലങ്ങളാക്കി കരയാം.

**കുറ്റബോധം: പ്രത്യാശയില്ലാത്ത ദുഃഖം**

''പ്രത്യാശയില്ലാത്തവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു" (1 തെസ. 4:13). കുറ്റബോധമല്ല, അനുതാപമാണ് ദൈവം ആഗ്രഹിക്കുന്നത്. അനുതാപത്തിന്റെ അശ്രുകണങ്ങളാണ് ദൈവത്തിനു സ്വീകാര്യമായ സമ്മാനം. കുറ്റബോധത്തിൽനിന്നും കുറ്റബോധം നിറയ്ക്കുന്ന പ്രഭാഷണങ്ങളിൽനിന്നും അലർച്ചാധ്യാനങ്ങളിൽനിന്നും അകന്നുനില്ക്കാം. ദൈവത്തിന്റെ കരുണയുടെ കനിവുള്ള മുഖം അറിയാത്തവരും മറന്നവരും മറച്ചുപിടിക്കുന്നവരും കുറ്റബോധം കുത്തിവയ്ക്കുന്ന പ്രഘോഷകരും കുറ്റബോധവ്യവസായത്തിന്റെ കുത്തകവ്യാപാരികളും ഉപാസകരുമാണ്. അകന്നുപോയ മകനെ വഴിക്കണ്ണുമായി കാത്തിരുന്ന പിതാവിനെ മറക്കാതിരിക്കാം. തിരികെ വന്ന മകനെ മാറോടണച്ച പിതാവിനെ ഓർക്കാം. പറയാനാഗ്രഹിച്ച പഴയ വഴികളുടെ പുരാണം പറയിപ്പിക്കാതെയും അതു കേൾക്കാൻ ആഗ്രഹിക്കാതെയുമിരുന്നവനെ ധ്യാനിക്കാം. പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ മുഖത്തിന് മൂടുപടമിടാതിരിക്കാം. ദൈവത്തിന്റെ സ്നേഹത്തിന്റെ മുഖത്ത് കരിവാരി എറിയാതിരിക്കാം, ചെളി വാരി പൂശാതിരിക്കാം. നല്ല ദൈവത്തിന്റെ മുഖം നല്ലതുപോലെ ധ്യാനിക്കാം, അവതരിപ്പിക്കാം.

■

# അപ്പർകുട്ടനാടുപോലെ അഗത്തി



ലക്ഷദ്വീപ് വിശേഷങ്ങൾ 1



**മാത്യൂസ് പ്ലാക്കൻ**

ലക്ഷദ്വീപ് വാർത്തകളിൽ നിറഞ്ഞുനില്ക്കുകയാണ്. ജനവാസമുള്ള പത്തു ദ്വീപുകളിലും നടന്ന 12 മണിക്കൂർ നിരാഹാരസമരത്തിൽ ആയിരങ്ങൾ പങ്കെടുത്തതായി വാർത്ത കണ്ടു. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ തുഗ്ലക് പരിഷ്കാരങ്ങൾക്കെതിരേയാണത്. അഗത്തിയിൽ സേവ് ലക്ഷദ്വീപ് പോസ്റ്ററുകളുമായി കടലിനടിയിൽ സേവ് ലക്ഷദ്വീപ് ഫോറത്തിന്റെ പ്രവർത്തകർ തികച്ചും വ്യത്യസ്തമായ പ്രതിഷേധം നടത്തിയതും ശ്രദ്ധേയമായി. ടൂറിസത്തിന്റെ പേരിലായാലും വികസനത്തിന്റെ പേരിലായാലും രാഷ്ട്രീയത്തിന്റെ പേരിലായാലും ലക്ഷദ്വീപ് ഇന്നിപ്പോൾ സമരമുഖത്താണ്. ഇന്ത്യയുടെ കേന്ദ്രഭരണപ്രദേശങ്ങളിൽ ഏറ്റവും ചെറുതാണ് ലക്ഷദ്വീപ്.

ഇന്നത്തെപ്പോലെ സമരത്തിന്റെയും കൊറോണവൈറസിന്റെയും ഭൂമികയായിരുന്നില്ല ഞങ്ങൾ പോയപ്പോൾ ലക്ഷദ്വീപിന്റേത്. തികച്ചും സ്വച്ഛമായിരുന്നു ആ പ്രകൃതി. കൊറോണ വൈറസ് ലോകത്ത് പൊട്ടിപ്പടരുന്നതിന്റെ തൊട്ടുമുമ്പുള്ള സമയം. 2019 മാർച്ച് പത്തിനായിരുന്നു ഞങ്ങളുടെ ലക്ഷദ്വീപ് യാത്ര. ബാങ്കിൽനിന്നും മറ്റു സർവീസുകളിൽനിന്നും റിട്ടയർ ചെയ്ത 17 പേരടങ്ങുന്ന സംഘം. കൊച്ചി വിമാനത്താവളത്തിൽനിന്ന് 8.10 നായിരുന്നു ലക്ഷദ്വീപിനുള്ള എയർ ഇന്ത്യ ഫ്ളൈറ്റ്. രാവിലെ ആറു മണിക്കു നെടുമ്പാശേരിയിൽ എത്തേണ്ടിയിരുന്നു. ദിവസേന അങ്ങോട്ടും ഇങ്ങോട്ടും ഒരു ഫ്ളൈറ്റ് സർവ്വീസേയുള്ളൂ. ബാംഗ്ലൂരിൽനിന്നു ചാർട്ട് ചെയ്യുന്ന ഫ്ളൈറ്റ് കൊച്ചി വഴി ലക്ഷദ്വീപിലേക്കു പോകുന്നു. ഇതര സംസ്ഥാനയാത്രികരെക്കൂടി പരിഗണിച്ചാണത്. കൃത്യസമയത്തുതന്നെ നെടുമ്പാശേരി വിമാനത്താവളത്തിൽനിന്നു ഞങ്ങൾ കയറിയ എയർഇന്ത്യാ വിമാനം ടേക് ഓഫ് ചെയ്തു. ആയിടയ്ക്കു വൺ സൈഡ് യാത്രയ്ക്കുള്ള ഫ്ളൈറ്റ് ടിക്കറ്റ് നിരക്ക് ആറായിരത്തിൽ ത്താഴെ രൂപയായിരുന്നു.

ഒരു മാസംമുമ്പേ ഞങ്ങൾ യാത്രയ്ക്കുള്ള മുന്നൊരുക്കം തുടങ്ങിയിരുന്നു. ലക്ഷദ്വീപ് ഇന്ത്യയുടെ ഭാഗമായതിനാൽ അവിടെപ്പോകുന്നതിനു പാസ്പോർട്ടോ വിസയോ ആവശ്യമില്ല. ലക്ഷദ്വീപുയാത്ര ചെയ്യാനുദ്ദേശിക്കുന്ന ആളിന്റെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി.) വേണം. കൊച്ചി ഐലന്റിലുള്ള ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ അനുമതിയും വേണം. അനുമതി ലഭിക്കണമെങ്കിൽ ലക്ഷദ്വീപിൽ ഒരു സ്പോൺസർ ഉണ്ടാവണം. ഇന്ത്യയുടെ കേന്ദ്രഭരണപ്രദേശങ്ങളിലൊക്കെ യാത്ര ചെയ്യാനുള്ള മാർഗനിർദേശങ്ങൾ മിക്കവാറും ഇതൊക്കെത്തന്നെയാണ്. ഞാൻ പോലീസ് സ്റ്റേഷനിൽ അപേക്ഷ നൽകി പിറ്റേന്നുതന്നെ എനിക്കു പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചു. ഇപ്പോൾ ഓൺലൈൻ സിസ്റ്റമുള്ളതിനാൽ പോലീസുകാർക്ക് അപേക്ഷകന്റെ പേരിൽ കേസെന്തെങ്കിലുമുണ്ടോ എന്നറിയാൻ എളുപ്പത്തിൽ സാധിക്കുന്നു.

ഞങ്ങളുടെ യാത്രയുടെ കാര്യങ്ങളൊക്കെ നിയന്ത്രിച്ചിരുന്നത് പാലക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ത്രിവേണി ടൂർസ് ആൻഡ് ട്രാവൽസായിരുന്നു. അതിന്റെ പ്രൊപ്രൈറ്റർ മുരളീധരനു പിസിസി യുടെയും ആധാറിന്റെയും കോപ്പി അയച്ചുകൊടുത്തിരുന്നു. യാത്രയ്ക്കുള്ള സമയമായപ്പോൾ കൊറോണ വൈറസിന്റെ പ്രതിസന്ധി ഡമോക്ലീസിന്റെ വാളുപോലെ തലയ്ക്കു മീതെ തൂങ്ങിക്കിടന്നു. ഇന്ത്യയിൽ വൈറസ് താണ്ഡവം തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ ഞങ്ങളുടെ യാത്രയ്ക്കു തടസ്സമുണ്ടായില്ലെന്നു മാത്രം.

എഴുപതോളം പേർക്കു യാത്ര ചെയ്യാവുന്ന ചെറിയ വിമാനം അറബിക്കടലിനു മീതേ പറക്കുകയായിരുന്നു. ഒരു മണിക്കൂർ ഫ്ളൈറ്റ് ടൈം. ഒൻപതേകാലായപ്പോൾ ലക്ഷദ്വീപിന്റെ എയർപോർട്ടിൽ ചെറിയൊരു കുലുക്കത്തോടെ വിമാനം ലാൻഡു ചെയ്തു. അഗത്തിദ്വീപിലുള്ള എയർപോർട്ടിന് ഒരു സവിശേഷതകൂടിയുണ്ട്, മൂന്നുവശവും കടലാൽ ചുറ്റപ്പെട്ടു കിടക്കുന്നു. ലക്ഷദ്വീപിൽ ഈ ദ്വീപിൽ മാത്രമേ വിമാനത്താവളമുള്ളൂ.

എയർപോർട്ട് അതോറിട്ടിയുടെ കാര്യാലയം ചെറിയൊരു ബിൽഡിങ്ങാണ്. ടെമ്പറേച്ചർ ടെസ്റ്റു ചെയ്തു യാത്രികരെ അങ്ങോട്ടു പ്രവേശിപ്പിക്കും. പിന്നെ ആധാർകാർഡും ട്രാവൽ പെർമിറ്റും പരിശോധനയും. എല്ലാവരുടെയും പരിശോധനയും വിമാനത്തിൽനിന്നു ലഗേജ് കിട്ടാനുള്ള താമസവും കൂടിയായപ്പോൾ ഒരു മണിക്കൂർ കഴിഞ്ഞു. ഒരു കിലോമീറ്റർ ദൂരെയാണ് താമസത്തിന് ഏർപ്പാടു ചെയ്തിരിക്കുന്ന റിസോർട്ട്.

നേർരേഖയിൽ നീണ്ടുപോകുന്ന വീതികുറഞ്ഞ ടാർ റോഡ്. ഇരുവശങ്ങളിലും തെങ്ങുകൾ. ഒതളവും മറ്റു ചെടികളും തല നീട്ടി നിൽക്കുന്നു. പഞ്ചസാരമണലുള്ള അപ്പർ കുട്ടനാടിന്റെ പ്രകൃതി. അഗത്തി ദ്വീപിനു കഷ്ടിച്ച് ഒൻപതു കിലോമീറ്റർ നീളമാണുള്ളത്. വീതിയാകട്ടെ ശരാശരി ഒരു കിലോമീറ്ററും. ചിലയിടത്തു നാലു കിലോമീറ്റർ നീളമുണ്ടെങ്കിൽ മറ്റിടങ്ങളിൽ ഒന്നോ ഒന്നരയോ കിലോമീറ്ററാവും വീതി. എയർപോർട്ടിന്റെ ഭാഗത്ത് അറുപതു മീറ്റർ മാത്രം കരഭൂമിയുടെ വീതി.

പത്തരയോടെ ഞങ്ങൾ പതിനേഴംഗസംഘം റിസോർട്ടിലെത്തി. ഇനി അവിടെ താമസിച്ചുകൊണ്ടുവേണം ലക്ഷദ്വീപ് നേർക്കാഴ്ചകളിലേക്കു പോകാൻ. കടലോളങ്ങളുടെ ശബ്ദം കാതിലിരമ്പി. കടൽക്കാറ്റ് ഒരസുലഭ ബീച്ച് ഫാൻ ആയി മാറുന്ന അനുഭൂതി!

(തുടരും)

# ഷിബു തെക്കേമറ്റത്തിന്റെ രക്തവിപ്ലവത്തിന് 110

മനുഷ്യന് അത്യന്താപേക്ഷിതമായ ജീവരക്തം ദാനം ചെയ്ത് ജീവകാരുണ്യരംഗത്ത് 33 വർഷം പൂർത്തിയാക്കിയിരിക്കുകയാണ് പാലായുടെ സ്വന്തം ഷിബു തെക്കേമറ്റം.

രക്തദാനം മഹാദാനം എന്ന സന്ദേശമുൾക്കൊണ്ട് അനേകായിരങ്ങൾക്കു പ്രചോദനമായും നിരവധി രക്തദാനഗ്രൂപ്പുകൾക്കു മാർഗദർശിയായും പ്രവർത്തിക്കുന്ന ഷിബുവിന്റെ വീരോചിതമായ ജീവിതം മാതൃകാസമ്പന്നമാണ്. വിദ്യാർത്ഥികളെയും യുവാക്കളെയും രക്തദാനത്തിന്റെ മഹത്ത്വത്തെക്കുറിച്ചു ബോധവത്കരിക്കാൻ ഷിബുവിന്റെ പ്രവർത്തനങ്ങൾക്കു കഴിയുന്നുണ്ട്.

1988 ൽ തന്റെ അധ്യാപികയ്ക്കു രക്തം കൊടുത്തുകൊണ്ട് ജീവകാരുണ്യരംഗത്തേക്കു കടന്നുവന്ന ഷിബു 33 വർഷംകൊണ്ട് 110 തവണ രക്തം ദാനം ചെയ്തുകഴിഞ്ഞു. അടുത്ത ബന്ധുക്കൾപോലും ചിലപ്പോൾ രക്തദാനത്തിനു തയ്യാറാവാത്ത സാഹചര്യത്തിലാണ് ഷിബു അന്യരുടെ ജീവൻ നിലനിർത്താൻ സ്വന്തം രക്തം ദാനം ചെയ്തു മാതൃകയാകുന്നത്.

പാലായ്ക്കടുത്ത് കൊഴുവനാൽ തെക്കേമറ്റം വീട്ടിൽ പരേതനായ റ്റി.റ്റി. തോമസിന്റെയും തെയ്യാമ്മയുടെയും മകനാണ് ഷിബു. വിളക്കുമാടം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ ലാബ് അസിസ്റ്റന്റാണിദ്ദേഹം. ഭാര്യ റെനി ലാബ് ടെക്നീഷ്യനായി ജോലി ചെയ്യുന്നു. മകൻ എമിൽ ടോം ഷിബു കിസ്കോ കരിയർ ഹൈറ്റ്സിൽ എസ്.എസ്.സി. കോച്ചിങ് വിദ്യാർത്ഥിയും മകൾ എലേന സൂസൻ ഷിബു കൊഴുവനാൽ സെന്റ് ജോൺ നെപുംസ്യാൻസ് ഹൈസ്കൂളിൽ ഏഴാംക്ലാസ് വിദ്യാർത്ഥിനിയുമാണ്.



*ലോകരക്തദാനദിനമായ ജൂൺ 14 ന് 110-ാമത് രക്തദാനം നടത്തിയ ഷിബു തെക്കേമറ്റം.*

കേരളത്തിലാദ്യമായി രക്തദാനരംഗത്ത് 24 മണിക്കൂർ ഹെൽപ് ഡസ്ക്, പാലാ ബ്ലഡ് ഫോറം എന്ന പേരിൽ ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ മുൻകൈയെടുത്തത് ഷിബു തെക്കേമറ്റമാണ്.

കോട്ടയം ജില്ലാ രക്തദാനസമിതിയുടെയും പാലാ ബ്ലഡ് ഫോറത്തിന്റെയും ജനറൽ കൺവീനർ, ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ ബ്ലഡ് ബാങ്ക് ക്യാമ്പ് കോ ഓർഡിനേറ്റർ, അഡ്വ. റ്റി.വി. എബ്രഹാം ഫൗണ്ടേഷൻ സെക്രട്ടറി, നെഹ്റു പീസ് ഫൗണ്ടേഷൻ ജില്ലാ ചെയർമാൻ തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചുപോരുന്നു.

ഐഎംഎയുടെ അപ്രീസിയേഷൻ അവാർഡ്, ലയൺസ് ക്ലബിന്റെ ഔട്ട്സ്റ്റാന്റിങ് പെർഫോമൻസ് അവാർഡ്, ജേസീസിന്റെ ഗ്രേറ്റ് ഹാർട്ട് അവാർഡ്, ലയൺസ്ക്ലബ് ഇന്റർനാഷണലിന്റെ സർവീസ് എക്സലൻസ് അവാർഡ്, സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും എയ്ഡ്സ് നിയന്ത്രണസൊസൈറ്റിയും സംയുക്തമായി നല്കുന്ന മികച്ച രക്തദാതാവിനുള്ള 2016 ലെയും 2018 ലെയും അവാർഡ് തുടങ്ങി നിരവധി ബഹുമതികൾ ഷിബുവിനെ തേടിയെത്തിയിട്ടുണ്ട്.

തന്റെ ജീവരക്തം സ്വീകരിച്ചവർ മരണത്തിൽനിന്നു ജീവിതത്തിലേക്കു തിരിച്ചുവരുന്നതു വലിയ സന്തോഷത്തിനു കാരണമാകുന്നുവെന്നും, അതു വീണ്ടും രക്തം പകരാനുള്ള വലിയ ഉത്തരവാദിത്വത്തിലേക്കു തന്നെ നയിക്കുന്നുവെന്നും ഷിബു തെക്കേമറ്റം പറയുന്നു.

# നടനവൈഭവത്തിന്റെ സത്യമുഖം

## മലയാളത്തിന്റെ മഹാനടൻ സത്യൻ അന്തരിച്ചിട്ട് ജൂൺ 15 ന് അമ്പതു വർഷം



ജോണി തോമസ് മണിമല

സത്യൻമാഷ് ഒരു ബ്ലാക് ആൻഡ് വൈറ്റ് ഓർമയാണ്. തവിട്ടും നീലയും കലർന്ന അദ്ദേഹത്തിന്റെ ഛായാചിത്രങ്ങൾ നഗരഭിത്തികളിലും ഗ്രാമമൂലകളിലും അന്നത്തെ ചാരനിറമാർന്ന പാട്ടുപുസ്തകങ്ങളുടെ പുറംചട്ടകളിലും നിത്യസാന്നിധ്യമായിരുന്ന കാലം. കാമ്പും കഴമ്പുമുള്ള സിനിമകളിലെ കരുത്തുറ്റ കഥാപാത്രങ്ങളായി അദ്ദേഹം വെള്ളിത്തിരയിൽ നിറഞ്ഞാടി.

കനപ്പെട്ട ശിരസ്സും കറുത്തു കരിവീട്ടിപോലുള്ള ബലിഷ്ഠമായ ശരീരവുമായി ശരാശരി മലയാളിയുടെ ഭാവുകത്വത്തെ ഏറെക്കാലം ഉദ്ദീപിപ്പിച്ച ഒരു മഹാനടനായിരുന്നു സത്യൻ. ഒരു താരരാജാവിനു ചേർന്ന നിറമോ ഉയരമോ സത്യനുണ്ടായിരുന്നില്ല. എങ്കിലും, തന്റെ വേറിട്ട അഭിനയശൈലിയും തനതുഭാവങ്ങളും കൊണ്ട് രണ്ടു പതിറ്റാണ്ടുകാലം അദ്ദേഹം മലയാളസിനിമ അടക്കിവാണു. പാന്റും കോട്ടുമിട്ട്, ഷർട്ടും മുണ്ടുമുടുത്ത്, കള്ളിമുണ്ടും ബനിയനുമണിഞ്ഞ്, ചുണ്ടിലെരിയുന്ന ബീഡിയും തലേക്കെട്ടും പിരിയൻമീശയുമൊക്കെയായി അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ തിരശ്ശീലയിൽനിന്നു മണ്ണിലിറങ്ങി നടന്നു. അങ്ങനെ 'ഓടയിൽനിന്നി'ലെ പപ്പുവിനെയും 'അനുഭവങ്ങൾ പാളിച്ചകളി'ലെ ചെല്ലപ്പനെയും 'ചെമ്മീനി'ലെ പളനിയെയുമെന്നല്ല, അദ്ദേഹം ഉജ്ജ്വലമായി അരങ്ങേറ്റിയ ഒട്ടുമിക്ക കഥാപാത്രങ്ങളെയും മലയാളി സ്നേഹപൂർവം നെഞ്ചേറ്റി. കേരളസമൂഹത്തിൽനിന്നു കൃതഹസ്തരായ എഴുത്തുകാർ കണ്ടെടുത്ത നായകകഥാപാത്രങ്ങൾക്ക് ആ അഭിനയപ്രതിഭ നല്കിയ 'സത്യൻ ടച്ച്' പിന്നീട് ആണത്തത്തിന്റെയും പൗരുഷത്തിന്റെയും പൂർവമാതൃകയായി മാറിയെന്നതാണു സത്യം.

തിരുവനന്തപുരത്തിനടുത്തു തിരുമലയിൽ ചെറുവിളാകത്തുവീട്ടിൽ മാനുവലിന്റെയും ലില്ലിയമ്മയുടെയും മൂത്തമകനായി 1912 നവംബർ ഒമ്പതിനു ജനിച്ച സത്യൻ, അക്കാലത്തെ ഉയർന്ന ബിരുദമായി കണക്കാക്കപ്പെട്ടിരുന്ന വിദ്വാൻപരീക്ഷ പാസ്സായതിനുശേഷം തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂളിൽ അധ്യാപകനായിച്ചേർന്നു. പിന്നീടു രണ്ടു വർഷം സെക്രട്ടേറിയറ്റിൽ ക്ലാർക്കായി. തുടർന്ന് പട്ടാളത്തിൽ ചേർന്നു. രണ്ടാം ലോകയുദ്ധകാലത്ത് ബ്രിട്ടീഷ് പട്ടാളത്തിന്റെ മണിപ്പൂർ സേനയിലെ അംഗമായിരുന്നു സത്യൻ. പട്ടാളത്തിൽനിന്നു തിരിച്ചുവന്ന സത്യൻ പോലീസിൽ ചേർന്നു. പുന്നപ്ര-വയലാർ സമരകാലത്ത് ആലപ്പുഴയിലെ സബ്ഇൻസ്പെക്ടറായി കാലം പ്രതിഷ്ഠിച്ചത് സത്യനേശൻ നാടാർ എന്ന സത്യനെയായിരുന്നു. രക്താർബുദം ബാധിച്ച് ദീർഘകാലം ചികിത്സ തേടിയ സത്യൻ 1971 ജൂൺ 15 ന് അന്തരിച്ചു.

അധ്യാപകൻ, ക്ലാർക്ക്, പട്ടാളക്കാരൻ, പോലീസ് ഇൻസ്പെക്ടർ, നടൻ എന്നിങ്ങനെ സത്യൻ ചവിട്ടിക്കയറിയ പടിക്കെട്ടുകളിലേക്കു നോക്കിയാൽ അവിടെയെല്ലാം ഒരു സ്ഥിരോത്സാഹിതലയുയർത്തിനില്ക്കുന്നതു കാണാം. ആലപ്പുഴയിൽ സബ് ഇൻസ്പെക്ടറായിരിക്കെ, പ്രസിദ്ധ സംഗീതകാരനും നടനുമായ സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതരുമായി കൈവന്ന പരിചയമാണ് സത്യനെ കലാലോകത്തിന്റെ വാതിൽപ്പുറങ്ങളിലേക്കു നയിച്ചത്. അതിനുമുമ്പുതന്നെ ചില നാടകത്തട്ടുകളിലൂടെ തന്റെ അഭിനയസാധ്യതകളെ അദ്ദേഹം പരീക്ഷിച്ചറിഞ്ഞിരുന്നു. സെബാസ്റ്റ്യൻ ഭാഗവതർ പല നിർമാതാക്കൾക്കും സംവിധായകർക്കും സത്യനെ പരിചയപ്പെടുത്തി. പക്ഷേ, വഴിതുറന്നില്ല. ഒടുവിൽ, ഒറ്റനോട്ടത്തിൽത്തന്നെ സത്യനിലെ അഭിനേതാവിനെ തിരിച്ചറിഞ്ഞ കൗമുദി ബാലകൃഷ്ണൻ എന്ന പ്രതിഭാശാലി തന്റെ 'ത്യാഗസീമ' എന്ന ചിത്രത്തിലൂടെ സിനിമാഭിനയത്തിന്റെ മായാലോകം സത്യനുമുന്നിൽ തുറന്നുകൊടുക്കുന്നു. നിർഭാഗ്യവശാൽ ചിത്രം വെളിച്ചംകണ്ടില്ല (അതിനകം പോലീസുദ്യോഗം അദ്ദേഹം രാജിവച്ചുകഴിഞ്ഞിരുന്നു). തുടർന്നഭിനയിച്ച 'ആത്മസഖി'യാണ് ആദ്യം പുറത്തുവന്ന ചിത്രം. പിന്നീട് നല്ല നല്ല സിനിമകളുടെ എത്രയെത്ര ഘോഷയാത്രകൾ!

ഇതൊക്കെയാണെങ്കിലും സത്യന്റെ അഭിനയജീവിതത്തെ മാറ്റിമറിച്ച ചിത്രം 'നീലക്കുയിലാ'യിരുന്നു. അതിലെ സ്കൂൾ മാസ്റ്റർ സത്യനെ ഉയരങ്ങളിൽ പ്രതിഷ്ഠിച്ചു. 1954 ൽ രാമു കാര്യാട്ടും പി. ഭാസ്കരനും ചേർന്നൊരുക്കിയ, മികച്ച ചിത്രത്തിനുള്ള ദേശീയപുരസ്കാരം നേടിയ ആ ചിത്രം മലയാളസിനിമാചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറി.

സിനിമയിലെന്നല്ല, ജീവിതത്തിലും കരുത്തനായിരുന്നു സത്യൻ. എപ്പോഴും മണ്ണിൽ കാലുറപ്പിച്ചു നടന്ന പച്ചമനുഷ്യൻ. പാന്റും സ്ലാക് ഷർട്ടും ചിലപ്പോൾ മുഖത്തൊരു കൂളിംഗ് ഗ്ലാസുമായി സിനിമാസെറ്റുകളിലും സൗഹൃദക്കൂട്ടായ്മകളിലും കടന്നുവന്നിരുന്ന സത്യനെ സഹപ്രവർത്തകർ ആദരവോടെ അനുസ്മരിക്കുന്നുണ്ട്. ഗാംഭീര്യം സ്ഫുരിക്കുന്ന മുഖഭാവം. അതിനുചേർന്ന ശരീരഭാഷയും അംഗചലനങ്ങളും. സത്യൻ സിനിമാസെറ്റിൽ കാലുകുത്തിയാലുടൻ, അതുവരെയുണ്ടായിരുന്ന സകല കലപിലകളും സ്വിച്ചിട്ടതുപോലെ നിലയ്ക്കുമായിരുന്നത്രേ. അതായിരുന്നു സത്യൻ.

സ്വാഭിപ്രായം ആരുടെ മുമ്പിലും വെട്ടിത്തുറന്നു പറയാൻ സത്യനു മടിയുണ്ടായിരുന്നില്ല. സിനിമയിലായാലും ജീവിതത്തിലായാലും ഒരു തെറ്റു കണ്ടാൽ, അനീതി കണ്ടാൽ പൊട്ടിത്തെറിക്കുന്ന പ്രകൃതം. ഒരു സ്വകാര്യ ടി.വി. ചാനൽ പരമ്പരയിൽ സത്യന്റെ



ഈ സ്വഭാവസവിശേഷതയെപ്പറ്റി തിരക്കഥാകൃത്ത് ജോൺ പോൾ വലിയ അദ്ഭുതത്തോടെ വിവരിക്കുന്നുണ്ട്: അരനാഴികനേരം റിലീസായ സമയം. മലയാളസിനിമാപ്രേക്ഷകർ ഒന്നടങ്കം ഇരുകൈയുംനീട്ടി സ്വീകരിച്ച ചിത്രമായിരുന്നു അത്. ആ ചിത്രത്തിനു ധാരാളം അവാർഡുകൾ കിട്ടി. കൊല്ലത്തു നടന്ന ഒരു സ്വകാര്യ അവാർഡുദാനച്ചടങ്ങിൽ മുഖ്യാതിഥി സത്യനാണ്. സത്യൻ നോക്കുമ്പോൾ ചിത്രത്തിലെ നായകനായ കുഞ്ഞോനാച്ചനെ അനശ്വരനാക്കിയ കൊട്ടാരക്കര ശ്രീധരൻനായർ വേദിയുടെ പിൻനിരയിൽ ഇരിക്കുന്നു. അന്നു കൊട്ടാരക്കര ഒരു സ്വഭാവനടൻ മാത്രമാണ്. സത്യൻ പൊട്ടിത്തെറിച്ചു: ഈ സിനിമയെയാണു നിങ്ങളാദരിക്കുന്നതെങ്കിൽ ഇതിലെ നായകനെ മുൻനിരയിൽ കൊണ്ടുവന്നിരുത്തണം. ഇല്ലെങ്കിൽ ഞാനീ ചടങ്ങിൽ പങ്കെടുക്കില്ല.

ഇനിയുമുണ്ടു കഥ. മലയാള സിനിമയ്ക്ക് ആദ്യമായി സംസ്ഥാനഗവൺമെന്റ് അവാർഡ് പ്രഖ്യാപിച്ച സമയം. കടൽപ്പാലത്തിലെ അഭിനയത്തിനു മികച്ച നടനുള്ള അവാർഡ് സത്യന്. എന്നാൽ നല്ല ചിത്രത്തിനുള്ള അവാർഡു നേടിയത് നീലാ പ്രൊഡക്ഷൻസിന്റെ പി. സുബ്രഹ്മണ്യം സംവിധാനം ചെയ്ത 'കുമാരസംഭവ'മായിരുന്നു. അവാർഡുദാനച്ചടങ്ങിൽ മുഖ്യമന്ത്രിയടക്കമുള്ളവരെ മുന്നിലിരുത്തി സത്യൻ തുറന്നടിച്ചു: അർഹതയ്ക്കാണ് അംഗീകാരം നല്കേണ്ടത്. ഇല്ലെങ്കിൽ സംസ്ഥാനഗവൺമെന്റ് ഇതിനുവേണ്ടി മുടക്കുന്ന പണം വെറും വെയ്സ്റ്റാണ്. 'അരനാഴികനേരം' നേരിട്ട അവഗണനയായിരുന്നു സത്യന്റെ മനസ്സിൽ. തനിക്ക് അനേകം ചിത്രങ്ങൾ സമ്മാനിച്ച അന്നദാതാവായ സുബ്രഹ്മണ്യത്തെ അദ്ദേഹം അവിടെ കണക്കിലെടുത്തതേയില്ല. അരനാഴികനേരത്തിലെ നായകവേഷത്തിന് തന്നെക്കാൾ അനുയോജ്യൻ കൊട്ടാരക്കരയാണെന്നു കണ്ടെത്തിയതും അതു സേതുമാധവനോടു നിർദേശിച്ചതും സത്യനായിരുന്നുവെന്നോർക്കണം.

എപ്പോഴും നല്ല സിനിമയെ സ്നേഹിച്ചയാളായിരുന്നു സത്യൻ. താരങ്ങളല്ല, സിനിമയാണു വലുതെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. പി.എൻ. മേനോൻ കുട്ട്യേടത്തി ഒരുക്കുമ്പോൾ, അവിടെ പണം ഒരു പ്രതിബന്ധമാണെന്നറിഞ്ഞ സത്യൻ, അഡ്വാൻസ് തുകയിൽനിന്നു നൂറു രൂപാ മാത്രമെടുത്ത് ബാക്കി തിരികെയേല്പിച്ചുകൊണ്ടു പറഞ്ഞു: ഈ സിനിമയുടെ മുഴുവൻ പ്രതിഫലവും ഞാൻ പറ്റിക്കഴിഞ്ഞു. സത്യന്റെ ഒരു മാനുഷികമുഖമായിരുന്നു അത്. എവിടെയും സ്വയം കാറോടിച്ചുപോകാനിഷ്ടപ്പെട്ടിരുന്ന സത്യന്, സമാനഹൃദയർ കൂടെയുണ്ടെങ്കിൽ ഏറ്റവുമിഷ്ടം കവിതകൾ ഈണത്തിൽ ചൊല്ലാനും സാഹിത്യചർച്ചകൾ നടത്താനുമായിരുന്നത്രേ. വായന അദ്ദേഹത്തിന്റെ ജീവിതചര്യയുടെ ഭാഗമായിരുന്നു. വൈവിധ്യമാർന്ന ജീവിതമുഖങ്ങളെ തന്മയത്വമായി ആവിഷ്കരിക്കുന്നതിൽ അത് അദ്ദേഹത്തെ ഏറെ പ്രാപ്തനാക്കിയിട്ടുണ്ടാവണം.

എല്ലാ പ്രതിബന്ധങ്ങളെയും സത്യൻ സധൈര്യം നേരിട്ടു. രക്താർബുദം തന്നെ പിടിമുറുക്കിക്കഴിഞ്ഞിരിക്കുന്നുവെന്നു വളരെ നേരത്തേയറിഞ്ഞിട്ടും അഭിനയത്തോടുള്ള അടങ്ങാത്ത അഭിനിവേശം അദ്ദേഹം കൈവിട്ടില്ല. വാക്കുറപ്പിച്ച സിനിമകളോടുള്ള പ്രതിബദ്ധതയായിരുന്നു മുന്നിൽ. സംവിധായകരോടും നിർമാതാക്കളോടും അദ്ദേഹം തിരക്കുകൂട്ടി. അവസാനനാളുകളിൽ ഓരോ ദിവസവും താൻ പൂർത്തിയാക്കിയവയും പാതി മുഴുമിപ്പിച്ചവയുമായ സിനിമകളുടെ സെറ്റിൽനിന്നു ഡയാലിസിസിനായി മദ്രാസിലെ ഹോസ്പിറ്റലിലേക്കും തിരിച്ചും അദ്ദേഹം തിരക്കിട്ടോടുകയായിരുന്നു. അപ്പോഴും ഒറ്റയ്ക്കുതന്നെ, സ്വയം കാറോടിച്ച്.

ഒന്നാലോചിച്ചാൽ സത്യന്റെ ജീവിതം ഒരു ഒറ്റയാൾപ്പോരാട്ടമായിരുന്നു. കാണെക്കാണെ അദ്ദേഹത്തിന്റെ അഭിനയത്തിൽ ഊറിക്കൂടിവന്ന നാടകാംശത്തെ വിമർശകർ ഉയർത്തിക്കാട്ടുമ്പോഴും നാം മറക്കരുതാത്ത ഒരു കാര്യമുണ്ട്: അതുവരെയുണ്ടായിരുന്ന എല്ലാ നായകസങ്കല്പങ്ങളെയും പൊളിച്ചെഴുതിയ ആളാണു സത്യൻ. ഓരോ കഥാപാത്രത്തിനും അദ്ദേഹം ഒരു മനുഷ്യമുഖം സമ്മാനിച്ചു. മലയാളസിനിമ ഇനിയുമെത്ര വളർന്നാലും ആ മഹാനടൻ കാത്തുവച്ച വേറിട്ട ചില രംഗമുഹൂർത്തങ്ങളും നിരയൊത്ത പല്ലുകളാൽ അദ്ദേഹം വിരിയിച്ച കുലീനമായ ചിരിയുടെ മാസ്മരികഭംഗിയും മലയാളിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. ∎

Deepanalam Weekly
RNI No : 16998/68
Vol. 54 No. 12 Date of Publication 17 June 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# Rosarian Congregation



പരിശുദ്ധ അമ്മയ്ക്കു സമർപ്പിതമായിരിക്കുന്ന റൊസേരിയൻ കോൺഗ്രിഗേഷനിൽ ചേർന്നു സമർപ്പണ ജീവിതം നയിക്കുവാൻ അഭിലഷിക്കുന്ന യുവാക്കളെ ഹാർദ്ദമായി ക്ഷണിക്കുന്നു.

വിദ്യാഭ്യാസയോഗ്യത: എസ്.എസ്.എൽ.സിയോ അതിലുപരിയോ ആകാം.

CONTACT NUMBERS
Fr. P.V. Mathew CR........6282358070
Fr. Thomas CR............. 9778323496
Fr. Juby CR...................8078991952
Fr. Jojo CR....................9895459344

# വചന ക്ലോക്കുകൾ

ഓരോ മണിക്കൂർ ഇടവിട്ട്
(രാവിലെ 5 മുതൽ രാത്രി 10 വരെ)
ഭക്തിഗാനവും ദൈവവചനവും കേൾക്കാൻ കഴിയുന്ന ക്ലോക്കുകൾ

വ്യത്യസ്ത മോഡലുകളിൽ




വിശേഷ സന്ദർഭങ്ങളിൽ കൊടുക്കുവാൻ
ഒരു ഉത്തമ സമ്മാനം

പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ ലഭ്യമാണ്
PH: 04822 215321
www.stthomasbookstall.com
Email: stbookstallpala@gmail.com

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.




# ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001:2015
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822 262835


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org